# മാനന്തവാടി രൂപതാ ബുള്ളറ്റിന്‍

**"ദൈവത്തോട് ചേര്‍ന്നു നില്‍ക്കുവിന്‍;
അവിടുന്ന് നിങ്ങളോടും
ചേര്‍ന്നു നില്‍ക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 09 ഒക്ടോബര്‍ – 2018 ലക്കം 10**

| ഒറ്റപ്രതി 10 രൂപ | വാര്‍ഷിക വരിസംഖ്യ 120 രൂപ |
| --- | --- |

# ഉള്ളടക്കം


| | |
|---|---|
| സർക്കുലർ .............................................. | 05 |
| സർക്കുലർ .............................................. | 08 |
| ആഗോളമിഷൻദിനം .............................................. | 12 |
| രൂപതാകച്ചേരി വാർത്തകൾ .............................................. | 18 |
| പൊതുപിരിവുകൾ .............................................. | 20 |
| വിദ്യാഭ്യാസ സഹായനിധി .............................................. | 21 |
| വൈദികരുടെ മാസധ്യാനം .............................................. | 25 |
| യുവജനവർഷം .............................................. | 26 |
| ബൈബിൾ അപ്പോസ്റ്റലേറ്റ് .............................................. | 28 |
| മതബോധനരംഗം .............................................. | 30 |
| ചെറുപുഷ്പമിഷൻലീഗ് .............................................. | 32 |
| *Department of Youth Ministry* .............................................. | 35 |
| കെ.സി.വൈ.എം. .............................................. | 36 |
| കുടുംബപ്രേഷിതത്വം .............................................. | 40 |
| സീയോൻ വാർത്തകൾ .............................................. | 44 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി .............................................. | 46 |
| സാമൂഹ്യ സേവനരംഗം (WSSS) .............................................. | 49 |
| ബയോവിൻ അഗ്രോ റിസർച്ച് .............................................. | 52 |
| പ്രോ-ലൈഫ് .............................................. | 57 |
| റേഡിയോ മാറ്റൊലി .............................................. | 59 |
| നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി .............................................. | 65 |
| Mary Matha Arts & Science College .............................................. | 66 |
| ഡി.എഫ്.സി. .............................................. | 67 |
| ഡിക്രി - ക്രിസ്തുദാസി സിസ്റ്റേഴ്സ് .............................................. | 69 |
| പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .............................................. | 72 |
| ബിഷപ്പ്സ് പ്രോഗ്രാം .............................................. | 73 |

# സർക്കുലർ

***Circular Letter No. 06/2018***
***Prot. No. 21273/2018***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടരേ,

2018 ഓഗസ്റ്റ് മാസത്തിൽ കേരളം അനുഭവിച്ച പ്രളയദുരിതം അടുത്തെങ്ങും ഉണ്ടാകാത്ത തരത്തിലുള്ളതായിരുന്നല്ലോ. അതിന്റെ ഞെട്ടലിൽ നിന്ന് ഇതുവരെ നമ്മൾ പുറത്തുകടന്നിട്ടില്ല. ഇപ്പോഴും പലരും ഇനിയെന്ത് എന്ന ചോദ്യത്തിനു മുമ്പിൽ ഉത്തരം കിട്ടാതെ പകച്ച് നിൽക്കുകയാണ്. ജീവിതത്തിൽ സമ്പാദിച്ചതെല്ലാം ഒറ്റ നിമിഷംകൊണ്ട് നഷ്ടപ്പെട്ടവർ ധാരാളമുണ്ട്.

മാനന്തവാടി രൂപതാതിർത്തിയിൽപ്പെട്ട പ്രദേശങ്ങളിലും ദുരിതം ഒട്ടും കുറവായിരുന്നില്ല. എങ്കിലും നമ്മുടെ ആവശ്യനേരത്ത് സഹായ ഹസ്തവുമായി ഓടിയെത്തിയവർ നിരവധിയായിരുന്നു. അക്കൂട്ടത്തിൽ സ്വദേശത്തും വിദേശത്തും ഉള്ളവർ ഉണ്ടായിരുന്നു. എവിടെയൊക്കെ മലയാളി ഉണ്ടോ അവിടെ നിന്നെല്ലാം ആരും ആവശ്യപ്പെടാതെതന്നെ ടൺ കണക്കിന് അവശ്യവസ്തുക്കളുമായി നമ്മുടെ സഹോദരങ്ങൾ ഓടിയെത്തി. അവരോടെല്ലാം നമുക്ക് നന്ദിയുള്ളവരായിരിക്കാം. അവർക്ക് വേണ്ടി പ്രാർത്ഥിക്കാം. ഇനിയും ഇത്തരം പ്രതിഭാസങ്ങളിൽ നിന്ന് നമ്മളെയും അവരേയും രക്ഷിക്കണമേയെന്ന് പരമകാരുണികനായ ദൈവത്തോട് പ്രാർത്ഥിക്കാം.

ജാതിയ്ക്കും മതത്തിനും ദേശത്തിനും എല്ലാം അതീതമായി നമ്മൾ ഒന്നിച്ച സമയമായിരുന്നു പ്രളയത്തിന്റേത്. മതിലുകളെല്ലാം വെള്ളപ്പൊക്കത്തിൽ തകർന്നുവീണു. പണ്ഡിതനും പാമരനും സമ്പന്നനും ദരിദ്രനും എല്ലാം ഒരുപോലെ ജീവൻ രക്ഷിക്കാനുള്ള തത്രപ്പാടിലായിരുന്നു. ഒരിക്കലും നമുക്ക് ഉപകാരപ്പെടില്ല എന്ന് കരുത പ്പെട്ടവർ ദൈവദൂതന്മാരെപ്പോലെയായ കാഴ്ചയും നമ്മൾ കണ്ടു. ഈ ഒരുമയും കൂട്ടായ്മയും പരസ്പര സഹായസന്നദ്ധതയും എന്നുമുണ്ടാ കട്ടെയെന്ന് നമുക്ക് ആശംസിക്കാം. വിവാദങ്ങൾക്കും വിഭാഗീയത കൾക്കും വിടകൊടുത്ത് എല്ലാ കാര്യത്തിന്റെയും നല്ലവശം കാണാൻ

കഴിയുമ്പോൾ നന്മ കവിഞ്ഞൊഴുകും എന്ന് അനുഭവം നമ്മെ പഠിപ്പിച്ചു. ആ പാഠം നമുക്കൊരു ശീലമാക്കാം.

മഴ നിന്നെങ്കിലും ദുരിതത്തിലൂടെ കടന്നുപോയവരുടെ അത്യാവശ്യങ്ങൾപോലും ഇതുവരെ പൂർണ്ണമായി നിർവ്വഹിക്കപ്പെട്ടിട്ടില്ല എന്ന് നമുക്കറിയാം. പലർക്കും കയറിക്കിടക്കാൻ ഉറപ്പുള്ള വീടില്ല. ഉള്ള വീട് വാസയോഗ്യവുമല്ല. ചിലർക്കാകട്ടെ വീട് പോയില്ലെങ്കിലും മണ്ണ് നിരങ്ങി നീങ്ങിയതുകൊണ്ട് ഉള്ള വീട്ടിലേക്ക് തിരികെ ചെല്ലാൻ ഭയമാണ്, അല്ലെങ്കിൽ അത് അപകടമാണ്. പലരുടെയും കൃഷിയും കൃഷിസ്ഥലം തന്നെയും നഷ്ടമായി. അവർക്കൊരു ജീവനമാർഗ്ഗം കണ്ടെത്തണമെങ്കിൽ വളരെ സമയമെടുക്കും. അങ്ങനെയുള്ളവർക്ക് ഇനിയും നമ്മുടെ സഹായം അത്യാവശ്യമാണ്.


അത്യാവശ്യങ്ങൾ വരുമ്പോൾ ആഡംബരങ്ങളും ചിലപ്പോൾ ആവശ്യങ്ങൾ തന്നെയും മാറ്റി വയ്ക്കപ്പെടും എന്നത് ഒരു സാമാന്യ തത്വം മാത്രമാണ്. അത് അതിജീവനത്തിന്റെ ബാലപാഠവുമാണ്. ഈ പ്രളയകാലത്ത് അത് നാം കണ്ടുകഴിഞ്ഞു. നമുക്ക് അത്യാവശ്യമല്ലാത്ത കാര്യങ്ങൾ ധാരാളമുണ്ട് എന്ന് ഞാൻ പറയേണ്ട കാര്യമില്ലല്ലോ. നമ്മുടെ തിരുനാളുകളോട് അനുബന്ധിച്ചുള്ള പണം മുടക്കുള്ള ആഘോഷങ്ങൾ അത്തരത്തിലുള്ളവയാണ് എന്ന് പറയാം. അങ്ങനെയെങ്കിൽ അക്കാര്യത്തിൽ ഒരു ചിലവ് ചുരുക്കൽ ചിന്തിക്കാവുന്നതാണ് എന്ന് തോന്നുന്നു. നിങ്ങൾ സഹകരിക്കും എന്നെനിക്ക് ഉത്തമ ബോധ്യമുണ്ട്. ഇക്കാര്യം പൊതുവായി എല്ലാവരേയും അറിയിക്കുന്നത് നന്നായിരിക്കും എന്ന് പലരും എന്നോട് പറയുകയുണ്ടായി. അതനുസരിച്ചാണ് ഈ കത്ത് ഞാനെഴുതുന്നത്.

തിരുനാളിനോടനുബന്ധിച്ചുള്ള വാർഷികങ്ങളും കലാപരിപാടികളും വർണ്ണശബളമായ പ്രദക്ഷിണങ്ങളും ഒഴിവാക്കുന്നത് നല്ലതായിരിക്കും. വളരെയേറെ സാമ്പത്തിക ചിലവുവരുന്നതും അന്തരീക്ഷം മലിനമാക്കുന്നതുമായ വെടിക്കെട്ടുകളുടെ കാര്യവും അങ്ങനെതന്നെ. ഇപ്രകാരം ഈ വർഷത്തെ തിരുനാളുകളോടനുബന്ധിച്ചുള്ള പണച്ചെലവുകൾ നിയന്ത്രിച്ച് മിച്ചം വരുന്ന തുക നമ്മുടെ രൂപതയിലെ ഭവനരഹിതർക്കും ജീവനമാർഗ്ഗം നഷ്ടപ്പെട്ടവർക്കും കൊടുക്കാൻ സാധിച്ചാൽ അത് വലിയൊരു സാക്ഷ്യമായിരിക്കും എന്നത് സുനിശ്ചിതമാണ്. തിരുനാളുകൾ മാത്രമല്ല സന്യസ്ത ഭവനങ്ങളിലും, കുടുംബങ്ങളിലും, വ്യക്തിജീവിതങ്ങളിലും മറ്റും ഉണ്ടാകാവുന്ന ആഘോഷങ്ങളുടെ

കാര്യത്തിലും ഇതേ ആശയം പ്രാവർത്തികമാക്കുന്നത് നല്ലതായിരിക്കും എന്ന്ഞാൻ കരുതുന്നു. അതിനായി ഏവരേയും ക്ഷണിക്കുന്നു. നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന കർത്താവിന്റെ പ്രബോധനം നമ്മൾ ജീവിച്ച് കാണിച്ച് കൊടുക്കുന്നതിലും വലിയ വിശ്വാസ ജീവിതമില്ലല്ലോ.

ഇതുവരെ നിങ്ങൾ നല്കിയ എല്ലാ സഹകരണത്തിനും ഹൃദയപൂർവ്വം നന്ദി പറയുകയും തുടർന്നും അപ്രകാരം പ്രതീക്ഷിക്കുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടി ഉണ്ടായിരിക്കുകയും ചെയ്യട്ടെ.

മാനന്തവാടി രൂപതാകാര്യാലയത്തിൽ നിന്നും 2018 സെപ്റ്റംബർ മാസം 6 –ന് നല്കപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2018 സെപ്റ്റംബർ 9 ന് ഞായറാഴ്ച എല്ലാ ഇടവക പള്ളികളിലും വിശ്വാസി സമൂഹത്തെ പങ്കെടുപ്പിച്ചു കൊണ്ട് വിശുദ്ധ കുർബാന അർപ്പിക്കുന്ന മറ്റെല്ലായിടത്തും വി.കുർബാന മദ്ധ്യേ വായിച്ചിട്ടുണ്ടാകുമല്ലോ.**

# സർക്കുലർ

**Prot. No. 1733/2018** **21 September 2018**

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ!

രണ്ട് പ്രധാനപ്പെട്ട സമ്മേളനങ്ങളിൽ സംബന്ധിക്കുന്നതിന് സെപ്റ്റംബർ 24-ാം തീയതി തിങ്കളാഴ്ച ഞാൻ റോമിലേയ്ക്ക് പുറപ്പെടുകയാണ്. നവംബർ 3-ാം തീയതി മാത്രമേ തിരിച്ചെത്തുകയുള്ളൂ. ആദ്യത്തെ സമ്മേളനം സെപ്റ്റംബർ 25 മുതൽ 28 വരെയുള്ളത് സഭൈക്യത്തിനുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന്റേതാണ്. ഈ കൗൺസിലിൽ ഞാനൊരു അംഗമാണെന്ന് നിങ്ങളിൽ കുറെ പേർക്കെങ്കിലും അറിയാമല്ലൊ. രണ്ടാമത്തെ സമ്മേളനം ഒക്ടോബർ 3 മുതൽ 28 വരെ നടക്കുന്ന സിനഡാണ്. 'യുവജനങ്ങൾ വിശ്വാസവും ദൈവവിളി വിവേചിച്ചറിയലും' എന്നതാണ് സിനഡിന്റെ ചർച്ചാവിഷയം. സിനഡിന് വേണ്ടിയുള്ള നമ്മുടെ സഭയിലെ ഒരുക്കങ്ങളിലെല്ലാം നിങ്ങളും പങ്കാളികളായിരുന്നല്ലൊ. നമ്മുടെ സഭയിൽ നിന്ന് അഭിവന്ദ്യ ജോസഫ് പണ്ടാരശ്ശേരിൽ, ജോസഫ് പാംപ്ലാനി എന്നീ പിതാക്കന്മാരും എന്നോടൊപ്പം സിനഡിൽ സംബന്ധിക്കുന്നുണ്ട്. കൂടാതെ, മലങ്കര സഭയിൽ നിന്ന് അഭിവന്ദ്യ കർദ്ദിനാൾ ബസേലിയൂസ് ക്ലീമീസ് പിതാവും ലത്തീൻ സഭയിൽ നിന്ന് 5 പിതാക്കന്മാരും പങ്കെടുക്കുന്നുണ്ട്. ഈ രണ്ട് പ്രധാനപ്പെട്ട സമ്മേളനങ്ങളുടെയും, വിശിഷ്യാ സിനഡിന്റെ വിജയത്തിനുവേണ്ടി നിങ്ങളെല്ലാവരും പ്രാർത്ഥിക്കണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

അടുത്ത കാലങ്ങളിൽ ഇന്ത്യയിലെ സഭയിൽ നടന്ന ചില സംഭവങ്ങൾ സഭാമക്കളായ നിങ്ങൾക്ക് വേദനയും ആശയക്കുഴപ്പവും ഉണ്ടാക്കിയിട്ടുണ്ടെന്ന് എനിക്കറിയാം. നിങ്ങളോടൊപ്പം ഞാനും വേദനിക്കുന്നുണ്ട്. ചില കാര്യങ്ങളിൽ ചിലർ എന്നെ പരാമർശിച്ചും തങ്ങളുടെ ആശങ്കകളും അഭിപ്രായങ്ങളും പ്രകടിപ്പിച്ചിട്ടുണ്ട്. മേജർ ആർച്ച് ബിഷപ്പ്

എന്ന നിലയിലുള്ള എന്റെ ചുമതലകൾ എന്റെ സഹപ്രവർത്തകരോടും പരിശുദ്ധ സിംഹാസനത്തോടു ബന്ധപ്പെട്ട ഉന്നത സഭാശുശ്രൂഷക രോടും ആലോചിച്ചാണ് ചെയ്തുവരുന്നത്. കുറവുകളുണ്ടാകുമ്പോൾ അവ പരിഹരിക്കുവാൻ പരിശ്രമിക്കുന്നുമുണ്ട്.

തെറ്റിദ്ധാരണകളും കുറ്റപ്പെടുത്തലുകളും ഉണ്ടാവുക മനുഷ്യ സഹജമാണ്. നമ്മുടെ കർത്താവും രക്ഷകനുമായ ഈശോയാണ് ഏറ്റവും അധികം തെറ്റിദ്ധരിക്കപ്പെട്ടവൻ. ഏറ്റവുമധികം കുറ്റപ്പെടുത്ത പ്പെട്ടവനും അവിടുന്നു തന്നെയാണ്. പീലാത്തോസിനോടോ, ഹേറോ ദോസിനോടോ, തന്റെ ശിഷ്യന്മാരോടു തന്നെയുമോ എല്ലാം വെളിപ്പെ ടുത്തി തന്റെ ജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ അവിടുന്ന് ഒരുമ്പെട്ടതായി കാണുന്നില്ല. തന്റെ പ്രതിയോഗികളുടെ ഉപജാപങ്ങളും ഗൂഡാലോചനകളും മൂലം നിഷ്ഠൂരമായ പീഡനങ്ങൾക്കും കുരിശുമര ണത്തിനും അവിടുന്ന് വിധേയനായി. ആ സഹനവും മരണവും മനുഷ്യ രക്ഷയ്ക്ക് കാരണമായി തീർന്നു എന്നതാണ് നമ്മുടെ വിശ്വാസത്തിന്റെ സവിശേഷത.

ചില സമീപകാല സംഭവങ്ങൾ ചിലർക്കൊക്കെ ഉതപ്പിന് കാരണ മായെന്നും മനസ്സിലാക്കുന്നു. ഉതപ്പുകളെക്കുറിച്ച് ഈശോ പറയുന്നതി പ്രകാരമാണ്: "ദുഷ്പ്രേരണകൾ ഉണ്ടാകാതിരിക്കുക അസാദ്ധ്യം. എന്നാൽ, ആർമൂലം അവ ഉണ്ടാകുന്നുവോ അവനു ദുരിതം" (ലൂക്കാ 17:1). മനുഷ്യസമൂഹത്തിൽ എല്ലാക്കാലത്തും ഇടർച്ചയുണ്ടാക്കുന്ന സംഭവങ്ങൾ അരങ്ങേറിയിട്ടുണ്ട്. അതീവഗുരുതരങ്ങളായവയും സംഭവി ച്ചിട്ടുണ്ട്. അതിന്റെ പേരിൽ ഇടർച്ചയ്ക്ക് കാരണമാകുന്ന സംഭവങ്ങളെ ന്യായീകരിക്കാൻ നമുക്ക് സാധിക്കുകയില്ല. ഇടർച്ചകൾ ഉണ്ടാകാതിരി ക്കാൻ നാം ശ്രദ്ധിക്കുകയാണ് വേണ്ടത്. ഇടർച്ചയ്ക്കു കാരണമാകുന്ന സംഭവങ്ങളിൽ എപ്രകാരം പ്രതികരിക്കണമെന്നും പരിഹാരങ്ങൾ കാണണമെന്നും അടുത്തകാലത്തെ സംഭവവികാസങ്ങളുടെ വെളിച്ച ത്തിൽ എല്ലാവരും ചിന്തിക്കുന്നതും ആരോഗ്യകരമായ സമീപനങ്ങൾ സ്വീകരിക്കുന്നതും നന്നായിരിക്കും. ഇപ്പോൾ നടക്കുന്ന രീതികൾ സഭയുടെ സന്ദേശത്തിനോ സാക്ഷ്യത്തിനോ നിരക്കുന്നവയാണോ എന്നും പരിശോധിക്കേണ്ടിയിരിക്കുന്നു. സമൂഹത്തിലും സഭയിലും വിവാദങ്ങളൊ ഇടർച്ചകളൊ ഒക്കെ ഉണ്ടാകുമ്പോൾ നമ്മുടെ വിശ്വാസം പരീക്ഷിക്കപ്പെടുന്നുണ്ട്. എന്നാൽ, പരീക്ഷണങ്ങളിൽ പരാജയപ്പെ ടേണ്ടവരല്ല നമ്മൾ. ഇശോയ്ക്കും തന്റെ പരസ്യ ജീവിതത്തിൽ

പരീക്ഷണങ്ങൾ ഉണ്ടായിരുന്നല്ലോ. നഷ്ടധൈര്യനാകാതെ തന്റെ പിതാവായ ദൈവത്തിലാശ്രയിച്ച് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പരീക്ഷണങ്ങളെയെല്ലാം വിജയത്തിന്റെ വഴിത്താരയാക്കി അവിടുന്ന് മാറ്റി. സഭയും എല്ലാക്കാലങ്ങളിലും പരീക്ഷണങ്ങളെ നേരിട്ടിട്ടുണ്ട്. ഒരു വ്യക്തിക്കോ ഏതാനും പേർക്കോ ഉണ്ടാകുന്ന വീഴ്ച സഭ മുഴുവന്റെയും വീഴ്ചയോ പരാജയമോ ആയി കാണുന്നത് ശരിയല്ല. ഇക്കാലത്ത് സഭ നേരിടുന്ന പരീക്ഷണങ്ങളെ സധൈര്യം നേരിടുവാൻ നമുക്ക് സഭയോടൊത്തു നിൽക്കാം. ഭഗ്നാശരാകാതെ വിശ്വാസത്തിൽ അടിയുറച്ച് നിന്നുകൊണ്ട് പരിശുദ്ധാത്മാവ് നൽകുന്ന പ്രത്യാശയോടെ നമുക്ക് പരീക്ഷണങ്ങളെ വിജയിക്കാം. ദൈവവചനത്തിലും പ്രാർത്ഥനയിലും നാം ശക്തി സംഭരിക്കണം.

ആഗസ്റ്റു മാസത്തിലെ പ്രകൃതി ദുരന്തങ്ങളെ സൃഷ്ടപ്രപഞ്ചത്തിന്റെ പരിമിതിയുടെ വെളിപ്പെടുത്തലുകളായിട്ടാണ് നാം കാണേണ്ടത്. മനുഷ്യർക്ക് രോഗങ്ങളും തെറ്റുകളും കുറ്റങ്ങളും ഒക്കെ ഉള്ളതുപോലെ പ്രപഞ്ചത്തിനും അതിന്റെ പ്രയാണത്തിൽ വ്യതിചലനങ്ങൾ ഉണ്ടാകുന്നു. അത്തരം വ്യതിചലനങ്ങളായിട്ടുവേണം ഭൂകമ്പങ്ങളെയും പ്രളയത്തെയും ഉരുൾപൊട്ടലുകളെയും ചുഴലിക്കാറ്റുകളെയും മറ്റ് സമാന പ്രതിഭാസങ്ങളേയും നാം കാണുവാൻ. മനുഷ്യരുടെ തിന്മകളും രോഗങ്ങളും നാം പരിഹരിക്കുന്നതിന് പരിശ്രമിക്കുന്നതുപോലെതന്നെ പ്രപഞ്ചത്തിനുണ്ടാകുന്ന കെടുതികളേയും എറ്റെടുത്ത് പരിഹാരം കണ്ടെത്തുവാൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരമുള്ള എല്ലാ പരിശ്രമങ്ങളിലും ദൈവപരിപാലനയിൽ ആശ്രയിച്ച് പ്രത്യാശയോടെ സമൂഹത്തിന്റെ പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തനനിരതരാകേണ്ടവരാണ് നമ്മൾ. ക്രൈസ്തവിശ്വാസം അതിന് നമുക്ക് ശക്തി പകരണം.

പ്രളയക്കെടുതിയിൽ സഭയുടെ എല്ലാ ഭാഗങ്ങളിലും നിന്നും ഉണ്ടായ ദുരിതാശ്വാസപ്രവർത്തനങ്ങൾ അഭിനന്ദനീയമാണ്. അവയെക്കുറിച്ച് നിങ്ങൾ ബോധവാന്മാരാണെന്നു ഞാൻ കരുതുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് KCBC നൽകിയ ഒരുകോടി രൂപയിൽ സീറോ മലബാർ സഭയുടെ വിഹിതമായ 50 രക്ഷം രൂപ നമ്മുടെ സാമൂഹ്യ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന 'സ്പന്ദൻ' വഴി ലഭിച്ച സംഭാവനയിൽനിന്നും നൽകിയിട്ടുണ്ട്. ബാക്കിയുള്ള തുക മുഖ്യമന്ത്രിയുടെ ഫണ്ടിലേയ്ക്ക് നൽകുന്നതായിരിക്കും. ഇതിനു പുറമെ ഇപ്പോൾ ലഭ്യമായ കണക്കനുസരിച്ച് നൂറ്റി ഒൻപത് കോടി തൊണ്ണൂറ്റിയൊന്ന്

ലക്ഷത്തി പതിനായിരത്തി മുന്നൂറ്റി എൺപത്തിനാല് (109,91,10,384) രൂപയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സീറോമലബാർ സഭയിലെ വിവിധ രൂപതകളും ഇടവകകളും മേജർ സെമിനാരികളും സന്യാസ സമൂഹങ്ങളും അത്മായ സഹോദരങ്ങളും നിർവ്വഹിച്ചിട്ടുണ്ട്. ഇനിയും ഇരുന്നൂറിൽപരം കോടി രൂപയുടെ ദുരിതാശ്വാസ പദ്ധതികൾക്ക് വിവിധ രൂപതകളും സമർപ്പിത സമൂഹങ്ങളും പദ്ധതി തയ്യാറാക്കിയിട്ടുമുണ്ട്. സഭാമക്കളുടെ കഠിനാദ്ധ്വാനവും കാരുണ്യപ്രവർത്തനങ്ങളും തുടർന്നും ഉണ്ടാകണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

എന്റെ യാത്രയും റോമിലെ ശുശ്രൂഷകളും ഫലപ്രദമായി നിർവ്വഹിക്കുന്നതിന് നിങ്ങൾ എല്ലാവരും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

**കർദ്ദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

---

**NB:- ഈ സർക്കുലർ 2018 ഒക്ടോബർ 7–ാം തീയതി ഞായറാഴ്ച ദൈവാലയങ്ങളിൽ വായിക്കേണ്ടതാണ്. ഇതിന്റെ ഉള്ളടക്കം രൂപതകളുടെയും സമർപ്പിതസമൂഹങ്ങളുടെയും പ്രസിദ്ധീകരണങ്ങളിൽ നൽകുന്നതു നന്നായിരിക്കും.**

Ref: 3141/K-5/KCBC/OL/DS

# ആഗോളമിഷൻദിനം-2018

## ഫ്രാൻസിസ് മാർപാപ്പയുടെ സന്ദേശം

*'നമുക്ക് യുവജനങ്ങളോടൊപ്പം എല്ലാവർക്കും സുവിശേഷം എത്തിച്ചു കൊടുക്കാം'*

പ്രിയ യുവജനങ്ങളേ, ക്രിസ്തുവിൽ നിന്ന് നാം സ്വീകരിച്ച സുവിശേഷ ദൗത്യത്തെക്കുറിച്ച് നിങ്ങളോടുകൂടെ ചിന്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സഭയിൽ ദൈവമക്കളെന്ന നിലയിൽ സാഹസിക ജീവിതം നയിക്കുന്ന എല്ലാ ക്രൈസ്തവരെയും നിങ്ങളോടു സംസാരിക്കുമ്പോൾ ഞാൻ അഭിസംബോധന ചെയ്യുന്നുണ്ട്. ക്രൈസ്തവ വിശ്വാസം യേശു നമ്മെ ഏല്പിച്ച ദൗത്യത്തോടു തുറവിയുള്ളതാകുമ്പോൾ നിത്യയൗവനത്തിൽ നിലനില്ക്കുമെന്നുള്ളത് തീർച്ചയാണ്. വിശുദ്ധ ജോൺപോൾ രണ്ടാമന്റെ വാക്കുകളിൽ പറഞ്ഞാൽ "മിഷൻ വിശ്വാസത്തെ പുനരുജീവിപ്പിക്കുന്നു" (രക്ഷകന്റെ മിഷൻ 2). യുവജനത്തോട് വലിയ സ്നേഹവും താത്പര്യവും കാണിച്ചിരുന്ന മാർപാപ്പയായിരുന്നല്ലോ അദ്ദേഹം.

വരുന്ന മിഷൻമാസമായ ഒക്ടോബറിൽ ഒരു സൂനഹദോസ് റോമിൽ വച്ചു നടത്തും. കർത്താവായ യേശു യുവജനങ്ങളേ, നിങ്ങളോടും നിങ്ങളിലൂടെ എല്ലാ ക്രൈസ്തവ സമൂഹങ്ങളോടും, വിശ്വാസത്തെ കൂടുതൽ പൂർണമായി ഗ്രഹിക്കാൻ കർത്താവായ യേശുവിന് പറയാനുള്ളത് എന്താണെന്ന് വിശ്വാസത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കാനുള്ള ഒരു അവസരമാകും അത്.

**ജീവിതം ഒരു മിഷനാണ്**

ഓരോ സ്ത്രീയും പുരുഷനും മിഷനാണ്. ഈ ലോകത്തിലുള്ള നമ്മുടെ ജീവിതത്തിന്റെ കാരണം അതാണ്. *ആകർഷിക്കപ്പെടുക, അയയ്ക്കപ്പെടുക* എന്നീ രണ്ടു കാര്യങ്ങൾ നമ്മുടെ ഹൃദയത്തിൽ സ്നേഹത്തിന്റെ ആന്തരിക ശക്തികളായി നമുക്ക് അനുഭവപ്പെടും – പ്രത്യേകിച്ച് ചെറുപ്പത്തിൽ. അവ നമ്മുടെ ഭാവിയുടെ വാഗ്ദാനവും ജീവിതത്തിന് മാർഗദർശനവും നല്കുന്നു. ജീവന്റെ ശക്തി നമ്മിൽ പ്രവേശിക്കുകയും ആകർഷിക്കുകയും ചെയ്യുന്നതായി മറ്റുള്ള ആരെയുംകാൾ കൂടുതലായി യുവജനങ്ങൾക്കു തോന്നും. ലോകത്തോട് നമുക്കുള്ള ഉത്തരവാദിത്വം സന്തോഷപൂർവം ജീവിക്കുകയെന്നത് വലിയൊരു

വെല്ലുവിളിയാണ്. യൗവനത്തിന്റെ പ്രകാശത്തെയും നിഴലുക ളെയുംകുറിച്ച് എനിക്ക് നന്നായിട്ട് അറിയാം. ഞാൻ എന്റെ യൗവന കാലത്തെയും എന്റെ കുടുംബത്തെയും പറ്റി ചിന്തിക്കുമ്പോൾ കൂടുതൽ നല്ല ഭാവിക്കുവേണ്ടിയുള്ള എന്റെ പ്രത്യാശയുടെ ശക്തി ഞാൻ ഓർമ്മി ക്കുന്നു. നമ്മുടെതന്നെ തിരഞ്ഞെടുപ്പുകൊണ്ടല്ല നമ്മൾ ഈ ലോക ത്തിലായിരിക്കുന്നത്. നമുക്ക് മുമ്പേയുള്ള ഒരു പ്രാരംഭശക്തിയു ണ്ടെന്നും അത് നമുക്ക് അസ്തിത്വം നല്കുന്നുവെന്നുമുള്ള ബോധം ആ വസ്തുത നമുക്കു നല്കുന്നു. നമ്മിൽ ഓരോരുത്തരും ഈ വസ്തുതയെക്കുറിച്ചു ചിന്തിക്കണം: "ഞാൻ ഈ ലോകത്തിൽ ഒരു മിഷനാണ്. ഞാൻ ഈ ലോകത്തിലായിരിക്കുന്നതിന്റെ കാരണം അതാണ്" (സുവിശേഷത്തിന്റെ സന്ദേശം 273).

**നാം യേശുക്രിസ്തുവിനെ പ്രഘോഷിക്കുന്നു**

സഭ താൻ സൗജന്യമായി സ്വീകരിച്ചത് പ്രഘോഷിക്കുന്നു (cf മത്താ 10:8; അപ്പ 3:6). അങ്ങനെ ചെയ്തുകൊണ്ട്, നമ്മുടെ ജീവിത ത്തിന് ഈ ലോകത്തിൽ അർത്ഥം നല്കുന്ന വഴിയും സത്യവും യുവജനമായ നിങ്ങളുമായി പങ്കുവയ്ക്കാൻ കഴിയും. സത്യത്തിന്റേതും നിറവേറലിന്റേതുമായ ഈ സന്ദേശം കണ്ടെത്താനും പ്രഘോഷി ക്കാനും നമുക്കുവേണ്ടി മരിക്കുകയും ഉയിർക്കുകയും ചെയ്ത യേശു ക്രിസ്തു നമ്മുടെ സ്വാതന്ത്ര്യത്തോട് ആവശ്യപ്പെടുകയും നമ്മെ വെല്ലു വിളിക്കുകയും ചെയ്യുന്നു. പ്രിയ യുവജനമേ, ക്രിസ്തുവിനെയും സഭ യെയും ഭയപ്പെടേണ്ട. എന്തെന്നാൽ ജീവിതത്തെ സന്തോഷം കൊണ്ടു നിറയ്ക്കുന്ന നിധി അവിടെ നമ്മൾ കണ്ടെത്തുന്നു. എന്റെ അനുഭവ ത്തിൽ നിന്നു തന്നെ ഇക്കാര്യം നിങ്ങളോടു പറയാൻ എനിക്ക് സാധിക്കും. വിശ്വാസത്തിന്റെ സഹായത്താൽ എന്റെ സ്വപ്നങ്ങളുടെ തീർച്ചയുള്ള അടിസ്ഥാനവും അവയെ യാഥാർഥ്യമാക്കാൻ വേണ്ട ശക്തിയും ഞാൻ കണ്ടെത്തി.

നമ്മുടെ അനേകം സഹോദരങ്ങളുടെ മുഖങ്ങൾ വലിയ സഹ നവും ദാരിദ്ര്യവും കൊണ്ട് വികലമാക്കപ്പെട്ടതായി ഞാൻ കണ്ടിട്ടുണ്ട്. എന്നാലും യേശുവിന്റെയടുത്തു നില്ക്കുന്നവർക്കു തിന്മ തന്നെ വലിയ സ്നേഹത്തിനുള്ള പ്രചോദനമാണ്. സുവിശേഷത്തോടുള്ള സ്നേഹം കൊണ്ട് അനേകം സ്ത്രീപുരുഷന്മാരും അനേകം യുവജനങ്ങളും ഉദാരതയോടെ തങ്ങളെത്തന്നെ ബലികഴിച്ചിട്ടുണ്ട് – ചിലപ്പോൾ രക്ത സാക്ഷികളാകുകപോലും ചെയ്തിട്ടുണ്ട്. യേശുവിന്റെ കുരിശിൽ നിന്ന് ആത്മബലിയുടെ യുക്തി നാം പഠിക്കുന്നു (cf 1 കോറി 1:17–25). ലോക ത്തിന്റെ ജീവനുവേണ്ടിയുള്ള സുവിശേഷ പ്രഘോഷണമാണത്

(cf യോഹ 3:16). ക്രിസ്തുവിനോടുള്ള സ്നേഹാഗ്നിയാൽ കത്തിക്കപ്പെടുക, ആ അഗ്നിയാൽ വിഴുങ്ങപ്പെടുക, അതിന്റെ പ്രകാശത്താൽ മനസ്സിലാക്കൽ പ്രക്രിയയിൽ വളരുക, അതിന്റെ സ്നേഹത്താൽ ചൂടുള്ളവരായിരിക്കുക (cf 2 കോറി 5:14). ദൈവത്തിന്റെ വിസ്തൃത ചക്രവാളത്തിലേക്ക് നമ്മെ തുറക്കുന്ന വിശുദ്ധരുടെ പാഠശാലയിൽ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. “ക്രിസ്തു എന്റെ സ്ഥാനത്തായിരുന്നെങ്കിൽ അവിടുന്ന് എന്തു ചെയ്യുമായിരുന്നു?” എന്ന വിസ്മയത്തിൽ നിർത്താതിരിക്കാനാണ് ഞാൻ ക്ഷണിക്കുന്നത്.

**വിശ്വാസത്തെ ലോകത്തിന്റെ അതിരുകളിലേക്ക് പകരുക**

യുവസുഹൃത്തുക്കളേ, നിങ്ങളും മാമ്മോദീസവഴി സഭയുടെ ജീവിക്കുന്ന അംഗങ്ങളായി. അതോടെ എല്ലാവർക്കും സുവിശേഷം എത്തിച്ചുകൊടുക്കാനുള്ള ദൗത്യം നമ്മൾ സ്വീകരിച്ചിട്ടുണ്ട്. നിങ്ങൾ ജീവിതത്തിന്റെ പടിവാതുക്കലാണ്. സഭയുടെ കൂദാശകൾ, നമുക്ക് നല്കപ്പെട്ട വിശ്വാസത്തിന്റെ കൃപാവരത്തിൽ വളരുന്നതിന്, സാക്ഷികളുടെ മഹത്തായ പ്രവാഹത്തിലേക്ക് നമ്മെ മുക്കുന്നു. തലമുറതോറും കൂടുതൽ പ്രായമുള്ളവരുടെ ജ്ഞാനവും അനുഭവവും, ഭാവിയിലേക്ക് നോക്കുന്നവർക്ക് സാക്ഷ്യവും പ്രോത്സാഹനവുമായിത്തീരാൻ ആ സാക്ഷികൾ ശക്തി നല്കും. ജീവിതയാത്രയുടെ അന്തിമഘട്ടത്തിലേക്കു അടുക്കുന്നവർക്ക് യുവജനത്തിന്റെ നവീനതയും ആവേശവും പിന്തുണയുടെയും പ്രത്യാശയുടെയും ഉറവിടമാക്കിമാറ്റും. ജീവിതത്തിലെ വ്യത്യസ്ത ഘട്ടങ്ങളുടെ ഈ ഇണക്കിച്ചേർക്കലിൽ സഭയുടെ മിഷൻ തലമുറകൾ തമ്മിലുള്ള പാലം പണിയും. നമ്മുടെ ദൈവവിശ്വാസവും അയൽക്കാരനോടുള്ള സ്നേഹവും അഗാധമായ ഐക്യത്തിന്റെ ഉറവിടമാകും.

വിശ്വാസത്തിന്റെ ഈ പകർന്നു നല്കൽ സഭയുടെ മിഷന്റെ കേന്ദ്രമാണ്. പകരാനുള്ള സ്നേഹത്തിന്റെ കഴിവിൽ നിന്നാണ് അത് ഉദ്ഭവിക്കുന്നത്. അവിടെ സന്തോഷവും ആവേശവും ജീവിതത്തിൽ പുതുതായി കണ്ടെത്തിയ അർത്ഥത്തിന്റെയും നിറവേറലിന്റെയും പ്രകടനമായിത്തീരുന്നു. ആകർഷണം വഴിയുള്ള വിശ്വാസത്തിന്റെ വ്യാപനത്തിന് തുറവുള്ളതും സ്നേഹത്താൽ വികസിക്കപ്പെട്ടതുമായ ഹൃദയങ്ങൾ വേണം. സ്നേഹത്തിന് അതിരുകല്പിക്കാൻ സാധ്യമല്ല. കാരണം, അത് മരണത്തെപ്പോലെ ശക്തമാണ് (cf ഉത്തമഗീതം 8:6). കണ്ടുമുട്ടൽ, സാക്ഷ്യം, പ്രഘോഷണം എന്നിവയെ ആ വ്യാപനം ഉത്പാദിപ്പിക്കുന്നു. വിശ്വാസത്തിൽ നിന്ന് അകലെയായിരിക്കുന്നവരും, നിസ്സംഗരായിരിക്കുന്നവരും ശത്രുതയോടെ വിശ്വാസത്തെ എതിർക്കുന്നവരുമായ എല്ലാ

വരുമായി പരസ്നേഹത്തിൽ പങ്കുവയ്ക്കലിനെ ജനിപ്പിക്കുന്നു. യേശുവിന്റെ സുവിശേഷവും സഭയുടെ കൗദാശിക സാന്നിധ്യവും ഇനിയും അറിയാത്ത മാനുഷിക-സാംസ്കാരിക-മതാത്മക പരിതസ്ഥിതികളാണ് അങ്ങേയറ്റത്തെ അരികുകൾ അഥവാ ലോകത്തിന്റെ അതിരുകൾ. ആ അതിരുകളിലേക്ക് ഒന്നാമത്തെ ഈസ്റ്റർ മുതൽ ക്രിസ്തു തന്റെ പ്രേഷിതശിഷ്യരെ അയച്ചത് അവരുടെ കർത്താവ് എപ്പോഴും അവരുടെ കൂടെ ഉണ്ടായിരിക്കുമെന്ന തീർച്ചയോടെയാണ് (cf മത്താ 28:20; അപ്പ 1:8). "ജാതികളിലേക്കുള്ള പ്രേഷിതത്വം" എന്ന് നാം വിളിക്കുന്നത് ഇതിനെയാണ്. ഏറ്റവും ജീർണിച്ച അതിര് യേശുവിനെ ആവശ്യമുള്ള മനുഷ്യവർഗം വിശ്വാസത്തോട് നിസ്സംഗത പുലർത്തുന്ന സ്ഥലമാണ്. അല്ലെങ്കിൽ ദൈവത്തിലുള്ള ജീവന്റെ പൂർണതയോട് വിദ്വേഷം പ്രകടിപ്പിക്കുന്നിടമാണ്. ഭൗമികവും ആദ്ധ്യാത്മികവുമായ എല്ലാ ദാരിദ്ര്യവും നമ്മുടെ സഹോദരീ സഹോദരന്മാരോട് കാണിക്കുന്ന വിവേചനത്തിന്റെ ഓരോ രൂപവും എപ്പോഴും ദൈവത്തെയും അവിടുത്തെ സ്നേഹത്തെയും തള്ളിക്കളയുന്നതിന്റെ ഫലമായി ഉണ്ടാകുന്നതാണ്.

പ്രിയ യുവജനമേ, ലോകത്തിന്റെ അതിരുകൾ ഇക്കാലത്ത് തികച്ചും ആപേക്ഷികമാണ്. മിക്കപ്പോഴും എളുപ്പത്തിൽ "കപ്പൽ സഞ്ചാരം ചെയ്യാവുന്നതുമാണ്. ഡിജിറ്റൽ ലോകം - ഏറെ വ്യാപകവും സുലഭവുമായ സാമൂഹിക നെറ്റുവർക്കുകൾ അതിരുകളെ ഇല്ലാതാക്കുന്നു. അകലം ഇല്ലാതാക്കുന്നു. വ്യത്യാസങ്ങൾ കുറയ്ക്കുന്നു. എല്ലാം കൈയെത്തുന്നിടത്ത് ഉള്ളവയായി ഏറ്റവും അടുപ്പത്തിലുള്ളതായി, നേരിട്ടു കിട്ടുന്നതായി തോന്നുന്നു. എന്നാലും അനേകം ബന്ധപ്പെടലുകൾ നമുക്ക് ഉണ്ടാകുന്നുണ്ടെങ്കിലും ജീവന്റെ യഥാർഥ കൂട്ടായ്മയിൽ ഒരിക്കലും പങ്കുചേരുന്നില്ലെന്നു വരാം. നമ്മുടെ ജീവിതത്തിന്റെ ആത്മാർത്ഥമായ ദാനമില്ലാത്തതുകൊണ്ടാണത്. ലോകത്തിന്റെ അതിർത്തികൾവരെ മിഷനിൽ പങ്കുചേരുകയെന്നത്, ദൈവം നമുക്കു തന്ന വിളിയിൽ നമ്മെത്തന്നെ ദാനമായി നല്കുകയെന്നത്, ആവശ്യമാണ്. ദൈവമാണല്ലോ നമ്മെ ഈ ഭൂമിയിൽ സ്ഥാപിച്ചത് (cf ലൂക്കാ 9:23-25). യേശു ക്രിസ്തുവിനെ അനുഗമിക്കാൻ ആഗ്രഹിക്കുന്ന ഏതു യുവാവിനെയും യുവതിയെയും സംബന്ധിച്ചിടത്തോളം ഏറ്റവും സത്താപരമായിട്ടുള്ളത് സ്വന്തം വിളി അന്വേഷിക്കുകയും കണ്ടെത്തുകയും അതിൽ നിലനില്ക്കുകയും ചെയ്യുകയെന്നതാണ് എന്നു ഞാൻ ഉറപ്പിച്ചു പറയുന്നു.

**സ്നേഹത്തിനു സാക്ഷ്യം വഹിച്ചുകൊണ്ട്**

തന്റെ സഭയിൽ വസിക്കുന്ന യേശുവിനെ വ്യക്തിപരമായി കണ്ടുമുട്ടുവാൻ നിങ്ങൾക്ക് സാധ്യത നല്കുന്ന സഭാത്മക ഗ്രൂപ്പുകളായിട്ടുള്ള ഇടവകകൾ, സംഘടനകൾ, പ്രസ്ഥാനങ്ങൾ സന്ന്യസ്ത സമൂഹങ്ങൾ എന്നിവരോടും മിഷണറി സേവനത്തിന്റെ വിവിധ പ്രകാശനങ്ങളോടും എനിക്കു നന്ദിയുണ്ട്. എത്രയോ യുവജനങ്ങൾ പ്രേഷിതത്വ സന്നദ്ധ സേവനത്തിൽ നമ്മുടെ സഹോദരീ സഹോദരന്മാരിൽ "ഏററവും എളിയവരെ" സേവിക്കാനുള്ള മാർഗം കണ്ടെത്തുന്നുണ്ട് (cf മത്താ 25:40). അവർ മനുഷ്യമഹത്ത്വത്തെ വളർത്തുന്നു. സ്നേഹത്തിന്റെ സന്തോഷത്തിനും ക്രിസ്ത്യാനിയായിരിക്കുന്നതിലുള്ള സന്തോഷത്തിനും അവർ സാക്ഷ്യം വഹിക്കുന്നു. സഭാത്മകമായ ഈ അനുഭവങ്ങൾ യുവജനങ്ങളെ പ്രൊഫഷണൽ വിജയത്തിനായി മാത്രമല്ല പിന്നെയോ, മറ്റുള്ളവർക്കു സേവനം ചെയ്യാൻ ദൈവം നല്കിയ ദാനങ്ങളെ വികസിപ്പിക്കുകയും വളർത്തുകയും ചെയ്യാനും പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നുണ്ട്. താത്കാലിക മിഷണറി സേവനത്തിൽ പ്രശംസനീയമായ ഈ രൂപങ്ങൾ ഫലപൂർണമായ ആരംഭമാണ്. വിളിപരമായ തിരിച്ചറിവിലൂടെ നിങ്ങളെ സഹായിക്കാൻ– മിഷണറിമാരായി ജീവിതം മുഴുവൻ സമർപ്പിക്കാൻ സഹായിക്കുന്നതിന്– അവർക്ക് കഴിയും.

പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ യുവഹൃദയങ്ങളിൽ നിന്നാണു ജനിച്ചത്. ഓരോ ജനതയോടും സുവിശേഷ പ്രസംഗം നടത്താനുള്ള പിന്തുണയുടെ മാർഗമാണത്. സത്യം അറിയാൻ ദാഹിക്കുന്ന എല്ലാവർക്കും മാനുഷികവും സാംസ്കാരികവുമായ വളർച്ചയ്ക്കായി സഹായം ചെയ്യുവാനാണത്. പൊന്തിഫിക്കൽ മിഷൻ സൊസൈറ്റിയിലൂടെ പ്രാർഥനയും ഭൗതികസഹായങ്ങളും ഉദാരതയോടെ നല്കപ്പെടുകയും വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. വ്യക്തിപരമായ കാര്യങ്ങളിൽ സഹായിക്കപ്പെടുന്നവർ അവരുടെ അനുദിന ജീവിത സാഹചര്യങ്ങളിൽ സുവിശേഷത്തിനു സാക്ഷ്യം വഹിക്കാൻ കഴിവുള്ളരാകുമെന്ന് പരിശുദ്ധ സിംഹാസനത്തിന് ഉറപ്പുണ്ടാകാൻ ആ സൊസൈറ്റികൾ സഹായിക്കുന്നു. തങ്ങൾക്ക് ഉള്ളത് എന്നതിനെക്കാൾ തങ്ങൾ ആയിരിക്കുന്നതെന്തോ അത് ഒന്നാമതായി നല്കാൻ കഴിയാത്തവിധം ദരിദ്രനായി ആരുമില്ല. ചിലിയിലെ യുവജനത്തോട് ഞാൻ പറഞ്ഞ പ്രോത്സാഹനകരമായ വാക്കുകൾ ആവർത്തിക്കട്ടെ: "ഒന്നും കൊടുക്കാനില്ലെന്നോ ആർക്കും നിങ്ങളെക്കൊണ്ട് ആവശ്യമില്ലെന്നോ നിങ്ങൾ ഒരിക്കലും വിചാരിക്കരുത്. ഏറെ ആളുകൾക്ക് നിങ്ങളെക്കൊണ്ട് ആവശ്യമുണ്ട്. ഇതിനെപ്പറ്റി ചിന്തിക്കുക! നിങ്ങളിൽ ഓരോ വ്യക്തിയും

ഹൃദയത്തിൽ ഇങ്ങനെ ചിന്തിക്കണം: അനേകർക്ക് ആവശ്യമുള്ള ആളാണ് ഞാൻ" (യുവജനങ്ങളെ കണ്ടുമുട്ടൽ, മയ്പൂ ഷ്റൈൻ, 17 ജനുവരി 2018).

പ്രിയ യുവജനമേ, മിഷനുകളുടെ മാസമായ ഈ ഒക്ടോബർ മാസത്തിൽ നിങ്ങൾക്കായുള്ള സൂനഹദോസു നടത്തും. യേശുവിനും ലോകത്തിന്റെ അതിർത്തികൾ വരെയുള്ള അവിടത്തേ മിഷനും വികാരാവേശത്തോടെ കൂടുതൽ സമർപ്പിതരായ മിഷണറി ശിഷ്യന്മാരാകാൻ ഒരിക്കൽ കൂടി നമ്മെ സഹായിക്കുന്ന ഒരവസരമായിരിക്കും അത്. നമുക്ക് എല്ലാവർക്കും വേണ്ടി മാധ്യസ്ഥ്യം വഹിക്കാനും എപ്പോഴും നമ്മോടൊപ്പം ഉണ്ടായിരിക്കാനും ശ്ലീഹന്മാരുടെ രാജ്ഞിയായ മറിയത്തോടും വിശുദ്ധ ഫ്രാൻസിസ് സേവ്യറിനോടും വിശുദ്ധ കൊച്ചുത്രേസ്യായോടും വാഴ്ത്തപ്പെട്ട പാവുളോ മന്നായോടും ഞാൻ അപേക്ഷിക്കുന്നു.

വത്തിക്കാനിൽ നിന്ന്, 20 മേയ് 2018 പന്തക്കുസ്താ തിരുനാൾ ദിവസം നൽകപ്പെട്ടത്.

**ഫ്രാൻസിസ് മാർപാപ്പാ**

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി., കൊച്ചി - 682 025

# രൂപതാകച്ചേരി വാർത്തകൾ

**ജപമാലമാസം**

ജപമാല ഭക്തിയിലൂടെ ആദ്ധ്യാത്മികതയിൽ വളരുവാനും പരി. അമ്മയുടെ മാദ്ധ്യസ്ഥം നേടാനുമുള്ള അവസരമാണല്ലോ ഒക്ടോബർ മാസം. ചില സ്ഥലങ്ങളിൽ 10 ദിവസവും മറ്റ് ചില സ്ഥലങ്ങളിൽ 30 ദിവസവും ആഘോഷമായ ജപമാല ചൊല്ലിക്കൊണ്ട് മാതാവിലൂടെ ഈശോയിലേയ്ക്ക് വളരുവാനുള്ള പരിശ്രമങ്ങൾ നടത്തുന്നത് ശ്ലാഘനീയമാണ്. മാതാവിനോടുള്ള ഭക്തിയിൽ വളരാൻ ഈ ജപമാല മാസത്തിൽ നമുക്ക് പ്രത്യേകം പരിശ്രമിക്കാം.

**മിഷൻ ഞായർ ഒക്ടോബർ 28**

ഒക്ടോബർ മാസം 28-ാം തീയതിയാണ് മിഷൻ ഞായറായി ആചരിക്കുന്നത്. ഭൂമിയുടെ അതിർത്തികൾവരെ കർത്താവിന് സാക്ഷികളാകുവാനുള്ള നമ്മുടെ കർത്തവ്യബോധം നമ്മിലെല്ലാം ശക്തിപ്പെടുത്തുവാനും പ്രത്യേക പ്രാർത്ഥനയിലൂടെയും ഇതര പ്രവർത്തനങ്ങളിലൂടെയും സജീവ മിഷനറിമാരെയും മിഷൻ പ്രവർത്തനങ്ങളെയും ശക്തിപ്പെടുത്തുവാനുള്ള ഒരവസരമാകണം മിഷൻ ഞായർ ആചരണവും ആഘോഷവും. ഈ അവസരത്തിൽ മിഷൻ രംഗങ്ങളിൽ ത്യാഗപൂർവ്വം ശുശ്രൂഷ ചെയ്യുന്ന എല്ലാവരെയും അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. മിഷൻ ഞായറാഴ്ച സമർപ്പിക്കുന്ന സ്തോത്രക്കാഴ്ച മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുവാനുള്ള നമ്മുടെ മനസ്സിന്റെ സമർപ്പണമാവട്ടെ. അന്ന് ലഭിക്കുന്ന സ്തോത്രക്കാഴ്ച കഴിവതും നേരത്തെ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുമല്ലോ.

**അനുസ്മരണം**

ഒക്ടോബർ 26-ാം തീയതി ബഹു. ജേക്കബ് നെടുമ്പള്ളിയച്ചന്റെയും നവംബർ 3-ാം തീയതി ബഹു. തോമസ് മൂലക്കുന്നേലച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും നമുക്കോർക്കാം. ആ ദിവസങ്ങളിൽ

വിയാനിഭവൻ ചാപ്പലിൽ വച്ച് രാവിലെ 7 മണിക്ക് വി.ബലിയും തുടർന്ന് സിമിത്തേരിയിൽ ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്.

**പാസ്റ്ററൽ കൗൺസിൽ**

മാനന്തവാടി രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമയോഗം നവംബർ 10 ശനിയാഴ്ച 10.30 മുതൽ 1.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നതാണ്. വിശദവിവരങ്ങൾ അംഗങ്ങളെ കത്ത് മുഖേന അറിയിക്കുന്നതാണ്.

**പ്രസ്ബിറ്ററൽ കൗൺസിൽ**

മാനന്തവാടി രൂപതാ പ്രസ്ബിറ്ററൽ കൗൺസിലിന്റെ ഒരു യോഗം നവംബർ 14 ബുധനാഴ്ച 10.30 മുതൽ 1.30 വരെ ബിഷപ്സ് ഹൗസിൽ വച്ച് ചേരുന്നതാണ്. വിശദവിവരങ്ങൾ അംഗങ്ങളെ കത്ത് മുഖേന അറിയിക്കുന്നതാണ്.

**ആശംസകൾ**

കാനഡയിലെ മിസ്സിസ്സാഗോ എക്സാർക്കേറ്റിൽ അജപാലന ശുശ്രൂഷയ്ക്കായി ബഹു. ജോജോ ചങ്ങനാംതുണ്ടത്തിൽ അച്ചൻ യാത്രയായിരിക്കുന്നു. തന്റെ അജപാലന പരിചയത്തിന്റെ പിൻബലത്തിൽ അച്ചൻ ആരംഭിച്ചിരിക്കുന്ന പുതിയ ശുശ്രൂഷാ മേഖലയിൽ അച്ചന് രൂപത മുഴുവന്റെയും പ്രാർത്ഥനാശംസകൾ നേരുന്നു.

ബഹു. അനൂപ് കാളിയാനിയച്ചൻ ഉപരിപഠനാർത്ഥം റോമിലേക്ക് യാത്ര തിരിച്ചിരിക്കുന്നു. ഒക്ടോബർ ആദ്യവാരത്തിൽ റോമിലുള്ള മാത്തർ എക്ളേസിയേ യൂണിവേഴ്സിറ്റിയിൽ Dogmatic Theology –ൽ അദ്ദേഹം പഠനം ആരംഭിക്കും. അച്ചന്റെ പഠനത്തിന് എല്ലാവിധ ആശംസകളും വിജയങ്ങളും നേരുന്നു.

**ബഹു. വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്**

രൂപതാ കേന്ദ്രത്തിലേക്ക് എല്ലാവിധ അന്വേഷണങ്ങൾക്കുമായി പുതിയ മൊബൈൽ നമ്പർ ക്രമീകരിച്ചിരിക്കുന്നു. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10 മണിമുതൽ ഉച്ചകഴിഞ്ഞ് 4 മണിവരെ ഈ നമ്പറിൽ വിളിച്ചാൽ രൂപതയുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് വിവരങ്ങൾ ലഭിക്കുന്നതാണ്.

Mobile & WhatsApp Number : **91–8075997576**

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# General Collection from 1 June 2017 to 30 May 2018

| Parishes | Jesus Frater-nity | Bible Sun-day | Educ a-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Syro Mi Su nday | Peter's Pence | Cat. Sun-day | Commu nication Media | Anti Alcho holic | Youth Day | Sneha nidhi | Mutual Aid Fund |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Mangalassery | 1575 | 1481 | 3000 | 2395 | 944 | 1868 | 2058 | 1018 | 3489 | 1836 | 1299 | 1838 | 1556 | 2235 | 1214 | 1815 | 4330 | 39140 |
| Thonichal | 1450 | 1460 | 8950 | 5000 | 1650 | 1400 | 1650 | 2410 | 11650 | 1000 | 1200 | 1700 | 1400 | 1200 | 1450 | 2100 | 50000 | 100000 |
| Payyampally | 500 | 500 | 5000 | | 500 | 500 | 1000 | 25000 | 30000 | 500 | 500 | 500 | | | | | 25000 | 50000 |
| Mullankolly | 2000 | 3000 | 20000 | | | 3000 | 5000 | | 20000 | 3500 | | 2000 | 3500 | 3000 | | 3000 | 50000 | 250000 |
| Chungakunnu | 12200 | 12000 | 10000 | 12000 | 6000 | 5500 | 5000 | 25000 | | 6000 | 6000 | 8500 | 11000 | 3500 | 6000 | 5000 | 55000 | 178000 |
| | | | | | | | | **NILGIRIS** | | | | | | | | | | |
| ARULNILAYAM | | | | | | | | | | | | | | | | | | |
| BEKKI | 300 | 300 | 2000 | | 400 | 320 | 420 | | 1000 | 600 | 300 | 650 | 340 | 250 | 300 | 300 | 2000 | |
| BURLIAR | | | | | | | | | | | | | | | | | | |
| COONOOR | 300 | 400 | 12500 | | 300 | 300 | 500 | | 2500 | 500 | 400 | 400 | 500 | 400 | 200 | 500 | 3000 | 40000 |
| DHARMAGIRI | | | | | | | | | | | | | | | | | 3000 | |
| KALPRA | 1200 | 800 | 1000 | | 700 | 1000 | 700 | | 800 | 800 | 700 | 800 | 800 | 700 | 700 | 700 | | 40000 |
| KAYYUNNI | 2500 | 2500 | 5000 | 10000 | 2000 | 2500 | 2000 | 5000 | 5000 | 2000 | 1500 | 3000 | 5000 | 2000 | 1500 | 3000 | 20000 | 100000 |
| KUNNALADI | | 310 | 2000 | | 300 | 300 | 1000 | 2000 | | 300 | 300 | 400 | 550 | 500 | | 300 | 10050 | 20000 |
| MACHIKOLLY | 600 | 900 | 4635 | | 700 | 600 | 1200 | | 1900 | 750 | 600 | 350 | 1000 | 500 | 500 | 700 | 5000 | 25000 |
| MANVAYAL | 250 | 300 | 5200 | 1100 | 150 | 250 | 3000 | | 5000 | 250 | 300 | 300 | 500 | 200 | 300 | 250 | 12700 | 64500 |
| OOTTY | 300 | 400 | 27500 | | 300 | 300 | 500 | | 2500 | 400 | 500 | 300 | 500 | 400 | 300 | 500 | 2000 | 15000 |
| PANAMCHIRA | | 800 | 1100 | | 900 | | 550 | | 500 | 700 | 400 | | 800 | | 700 | 900 | 5000 | 15000 |
| VIMALAGIRI | | 250 | | | 250 | 300 | 500 | 2500 | | 250 | 250 | 200 | 1000 | 500 | | | 9877 | 15000 |
| ARATTUPARA | | | | | | | | | | | | | | | | | | |
| ARUVANKADU | | | | | | | | | | | | | | | | | | |

# വിദ്യാഭ്യാസ സഹായനിധി

അഭിവന്ദ്യ പിതാവിന്റെ വിദ്യാഭ്യാസ സഹായനിധിയിലേയ്ക്ക് 2017 ജൂൺ 1 മുതൽ 2018 മെയ് 31 വരെ ലഭിച്ച തുകയുടെയും അതിൽ നിന്ന് ഇടവകളിലേയ്ക്ക് വിതരണം ചെയ്ത തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**EDUCATION AID FUND - SPECIAL DONORS**

| | | |
|---|---|---|
| 1 | MR. JAMES OOLAVALLIYIL | 5001 |
| 2 | REV. FR. SAJI EDAKKUDIYIL | 26000 |
| 3 | SH PROVINCIAL HOUSE DWARAKA | 180200 |
| 4 | REV. FR. THOMAS PERUMATTIKUNNEL | 25000 |
| 5 | ST. VINCENTGIRI GENERALATE | 35000 |
| 6 | VADAKUMPARAMBIL | 10000 |
| 7 | MSMI ASSOCIATION NILAMBUR | 20000 |
| 8 | TOR NOVITIATE HOUSE PANAMCHIRA | 10000 |
| 9 | OFM CAP MEENANGADI | 7000 |
| 10 | VIMAL JYOTHI KALPETTA | 10000 |
| 11 | MSMI BATHERY | 10000 |
| 12 | NORBERT HOUSE KUZHINILAM | 10000 |
| 13 | SALESIA SISTERS VADUVANCHAL | 10000 |
| 14 | JOSEPH T.J | 15000 |
| 15 | MRS. ALICE VARKEY | 7000 |
| 16 | NIRMALA PROVINCIAL HOUSE | 100000 |
| 17 | FR. GEORGE IMPALIL MCBS | 10000 |
| | **FIRST HOLY COMMUNION** | |
| 1 | PAYYAMPALLY | 10000 |
| 2 | YAVANARKULAM | 2100 |
| | **5% PARISH FEAST** | |
| 1 | VALAVAYAL | 3000 |
| 2 | JUDE'S MOUNT | 5000 |
| 3 | KELAKAM | 5000 |
| 4 | KAVUMMANNAM | 10000 |
| 5 | KURUMMBALA | 5235 |

| | | |
|---|---|---|
| 6 | THARIODE | 9000 |
| 7 | VADAPURAM | 13075 |
| 8 | THALIPADAM | 10000 |
| 9 | MANIMOOLY | 8000 |
| 10 | NARIVALAMUNDA | 5000 |
| 11 | ARINCHERMALA | 6410 |
| 12 | KALLUVAYAL | 5200 |
| 13 | KENICHIRA | 10000 |
| 14 | NADAVAYAL | 7000 |
| 15 | THRISSILERY | 10000 |
| 16 | PATTANIKOOP | 10000 |
| 17 | MULLENKOLLY | 20000 |
| 18 | VALAVAYAL | 3000 |
| 19 | PALANKARA | 10000 |

**Disbursement List of Education Aid Fund 2018**

| SN | Name of the Parish | Amount | SN | Name of the Parish | Amount |
|---|---|---|---|---|---|
| 1. | Ambalavayal | 4000 | 20. | Deepthigiri | 1000 |
| 2. | Appapara | 4000 | 21. | Dwaraka | 4000 |
| 3. | Arinchermala | 4000 | 22. | Edayoorkunnu | 4000 |
| 4. | Arulnilayam | 4000 | 23. | Edivanna | 4000 |
| 5. | Bavali | 4000 | 24. | Elapeedika | 4000 |
| 6. | Bekki | 4000 | 25. | Irulam | 4000 |
| 7. | Bhoodanam | 2000 | 26. | Jude's Mount | 4000 |
| 8. | Bospara | 4000 | 27. | Kabanigiri | 4000 |
| 9. | Charity | 4000 | 28. | Kadalmad | 4000 |
| 10. | Cheegavallam | 4000 | 29. | Kalathuvayal | 4000 |
| 11. | Chennalode | 4000 | 30. | Kallumukku | 4000 |
| 12. | Cherukattoor | 4000 | 31. | Kalluvayal | 4000 |
| 13. | Chithragiri | 4000 | 32. | Kammana | 4000 |
| 14. | Chokkad | 4000 | 33. | Karackamala | 4000 |
| 15. | Chooralmala | 4000 | 34. | Karani | 4000 |
| 16. | Chundakkra | 4000 | 35. | Karimani | 4000 |
| 17. | Chugakkunnu | 4000 | 36. | Karimbil | 4000 |
| 18. | Chulliode | 4000 | 37. | Kartikulam | 5000 |
| 19. | Chulliana | 4000 | 38. | Kavumannam | 4000 |

| | | | | | |
|---|---|---|---|---|---|
| 39. | Kayyunni | 4000 | 74. | Palchuram | 4000 |
| 40. | Kelakam | 4000 | 75. | Palemad | 4000 |
| 41. | Kolavayal | 2000 | 76. | Panamaram | 4000 |
| 42. | Kommayad | 4000 | 77. | Panamchira | 4000 |
| 43. | Kottiyoor | 4000 | 78. | Panavally | 4000 |
| 44. | Kunjhome | 4000 | 79. | Panthipoil | 4000 |
| 45. | Kunnalady | 4000 | 80. | Paralikunnu | 4000 |
| 46. | Kurumani | 4000 | 81. | Pathiripadam | 4000 |
| 47. | Kurumbala | 4000 | 82. | Pattanikoop | 4000 |
| 48. | Kurumbalakotta | 4000 | 83. | Payyampally | 4000 |
| 49. | Kuttimoola | 4000 | 84. | Peria | 4000 |
| 50. | Lakkidi | 2000 | 85. | Poolapadam | 4000 |
| 51. | Makkiyad | 5000 | 86. | Prasanthagiri | 4000 |
| 52. | Mananthavady (Town) | 4000 | 87. | Pulpally | 4000 |
| 53. | Mangalam | 6000 | 88. | Puthiyidamkunnu | 4000 |
| 54. | Mangalassery | 4000 | 89. | Puthiyidom | 4000 |
| 55. | Marakkadavu | 4000 | 90. | Puthussery | 4000 |
| 56. | Marutha | 2000 | 91. | Puzhamudi | 4000 |
| 57. | Meenangadi | 4000 | 92. | Rippon | 4000 |
| 58. | Moolankave | 3000 | 93. | Rubynagar | 4000 |
| 59. | Mothakara | 4000 | 94. | Santhigiri | 4000 |
| 60. | Mullenkolly | 4000 | 95. | Sisumala | 4000 |
| 61. | Muthireri | 4000 | 96. | SulthanBethery | 5000 |
| 62. | Muttiyel | 4000 | 97. | T K Colony | 3000 |
| 63. | Nadavayal | 4000 | 98. | Thariode | 3000 |
| 64. | Naivalamunda | 4000 | 99. | Thelpara | 4000 |
| 65. | Nedumpala | 4000 | 100. | Thenery | 4000 |
| 66. | Neikuppa | 4000 | 101. | Thomattuchal | 4000 |
| 67. | Nelliyodi | 4000 | 102. | Thonichal | 4000 |
| 68. | Niravilpuzha | 4000 | 103. | Thrissilery | 4000 |
| 69. | Njarapadam | 4000 | 104. | Vadakkanad | 5000 |
| 70. | Olivumala | 4000 | 105. | Vadapuram | 4000 |
| 71. | Padamala | 4000 | 106. | Vakerry | 5000 |
| 72. | Padichira | 4000 | 107. | Valad | 4000 |
| 73. | Palankara | 4000 | 108. | Valanchery | 3000 |

| | | | | | |
|---|---|---|---|---|---|
| 109. | Valavayal | 5000 | 115. | Vellamunda (Ozhukkanmoola) | 4000 |
| 110. | Valery | 4000 | 116. | Velloonny | 4000 |
| 111. | Valiyakolly | 4000 | 117. | Vilambukandam | 4000 |
| 112. | Vallikkettu | 4000 | 118. | Vimalagiri | 2000 |
| 113. | Vanjode | 4000 | 119. | Vythiri | 3000 |
| 114. | Vazhavatta | 4000 | | | |

2018 മെയ് മാസത്തോടെ എല്ലാ ഇടവകകളിലേയ്ക്കും ചെക്ക്, Aid Disbursement Form എന്നിവ നൽകുകയുണ്ടായി. ഇതിൽ Aid Disbursement Form കുറേപ്പേർ പൂരിപ്പിച്ച് തിരികെ നൽകുകയുണ്ടായി. ഇനിയും തരാനുള്ളവർ എത്രയും വേഗം വിദ്യാഭ്യാസ സഹായനിധി സെക്രട്ടറിയുടെ അഡ്രസ്സിൽ ബിഷപ്സ് ഹൗസിലേയ്ക്ക് അയച്ചു തരണമെന്ന് ഓർമ്മിപ്പിക്കുന്നു. എല്ലാവരുടെയും സഹായ സഹകരണങ്ങൾക്ക് ഒത്തിരി സ്നേഹത്തോടെ നന്ദി അറിയിക്കുന്നു.

**ഫാ. പ്രകാശ് വെട്ടിക്കൽ**
സെക്രട്ടറി, വിദ്യാഭ്യാസ സഹായനിധി

# വൈദികരുടെ മാസധ്യാനം

## നീലഗിരി റീജിയൺ

നീലഗിരി റീജിയണിലെ കൽപ്ര പള്ളിയിൽ സെപ്റ്റംബർ 4-ന് ചേർന്ന മാസധ്യാനത്തിൽ ഇടവക വികാരി റവ. ഫാ. ജോഷി പെരിയപ്പുറം എല്ലാവരെയും സ്വാഗതം ചെയ്തു. 15 വൈദികർ പങ്കെടുത്ത മാസധ്യാനത്തിൽ റവ. ഫാ. ബിജോയി അരിമറ്റത്തിൽ പൗരോഹിത്യ രഹസ്യ ജീവിത വിജയത്തെക്കുറിച്ച് സംസാരിച്ചു. തുടർന്ന് ചേർന്ന മീറ്റിംഗിന് റീജിയണൽ ഡയറക്ടർ റവ. ഫാ. തോമസ് മണക്കുന്നേൽ നേതൃത്വം നൽകുകയും, സൺഡേസ്കൂൾ മേഖലാ സന്ദർശനത്തെ കുറിച്ചും, ഒക്ടോബർ 7-ന് നടക്കുന്ന +2 സംഗമത്തെക്കുറിച്ചും സംസാരിച്ചു. സി.എം.എൽ മേഖലാ പ്രവർത്തനങ്ങളെക്കുറിച്ച് സജിയച്ചനും, മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന കൈയെഴുത്തുമാസികയെക്കുറിച്ച് പുതുകുളങ്ങരയച്ചനും, രൂപതാ യുവജനകൺവൻഷനെക്കുറിച്ച് ജയനച്ചനും പട്ടയപ്രശ്നങ്ങളെക്കുറിച്ച് ബിനോയി അച്ചനും ഓർമ്മിപ്പിച്ചു. മത്തായി ശ്ലീഹായുടെ നാമധാരികളായ വൈദികർക്ക് റവ.ഫാ. സജി ഇളയിടത്തിൽ ആശംസകൾ അർപ്പിച്ചു. അടുത്ത മാസധ്യാനം ഒക്ടോബർ 2-ന് പനംചിറ പള്ളിയിൽ ചേരുവാൻ തീരുമാനിച്ചു.

**ഫാ. ജിബിൻ വട്ടുകുളത്തിൽ**
(സെക്രട്ടറി)

**ഇടവക സന്ദർശനം**

യുവജന വർഷത്തോടനുബന്ധിച്ച് നടത്തുന്ന കൺവെൻഷന് ഒരുക്കമായി ഞായറാഴ്ച്ചകളിൽ സെന്റ് മേരീസ് ഫൊറോനാ ചർച്ച് മുള്ളൻകൊല്ലി, ബത്തേരി അസംപ്ഷൻ ഫൊറോനാ ചർച്ച് തുടങ്ങിയ സ്ഥലങ്ങളിൽ വി. കുർബാന, പ്രസംഗം, യുവജന സെമിനാർ എന്നിവയ്ക്ക് ഫാ.ലാൽ ജേക്കബ് പൈനുങ്കൽ നേതൃത്വം നല്കി.

**ജാഗരണ പ്രാർത്ഥന**

യുവജന വർഷത്തോടനുബന്ധിച്ച് ഒക്ടോബറിൽ നടക്കുന്ന യൂത്ത് കൺവെൻഷന് ഒരുക്കമായുള്ള ജാഗരണ പ്രാർത്ഥനകൾ 31-08-2018 വെള്ളിയാഴ്ച്ച എസ്.കെ.ഡി. ജനറലേറ്റ് തോണിച്ചാലിലും, 03-09-2018 തിങ്കളാഴ്ച്ച വിൻസെന്റ് ഗിരി ജനറലേറ്റിലും, 07-09-2018 വെള്ളിയാഴ്ച്ച എഫ്.സി.സി.പ്രോവിൻഷ്യൽ ഹൗസിലും 13-09-2018 വ്യാഴാഴ്ച്ച എസ്.എ.ബി.എസ് പ്രോവിൻഷ്യൽ ഹൗസ് ദ്വാരകയിലും, 09-09-2018 ഞായറാഴ്ച്ച വടക്കനാട് ഇടവകയിലും നടത്തി. 14-09-2018 വെള്ളിയാഴ്ച്ച വൈകുന്നേരം ആറ് മണിമുതൽ ശനിയാഴ്ച്ച രാവിലെ ആറ് മണിവരെ യുവജന കൺവെൻഷന് വോളണ്ടിയേഴ്സായി വരുന്ന വർക്കുവേണ്ടിയുള്ള ജാഗരണ പ്രാർത്ഥന ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ യൂത്ത്മിനിസ്ട്രി ഓഫീസ് ചാപ്പലിൽ നടന്നു.

**ഡിസാസ്റ്റർ മാനേജ്മെന്റ്**

കെ.സി.വൈ.എം, മിഷൻലീഗ്, എന്നീ സംഘടനകളുടെയും, യൂത്ത് മിനിസ്ട്രിയുടെയും ആഭിമുഖ്യത്തിൽ എസ്.എച്ച്, സി.എം.സി, എസ്.എ.ബി.എസ്, എസ്.സി.വി എന്നീ സന്യസ്തസമൂഹങ്ങളിൽ നിന്നുള്ള സിസ്റ്റേഴ്സും, കൈയ്യൂന്നി, വാളേരി, സീതാമൗണ്ട്, മംഗലശ്ശേരി എന്നീ ഇടവകയിൽ നിന്നുള്ള പ്രതിനിധികളും, കെ.സി.വൈ.എം ഡയറക്ടർ ഫാ.റോബിൻ പടിഞ്ഞാറയിൽ, യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ.ലാൽ ജേക്കബ് പൈനുങ്കൽ, മിഷൻലീഗ് ഡയറക്ടർ ഫാ.ഷിജു ഐക്കരകാനായിൽ, ഫാ.ബിജോ കറുകപ്പിള്ളി, ഫാ.തോമസ് മണക്കുന്നേൽ ഫാ.അനീഷ് കാട്ടാംകോട്ടിൽ തുടങ്ങിയവരുടെ ഒരു ടീം മുരിങ്ങൂർ ധ്യാനകേന്ദ്രത്തിൽ ശുചീകരണത്തിന് സഹായിച്ചു.

**യുവജനവർഷ എക്സിക്യൂട്ടീവ് മീറ്റിംഗ്**

യുവജനവർഷത്തോടനുബന്ധിച്ചുള്ള എക്സിക്യൂട്ടീവ് മീറ്റിംഗ് 07-09-2018 വെള്ളിയാഴ്ച്ച വൈകുന്നേരം 6 മണിക്ക് ദ്വാരക യൂത്ത് മിനിസ്ട്രി ഓഫീസിൽ വെച്ച് നടന്നു. യൂത്ത് കൺവെൻഷന്റെ വിവിധ കമ്മിറ്റികൾക്ക് രൂപം കൊടുക്കുകയും ഓരോ കമ്മിറ്റിയിലും ഉൾപ്പെടുന്നവർ ചെയ്യേണ്ട ഉത്തരവാദിത്വങ്ങളെകുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. കെ.സി.വൈ.എം, ജീസസ്സ് യൂത്ത്, യൂത്ത്മിസ്ട്രി പ്രതിനിധികൾ പങ്കെടുത്തു.

**യൂത്ത് ട്രാവലർ**

യുവജന കൺവെൻഷനോട് അനുബന്ധിച്ച് കോളേജുകളിൽ യുവജനങ്ങളെ അന്വേഷിച്ചിറങ്ങുന്ന ആത്മീയ പരിപാടിയായ യൂത്ത് ട്രാവലറിന്റെ ഭാഗമായി 11-09-2018 ബുധൻ ബത്തേരി സെന്റ് മേരീസ് കോളേജിലും, 12-09-2018 വ്യഴാഴ്ച്ച ബത്തേരി അസംപ്ഷൻ നേഴ്സിംഗ് കോളേജ്, വിനായക നേഴ്സിംഗ് കോളേജ്, വിമൽ ജ്യോതി ഹോസ്റ്റൽ, ബത്തേരി ബസേലിയൂസ് ബി.എഡ് കോളേജ്, അൽഫോൻസാ ഹോസ്റ്റൽ തുടങ്ങിയ സ്ഥലങ്ങളിൽ യുവജനങ്ങൾക്കായി ഒരുക്കിയിരിക്കുന്ന കൺവെൻഷനെകുറിച്ചുള്ള അറിയിപ്പുകൾ നൽകുകയും അവർക്കായി ഒരുക്കിയിരിക്കുന്ന ആത്മീയ വിരുന്നിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്തു.

**യൂത്ത് കൺവെൻഷൻ വോളണ്ടിയേഴ്സ് ട്രെയിനിംഗ്**

യുവജന കൺവെൻഷനോടനുബന്ധിച്ചുള്ള വോളണ്ടിയേഴ്സ് ട്രെയിനിംഗ് സെപ്റ്റംബർ 20, 21 വ്യാഴം, വെള്ളി ദിവസങ്ങളിൽ സെന്റ് പാട്രിക്സ് സ്കൂളിൽവെച്ച് നടന്നു. സിസ്റ്റേഴ്സും യുവജനങ്ങളും മാതാപിതാക്കളും ഉൾകൊള്ളുന്ന 160 വോളണ്ടിയേഴ്സ് ഈ ട്രെയിനിംഗിൽ പങ്കെടുത്തു. ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ നടത്തിയ ഈ ട്രെയിനിംഗ് 20-ാം തീയതി വ്യാഴാഴ്ച്ച രാവിലെ 9.30 ന് പ്രാർത്ഥനയോടെ ആരംഭിച്ചു. ട്രെയിനിംഗിന് ഫാ.ലാൽ ജേക്കബ് പൈനുങ്കൽ, ഫാ.റോബിൻ, ഫാ.ജെയ്മോൻ, ഫാ.ജോബി, ഫാ.വിനോദ് തുടങ്ങിയ വൈദികരും ബ്രദർ ജിബി ജോസഫ്, മെൽവിൻ, വിൻസ്റ്റൻ തുടങ്ങിയവരും നേതൃത്വം നല്കി. തുടർന്ന് ദിവ്യകാരുണ്യ പ്രദക്ഷിണം കൺവെൻഷൻ ഗ്രൗണ്ടിലൂടെ നടത്തി. 21-ാം തീയതി വെള്ളിയാഴ്ച്ച കൺവെൻഷൻ ദിനത്തിലേക്കുള്ള വ്യത്യസ്തങ്ങളായ കമ്മറ്റികൾ രൂപീകരിച്ചു. കെ.സി.വൈ.എം. രൂപതാ ഭാരവാഹികൾ, ജീസസ്സ് യൂത്ത് ടീം അംഗങ്ങൾ, യൂത്ത്മിനിസ്ട്രി ടീം, തുടങ്ങിയവർ തേതൃത്വം നല്കി.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
യുവജനവർഷ ജനറൽ കൺവീനർ

# ബൈബിൾ അപ്പോസ്റ്റലേറ്റ്

**സബ്സിഡി നിരക്കിൽ ബൈബിൾ**

KCBC Bible Commission നൽകുന്ന സബ്സിഡി നിരക്കിലുള്ള സമ്പൂർണ്ണ Bible – ന്റെ ഏതാനും കോപ്പികൾ Rs.120/– രൂപാ നിരക്കിൽ രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് ഓഫീസിൽ ലഭ്യമാണ്. ഇടവകകളിൽ സാമ്പത്തിക പ്രയാസമുള്ളവർക്കാണ് സൗജന്യ നിരക്കിലുള്ള ബൈബിൾ നൽകുക. ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**ലോഗോസ് 2016**

ലോഗോസ് 2016 രജിസ്ട്രേഷൻ സമയബന്ധിതമായി പൂർത്തിയാക്കാൻ സഹകരിച്ച ബഹു. വികാരിയച്ചന്മാർ, കൊച്ചച്ചന്മാർ, സിസ്റ്റേഴ്സ്, മതാദ്ധ്യാപകർ, മാതൃവേദി അംഗങ്ങൾ, സംഘടനാഭാരവാഹികൾ എന്നിവർക്ക് ഹൃദ്യമായ നന്ദി. ഈ വർഷം 18587 പേർ 167 സെന്ററുകളിലായി ലോഗോസ് ക്വിസ്സിന് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**ലോഗോസ് 2018 രൂപതാതല പരീക്ഷ**

2018 ഒക്ടോബർ 14–ാം തീയതി ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെയാണ് പരീക്ഷ. എല്ലാ സെന്ററുകളിലും കൃത്യ സമയത്തു തന്നെ പരീക്ഷ ക്രമീകരിക്കാൻ ശ്രദ്ധിക്കണം. അഖിലകേരള അടിസ്ഥാനത്തിൽ പരീക്ഷ നടക്കുന്നതിനാൽ എല്ലാ ഇടവകകളും ഈ സമയക്രമം പാലിക്കണം. ബഹു. വികാരിയച്ചന്മാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**"ലോഗോസ് ബൈബിൾ ക്വിസ്" പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ**

1. ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ പൂർണ്ണ ഉത്തരവാദിത്വത്തിലായിരിക്കണം"ലോഗോസ് ബൈബിൾ ക്വിസ്" പരീക്ഷ നടത്തേണ്ടത്. പരീക്ഷാ ഹാളിലെ ക്രമീകരണങ്ങൾ ബഹു. വികാരിയച്ചൻമാരുടെ നിർദ്ദേശങ്ങൾ അനുസരിച്ച് മാത്രമേ നടത്താവൂ.
2. പരീക്ഷ ഒക്ടോബർ 14 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയുള്ള സമയത്താണ് നടത്തേണ്ടത്.
3. ചോദ്യപേപ്പറിൽ ആകെ 103 ചോദ്യങ്ങൾ ഉണ്ടായിരിക്കും. അവയിൽ 100 എണ്ണം ശരിയായ ഉത്തരങ്ങളുടെ കോളം കറുപ്പിക്കുവാനുള്ളതാണ്. അവസാനം കൊടുത്തിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ ചുരുങ്ങിയ വാക്കുകളിൽ എഴുതണം.

4. എല്ലാ ചോദ്യങ്ങളുടെയും ഉത്തരങ്ങൾ പ്രത്യേകം നൽകിയിരിക്കുന്ന ഉത്തരകടലാസിൽ രേഖപ്പെടുത്തുക.
5. ഉത്തരകടലാസിൽ പേര്, വീട്ടുപേര് (രജിസ്ട്രേഷൻ ഫോമിലുള്ള തുപോലെ) ഇടവക, രജിസ്റ്റർനമ്പർ, സെന്റർകോഡ് തുടങ്ങിയവ വ്യക്തമായി എഴുതേണ്ടതാണ്.
6. ഒരു ചോദ്യത്തിന് ഒന്നിൽ കൂടുതൽ ഉത്തരങ്ങൾ അടയാളപ്പെടുത്തുവാൻ പാടുള്ളതല്ല. ഉത്തരം വെട്ടിതിരുത്തുന്നത് അനുവദനീയമല്ല.
7. A ഗ്രൂപ്പിലെ കുട്ടികൾക്ക് പ്രത്യേകം ചോദ്യങ്ങളും B,C,D,E,F വിഭാഗക്കാർക്ക് പൊതുവായി ഒരേ ചോദ്യവുമായിരിക്കും ഉണ്ടായിരിക്കുക.
8. പരീക്ഷാഹാളിൽ A,B,C,D,E,F വിഭാഗങ്ങളെ അതാതു ഗ്രൂപ്പിൽതന്നെ ഇരുത്തുകയാണ് ഉത്തരകടലാസുകൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ തിരിച്ചുവാങ്ങാൻ എളുപ്പം.
9. ഉത്തരത്തിന്റെ മൂല്യനിർണ്ണയം രൂപതാ കേന്ദ്രത്തിലാണ് നടത്തുക. അതുകൊണ്ട് ഉത്തര പേപ്പറുകൾ A,B,C,D,E,F വിഭാഗങ്ങളായി തിരിച്ച് രജിസ്ട്രേഷൻ ഫോമിലുള്ള ക്രമനമ്പർ അനുസരിച്ച് ക്രമമായി അടുക്കി ഒക്ടോബർ 21-ാം തീയതിക്കു മുൻപ് രൂപതാ കേന്ദ്രത്തിലെത്തിക്കണം.
10. രജിസ്ട്രേഷൻഫോമിലാണ് ഓരോ പരീക്ഷാർത്ഥിയുടെയും പേരുവിവരങ്ങൾ ഉള്ളത്. ഉത്തരകടലാസിന്റെ കൂടെ ഈ രജിസ്ട്രേഷൻഫോം തിരിച്ചുനൽകേണ്ടതാണ്. ഇതിലാണ് ഇടവകകൾക്ക് മാർക്ക് നൽകുന്നത്. പരീക്ഷ എഴുതാത്തവരുടെ പേരിനുനേരെ മാർക്കിന്റെ കോളത്തിൽ (X) അടയാളപ്പെടുത്തണം.

**ഫാ. പോൾ വാഴപ്പള്ളി**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

## മതബോധനരംഗം

**ഒന്നാം ടേം പരീക്ഷ**

ഈ അദ്ധ്യയന വർഷത്തെ ഒന്നാം ടേം പരീക്ഷ നവംബർ 4-ാം തീയതിയാണല്ലോ. നമ്മുടെ എല്ലാ ഇടവകകളിലും ഒരേ സമയത്താണ് പരീക്ഷ നടത്തേണ്ടത്. രാവിലെ 11 മണിമുതൽ 1 മണിവരെയാണ് പരീക്ഷയുടെ സമയം. നവംബർ 3-ാം തീയതി രാവിലെ 10 മുതൽ വൈകുന്നേരം 5 മണിവരെ രൂപതാ മതബോധന കേന്ദ്രത്തിലും മാനന്തവാടി സെന്റ് ജോസഫ്സ് ബുക്കുസ്റ്റാളിലും (മാനന്തവാടി, പയ്യമ്പള്ളി, ചുങ്കക്കുന്ന്, ഫൊറോനകൾ) ചോദ്യപേപ്പർ ലഭ്യമായിരിക്കും.

**+2 സംഗമം, രൂപതാ വിസിറ്റ്**

കാലാവസ്ഥാ പ്രതിസന്ധിമൂലം നേരത്തെ അറിയിച്ചതിൻ പ്രകാരം ചില ഫൊറോനകളിൽ +2 സംഗമവും രൂപതാ ടീമിന്റെ ഇടവക സന്ദർശനവും മാറ്റിവെയ്ക്കേണ്ടി വന്നിട്ടുണ്ട്. അവ പുനക്രമീകരിച്ചതിന്റെ സ്ഥലവും തീയതിയും താഴെ കൊടുക്കുന്നു.

**വിവിധ ഫൊറോനകളിലെ സന്ദർശന തീയതികൾ**

| | | |
|---|---|---|
| ഒക്ടോബർ 7 | - | ചുങ്കക്കുന്ന് ഫൊറോന |
| ഒക്ടോബർ 21 | - | നീലഗിരി റീജിയൻ |
| നവംബർ 11 | - | തരിയോട് ഫൊറോന |
| നവംബർ 18 | - | നിലമ്പൂർ, മണിമൂളി ഫൊറോനകൾ |
| നവംബർ 25 | - | കല്പറ്റ ഫൊറോന |
| ഡിസംബർ 9 | - | ബത്തേരി ഫൊറോന |

**+2 സംഗമം**

| | | |
|---|---|---|
| ഒക്ടോബർ 7 | - | നീലഗിരി റീജിയൻ |
| ഒക്ടോബർ 21 | - | ദ്വാരക ഫൊറോന |
| നവംബർ 11 | - | നിലമ്പൂർ, മണിമൂളി ഫൊറോനകൾ |
| നവംമ്പർ 18 | - | ചുങ്കക്കുന്ന് ഫൊറോന |
| നവംമ്പർ 25 | - | കല്ലോടി ഫൊറോന |
| ഡിസംബർ 2 | - | മാനന്തവാടി ഫൊറോന |

ഡിസംബർ 9 – മാനന്തവാടി ഫൊറോന

ഡിസംബർ 21 – പയ്യമ്പള്ളി ഫൊറോന

## HDC Contact Class

HDC വിദ്യാർത്ഥികളുടെ ആവശ്യപ്രകാരം ബത്തേരിയിൽ ക്ലാസ് അനുവദിക്കുകയാണ്. 2018 ഡിസംബർ 1, 2019 ജനുവരി 12 തീയതികളിലെ ഒന്നാം വർഷ HDC ക്ലാസ്സും ബത്തേരിയിലായിരിക്കും. മറ്റു തീയതികളിലെ ക്ലാസ്സുകൾ മതബോധന കലണ്ടറിൽ അറിയിച്ചിരിക്കുന്ന സ്ഥലങ്ങളിൽ തന്നെയായിരിക്കും.

**ആദരാഞ്ജലികൾ**

പൂളപ്പാടം സെന്റ് ജോർജ്ജ് ഇടവകയിലെ മതബോധന രംഗത്ത് സ്തുത്യർഹമായി സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കെ നിത്യതയിലേക്ക് വിളിക്കപ്പെട്ട നീന വലിയമറ്റം ടീച്ചറിന് രൂപതാ മതബോധന കുടുംബത്തിന്റെ ആദരാഞ്ജലികളും പ്രാർത്ഥനകളും.

**+1 വിദ്യാർത്ഥി സംഗമം – ഡിസംബർ 16**

നവംബർ 16–ാം തീയതിയിലെ +1 വിദ്യാർത്ഥി സംഗമം, ക്ലാസ്സെടുക്കാൻ വരുന്നയാളുടെ സൗകര്യം പരിഗണിച്ച് ഡിസംബർ 16–ന് ഞായറാഴ്ചയിലേക്ക് മാറ്റി വെച്ചിരിക്കുന്നു. ഡിസംബർ 16 ഞായറാഴ്ച നമ്മുടെ രൂപതയിൽ 11–ാം ക്ലാസ്സിൽ വിശ്വാസപരിശീലനം നേടിക്കൊണ്ടിരിക്കുന്ന മുഴുവൻ വിദ്യാർത്ഥികളുടെയും സംഗമം ദ്വാരക പാസ്റ്ററൽ സെന്ററിൽ ക്രമീകരിക്കുന്നു. രാവിലെ 9.30 ന് അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലുള്ള വി. ബലിയോടുകൂടെ സംഗമം ആരംഭിച്ച് വൈകുന്നേരം 4.00 ന് അവസാനിക്കും.

**പ്ലസ് ടു പ്രതിഭാസംഗമം**

പ്ലസ് ടു വിദ്യാർത്ഥികളുടെ ഫൊറോനാതല പ്രതിഭാസംഗമം നടത്തി രൂപതാതല സംഗമത്തിനുള്ള കുട്ടികളുടെ പേര് നവംബർ 30–ന് മുമ്പ് ഓഫീസിൽ അറിയിക്കേണ്ടതാണ്. ഫൊറോനാതല പ്രതിഭാസംഗമത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന രണ്ട് ആൺകുട്ടികളുടേയും രണ്ട് പെൺകുട്ടികളുടേയും പേര്, വീട്ടുപേര്, ഇടവക, ഫോൺ നമ്പർ എന്നിവയാണ് ഓഫീസിൽ തരേണ്ടത്. ഫൊറോന മതബോധന ഡയറക്ടേഴ്സും സെക്രട്ടറിമാരും ശ്രദ്ധിക്കുമല്ലോ.

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് കുടുംബാംഗങ്ങളെ,

'നിങ്ങളുടെ വിശ്വാസം ലോകം മുഴുവനും അറിയട്ടെ'

ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവിൻ എന്ന ക്രിസ്തു വചനത്തിന്റെ ആഴമന്വേഷിക്കുമ്പോൾ അത് ഇപ്രകാരമൊരു ആഹ്വാനമാണെന്ന് നമുക്ക് തിരിച്ചറിയാനാവും... 'നമ്മുടെ ലോകം' എന്ന ആശയത്തെ നിർവ്വചിക്കാൻ നമുക്ക് ശരിയായ വിധം സാധിക്കുമ്പോഴാണ് ഈ നിയോഗത്തിന്റെ പ്രായോഗികത ഉൾക്കൊള്ളാനാവുക... 'നാം ആയിരിക്കുന്ന ഇടം' ആണ് പ്രഥമമായി നമ്മുടെ ലോകം...നമ്മുടെ കുടുംബം, നമ്മുടെ വിദ്യാലയം, ജോലിസ്ഥലം എന്നൊക്കെ അതിനെ വിശദീകരിക്കാം... ആ ഇടത്തിൽ ഒരു യഥാർത്ഥ വിശ്വാസിക്ക് ഇണങ്ങുംവിധം ജീവിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്ന വചനമാണിത്. 'സദ്വാർത്ത'എന്തെന്ന് കേൾക്കുന്നതിനേക്കാൾ 'സദ്വാർത്ത' എന്തെന്ന് അനുഭവിക്കാൻ സഹജരെല്ലാവർക്കും സാധിക്കുംവിധം ജീവിക്കുവാൻവേണ്ടി നമ്മുടെ മിഷൻലീഗ് കുടുംബാംഗങ്ങൾ ഒന്നിച്ചു പരിശ്രമിക്കുന്ന 'മിഷൻമാസാചരണ'ത്തിന്റെ 31 ദിനങ്ങൾ ആഗതമായിരിക്കുന്നു. മിഷൻമാസം മിഷൻലീഗ് കുടുംബം പ്രേഷിതോത്സാഹത്താൽ ധന്യമാകണം... നമ്മുടെ ഇടവകയിലും പരിസരങ്ങളിലുമെല്ലാം ക്രിസ്തുവിന്റെയും, സംഘടനാ ശക്തിയുടേയും ചൈതന്യം ഒരുപോലെ പ്രസരിക്കുവാൻ നാം ഉപകരണങ്ങളാകണം... അപ്പോൾ നമുക്ക് പകർന്നു കിട്ടുന്ന ഊർജ്ജം ലോകമെങ്ങും സുവിശേഷ സാക്ഷ്യമേകുവാനുള്ള വിളിയിൽ വളരുവാൻ നമ്മെ പ്രാപ്തരാക്കും...

തീഷ്ണ പ്രേഷിതത്വത്തിന്റെ ഉജ്ജ്വല മാതൃകകളുണ്ടാവട്ടെ എന്ന ആശംസയോടെ... പ്രാർത്ഥനയോടെ... സ്നേഹത്തോടെ..

**ഷിജു അച്ചൻ**

**ഒക്ടോബർ മാസത്തിലെ പ്രവർത്തനങ്ങൾ**

പ്രാർത്ഥനാ മലരുകൾ – 71 എത്രയും ദയയുള്ളമാതാവേ

മിഷൻ പ്രയർബാങ്ക് – മണ്ഡ്യരൂപത (മാനന്തവാടി മേഖലയിലെ ശാഖകൾ)

'സ്നേഹദൂത്' – ശാഖാ സന്ദർശനങ്ങൾ : നീലഗിരി (07–10–2018) കൽപ്പറ്റ (21–10–2018 ) മേഖലകളിൽ സന്ദർശനം നടത്തുന്നു.

**മികച്ച മിഷൻ മാസാചാരണ പ്രവർത്തനങ്ങൾക്ക് ക്യാഷ് അവാർഡ്**

ഏറ്റവും മികച്ച മിഷൻമാസ പ്രവർത്തനങ്ങൾക്ക് ഈ വർഷം ക്യാഷ് അവാർഡ് നൽകുന്നു. ഒന്നാം സ്ഥാനം-3001 രൂപ, രണ്ടാം സ്ഥാനം-2001 രൂപ, മൂന്നാം സ്ഥാനം -1001 രൂപ എന്നീ ക്രമത്തിൽ നൽകുന്നു. നവംബർ 15 ന് മുമ്പ് റിപ്പോർട്ട് രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**കനിവ് - 2018**

പ്രളയ ദുരിതബാധിതർക്കുവേണ്ടി നമ്മുടെ മേഖലകളും ശാഖകളും ധാരാളം സഹായം ചെയ്തിട്ടുണ്ട്. എല്ലാവരേയും അഭിനന്ദിക്കുന്നു. ഈ പ്രവർത്തനങ്ങളുടെ റിപ്പോർട്ടും, വരവു ചെലവു കണക്കുകളും ഫോട്ടോകളുണ്ടെങ്കിൽ അതും ഒക്ടോബർ 15-ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**ഏയ്ഞ്ചൽ മീറ്റ് - ഒക്ടോബർ - 13**

ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ സംഗമം 13-10-2018 രണ്ടാം ശനിയാഴ്ച രാവിലെ 9.00 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് 50 രൂപ ആയിരിക്കും. രജിസ്ട്രേഷൻ 9 മണിക്ക് ആരംഭിക്കുന്നു. 9.30 ന് വി. കുർബാനയോടുകൂടി സംഗമം ആരംഭിക്കുന്നു. വരുമ്പോൾ A4 പേപ്പറിൽ ശാഖയുടെ പേര്, കുട്ടികളുടെ പേരും, വീട്ടുപേരും എഴുതി ഒപ്പിട്ട് കൊണ്ടുവരുകയും രജിസ്ട്രേഷൻ സമയത്ത് നൽകുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

**വിജ്ഞാന ദീപിക ടെലികവിസ്സ്** - 28-10-2018 ഞായറാഴ്ച - 3 മണി മുതൽ 4 മണിവരെ.

**പ്രവർത്തന റിപ്പോർട്ടുകൾ**

**മാലിപ്പറമ്പിൽ അനുസ്മരണം**

ചങ്ങനാശ്ശേരിയിലെ ആർപ്പൂക്കരയിൽ വച്ചു നടത്തിയ ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക നേതാവ് ബഹു. ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ അനുസ്മരണത്തിൽ രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും മികച്ച മേഖലാ - ശാഖാ പ്രതിനിധികളും പങ്കെടുത്തു.

**സ്നേഹദൂത്**

നിലമ്പൂർ മേഖലയിലെ ശാഖാ സന്ദർശനത്തിന് നേതൃത്വം നൽകിയ എക്സിക്യൂട്ടീവ് & ടീം അംഗങ്ങൾക്കും സഹകരിച്ച ശാഖാ ഡയറക്ടേഴ്സ്, ജോ. ഡയറക്ടേഴ്സിനും ഭാരവാഹികൾക്കും നന്ദിയും അഭിനന്ദനങ്ങളും.

**സ്മൃതി 2018**

പൂളപ്പാടം ശാഖയിൽ വച്ച് രൂപതയും ശാഖയും ചേർന്ന് സംയുക്തമായി കുഞ്ഞേട്ടൻ അനുസ്മരണം, ബഹു. ജോസഫ് മാലിപ്പറമ്പിൽ

അച്ചന്റെ അനുസ്മരണം എന്നിവ നടത്തി. രൂപതാ ഡയറക്ടർ റവ.ഫാ. ഷിജു ഐക്കരക്കാനായിൽ വി.ബലി അർപ്പിച്ച് പ്രാത്ഥിക്കുകയും, രൂപതാ പ്രസിഡണ്ട് ശ്രീ. ഷാജി ചന്ദനപറമ്പിൽ ക്ലാസ്സിന് നേതൃത്വം നൽകുകയും ചെയ്തു.

**ആത്മ 2018**

രൂപതാ സമിതിയുടേയും ബത്തേരി മേഖലാ സമിതിയുടേയും സംയുക്താഭിമുഖ്യത്തിൽ 'ആത്മ 2018' ദൈവവിളി ആരാധനയും – മാനേജിംഗ് കമ്മറ്റിയും അസംപ്ഷൻ ഫൊറോന പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ബത്തേരി മേഖലാ ഡയറക്ടർ റവ.ഫാ. ജോബി മുക്കാട്ടുകാവുങ്കൽ ആരാധന നയിച്ചു. രൂപതാ ഡയറക്ടർ റവ.ഫാ. ഷിജു ഐക്കരക്കാനായിൽ, പ്രസിഡണ്ട് ശ്രീ.ഷാജി ചന്ദനപറമ്പിൽ, ജനറൽ ഓർഗനൈസർ ശ്രീ.രഞ്ജിത്ത് മുതുപ്ലാക്കൽ എന്നിവർ പങ്കെടുത്തു.

**നവജ്യോതി ഫണ്ട് കൈമാറി**

ചെറുപുഷ്പ മിഷൻലീഗിന്റെ ഭവന പുനരുദ്ധാരണ പദ്ധതിയായ 'നവജ്യോതി' ഫണ്ടിലേയ്ക്ക് ബത്തേരി മേഖല ഇരുപതിനായിരത്തിഒന്ന് രൂപ (20,001) രൂപതാ ഡയറക്ടർ ഷിജു ഐക്കരക്കാനായിൽ അച്ചന് കൈമാറി. മേഖലാ ഡയറക്ടർ റവ.ഫാ.ജോബി മുക്കാട്ടുകാവുങ്കൽ, ആനിമേറ്റർ സി. ബ്രിജിറ്റ് SH, പ്രസിഡണ്ട് ശ്രീ.ജോഷി മുഞ്ഞനാട്ട് സെക്രട്ടറി ആൻസി പൂവഞ്ചേരി എന്നിവർക്കും മറ്റ് ഭാരവാഹികൾ എല്ലാവർക്കും അഭിനന്ദനങ്ങളും നന്ദിയും...

**മേഖലാ വാർത്തകൾ: തരിയോട് മേഖല**

കുഞ്ഞേട്ടൻ അനുസ്മരണം നടത്തി. വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഘോഷിച്ചു.

**ബത്തേരി മേഖല**

വി. ജോൺ വിയാനിയുടെ തിരുനാളിന് വൈദികർക്ക് ആശംസാ കാർഡുകൾ അയച്ചു. ചുള്ളിയോട്, കരണി, കടൽമാട്, മീനങ്ങാടി എന്നീ ശാഖകളിൽ സൗഹൃദ സന്ദർശനം നടത്തി. ദൈവവിളിക്കായ് ആരാധന നടത്തി.

ഓഗസ്റ്റ് മാസത്തിലെ പ്രളയക്കെടുതിയിൽ മിഷൻലീഗിന്റെ നേതൃത്വത്തിൽ രൂപതയിലെ എല്ലാ ശാഖകളുടെയും നേതൃത്വത്തിൽ നടത്തിയ ദുരിതാശ്വാസപ്രവർത്തനങ്ങൾ അഭിനന്ദനീയമാണ്. എല്ലാ കുഞ്ഞുമിഷനറിമാരെയും നേതൃത്വം കൊടുത്തവരെയും സ്നേഹത്തോടെ ഓർക്കുന്നു. മനസ്സിലും ഹൃദയത്തിലും കാരുണ്യത്തിന്റെ ചിന്തകൾ നിറച്ചുകൊണ്ട് നമുക്ക് ചെമ്മഞ്ഞക്കൊടിയുടെ കീഴിൽ അണിനിരക്കാം... മിഷൻ അഭിവാദ്യങ്ങളോടെ,

**ബിനീഷ് തുമ്പായാംകുഴിയിൽ**

സി.എം.എൽ. രൂപതാ സെക്രട്ടറി

## Department of Youth Ministry

**ലൈഫ് ട്രെയിനിംഗ് 2016, 2017, 2018 ബാച്ച്**

ആഗസ്റ്റ് 21-ാം തീയതി ചൊവ്വാഴ്ച്ച രാവിലെ 10 മണിക്ക് ലൈഫ് ട്രെയിനിംഗ് 2016, 2017, 2018 ബാച്ചിന്റെ ക്ലാസ്സ് ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. ചൊവ്വാഴ്ച്ച രാവിലെ 11 മണി മുതൽ ആന്റണി മങ്കടപ്ര സാർ വിദ്യാർത്ഥികൾക്ക് ലീഡർഷിപ്പ് ട്രെയിനിംഗ് നല്കി. 22-ാം തീയതി ബുധനാഴ്ച്ച ജിതിൻ സാർ പൊതു വിജ്ഞാനത്തിലും, ബിജി ടീച്ചർ ഫിസിക്സ് വിഷയത്തിലും ക്ലാസ്സുകൾ നല്കി. 23-ാം തീയതി വ്യാഴാഴ്ച്ച ഷാജി ചന്ദനപറമ്പിൽ-മലയാളം, ജിനി ടീച്ചർ-ബയോളജി, സി.അനിത സി.എം.സി - കെമിസ്ട്രി എന്നീ വിഷയങ്ങളിലും ക്ലാസ്സുകൾ എടുത്തു. 24-ാം തീയതി വെള്ളിയാഴ്ച്ച രാവിലെ വിശുദ്ധ കുർബാനക്ക് ശേഷം ജന്മദിനം ആഘോഷിക്കുന്ന വിദ്യാർത്ഥികൾക്ക് ആശംസ നേരുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് വിദ്യാർത്ഥികൾ അവരുടെ പ്രാർത്ഥനാ ജീവിതവും, പഠനവും, മറ്റുള്ളവരുമായുള്ള അവരുടെ ബന്ധങ്ങളും വിലയിരുത്തി സംസാരിച്ചു. ഫാ.ലാൽ ജേക്കബ് പൈനുങ്കൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ തിരുത്തലുകളും പ്രോത്സാഹനവും നല്കി.

**ജാഗരണ പ്രാർത്ഥന**

യുവജന വർഷത്തോടനുബന്ധിച്ചുള്ള ജാഗരണ പ്രാർത്ഥന 05-09-2018 ബുധനാഴ്ച്ച ഓഫീസ് ചാപ്പലിൽ നടത്തി. ലൈഫ് വിദ്യാർത്ഥികളുടെ മാതാപിതാക്കളും യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളും സന്നിഹിതരായിരുന്നു.

**സി. ലിൻസി എസ്.സി.വി**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ടി

**കെ.സി.വൈ.എം. ഒന്നാംഘട്ട ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ റിപ്പോർട്ട്**

രൂപതാ സമിതിയുടെയും ദ്വാരക യൂണിറ്റിന്റെയും ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 9 ന് വസ്ത്രങ്ങളും കമ്പിളിയും ശേഖരിച്ച് ആറാട്ടുതറ ദുരിതാശ്വാസ ക്യാമ്പിൽ വിതരണം ചെയ്തു. പ്രസിഡണ്ട് ജിഷിൻ, സെക്രട്ടറി അലീന, ദ്വാരക യൂണിറ്റംഗങ്ങളായ മേബിൾ, നിധിൻ വളോംകണ്ടത്തിൽ, സി. സ്മിത, സി. ഡെൽന എന്നിവർ നേതൃത്വം നൽകി.

– 10/8 ന് റെഡ്ക്രോസ് സംഘടനയുടെ സഹകരണത്തോടെ കോട്ടത്തറ ഭാഗത്ത് ഒറ്റപ്പെട്ട കുടുംബങ്ങളിൽ ഭക്ഷണ കിറ്റുകളും വസ്ത്രങ്ങളും എത്തിച്ചു. ജിഷിൻ, ആൽഫിൻ അമ്പാറയിൽ, അമൽ, സി.സ്മിത എന്നിവർ നേതൃത്വം നൽകി.

– 13/8 ന് കമ്മന ഭാഗത്ത് ഒറ്റപ്പെട്ട 8 കുടുംബങ്ങൾക്കും യവനാർകുളം ഭാഗത്തുള്ള 6 കുടുംബങ്ങൾക്കും ഭക്ഷണ കിറ്റുകൾ വിതരണം ചെയ്തു. ജിഷിൻ, സുബിൻ ജോസ്, ബിബിൻ പിലാപ്പള്ളി എന്നിവർ നേതൃത്വം നൽകി.

– 14/3 ന് അഞ്ചുകുന്ന് പാലുകുന്ന് എന്ന സ്ഥലത്ത് ഒറ്റപ്പെട്ടുപോയ അനിലിന്റെ വളർത്തുമൃഗങ്ങളുടെ ഫാം സന്ദർശിച്ച് കാലിതീറ്റ വിതരണം ചെയ്തു. ഫാ. റോബിൻ, ജിഷിൻ, സി. സ്മിത, കൊമ്മയാട് നിന്ന് അമൽ, അഖിൽ എന്നിവർ സഹകരിച്ചു. ചെമ്പനോട ഇടവകയിലെ കെ.സി.വൈ.എം. പ്രവർത്തകർ സംഭാവന നൽകിയ വസ്ത്രങ്ങളും, ഭക്ഷ്യ വസ്തുക്കളും കിറ്റുകളാക്കി കോറോം ഭാഗത്തും, വസ്ത്രങ്ങൾ പുതിയിടംകുന്ന് ആദിവാസികോളനിയിലും അപ്പപ്പാറയിലും എത്തിച്ചു. കൂടാതെ രൂപതാ ഓഫീസിൽ നിന്നും നൂറോളം പേർക്ക് വസ്ത്രങ്ങളും ഭക്ഷണ കിറ്റുകളും സ്റ്റേഷനി സാധനങ്ങളും വിതരണം ചെയ്തു.

– 20/8 ന് വെള്ളം കയറി ഒറ്റപ്പെട്ടുപ്പോയ പാലുക്കുന്നുള്ള അനിലിന്റെ വീടും ഫാമും കൊമ്മയാട് ഇടവകയിലെ കെ.സി.വൈ.എം. അംഗങ്ങളുടെയും SABS, SH സിസ്റ്റേഴ്സിന്റെയും സഹായത്തോടെ ശുചീകരിച്ചു. അരി, കുടിവെള്ളം എന്നിവ വിതരണം ചെയ്തു.

– 21/8 ന് മാനന്തവാടി പുഴവക്കിലുള്ള മേരി ചേച്ചിയുടെ വീട് വൃത്തിയാക്കി ബക്കറ്റ്, വസ്ത്രങ്ങൾ, കുടിവെള്ളം എന്നിവ വിതരണം ചെയ്തു.

– 22/8 ന് കെ.സി.വൈ.എം. സംഘടിപ്പിച്ച വിവിധ ഇടവകകളിലെ സന്നദ്ധ പ്രവർത്തകരായ 106 പേർ മുരിങ്ങൂർ ഡിവൈൻ ധ്യാന കേന്ദ്രം വൃത്തിയാക്കി. സഹകരിച്ച കയ്യൂന്നി, മംഗലശ്ശേരി, അമരക്കുനി, ശശിമല, വാളേരി എന്നീ ഇടവകകൾക്കും SH, SABS, CMC, SCV സിസ്റ്റേഴ്സിനും, ഫാ. തോമസ് മണക്കുന്നേൽ, ഫാ. ബിജോ കറുകപ്പള്ളി, ഫാ. അനീഷ് കാട്ടാംകോട്ടിൽ, ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, ഫാ. ഷിജു ഐക്കരക്കാനായിൽ എന്നീ വൈദികർക്കും കെ.സി.വൈ.എമ്മിന്റെ പേരിലുള്ള നന്ദി അറിയിക്കുന്നു.

– 3/9 കണ്ണൂരിൽ നിന്നുള്ള വനിതാ ഗ്രൂപ്പിന്റെ സഹായത്തോടെ ലഭിച്ച സ്കൂൾ ബാഗുകൾ കണിയാരം, തലപ്പുഴ, തവിഞ്ഞാൽ, ആലാറ്റിൽ, പയ്യംപള്ളി എന്നിവിടങ്ങളിൽ വിതരണം ചെയ്തു. ഉരുൾപ്പൊട്ടൽ നാശം വിതച്ച മക്കിമല, സെന്റ് തോമസ് പള്ളിയിൽ നടക്കുന്ന ക്യാമ്പ് എന്നിവ സന്ദർശിച്ചു.

**രണ്ടാംഘട്ട ദുരിതാശ്വാസ പ്രവർത്തനങ്ങൾ**

ജീവനും സ്വത്തിനും ഭീഷണിയായി കേരളത്തെ ഗ്രസിച്ച പ്രകൃതി ദുരന്തങ്ങളിൽ കൈത്താങ്ങാകുവാൻ കെ.സി.വൈ.എം. മാനന്തവാടി രൂപത രണ്ടാംഘട്ട ദുരിതാശ്വാസ പ്രവർത്തനങ്ങൾ 9/8 ന് ആരംഭിച്ചു. തങ്ങളുടെ ഏക വരുമാനമാർഗ്ഗമായിരുന്ന വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ടവർക്ക് വളർത്തുമൃഗങ്ങളെ നൽകി. സാമ്പത്തിക ഭദ്രത കൈവരിക്കുവാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യമാണ് കെ.സി.വൈ.എം. വിഭാവനം ചെയ്യുന്നത്. അഞ്ച് കുടുംബങ്ങൾക്ക് 7000 രൂപ വിലവരുന്ന 10 കോഴികുഞ്ഞുങ്ങളടങ്ങുന്ന 5 കോഴിക്കൂടുകൾ നൽകി മാനന്തവാടി രൂപതാ പ്രൊക്കുറേറ്റർ ഫാ. ജിൽസൺ കോക്കണ്ടത്തിൽ പദ്ധതി ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡണ്ട് ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ അദ്ധ്യക്ഷത വഹിച്ച പദ്ധതി ഉദ്ഘാടന സമ്മേളനത്തിന് ജനറൽ സെക്രട്ടറി സുബിൻ ജോസ് സ്വാഗതം ആശംസിച്ചു. കെ.സി.വൈ.എം. പ്രവർത്തകരുടെ നന്മ മനസ്സിന്റെ പ്രതിഫലനമാണ് ഈ പദ്ധതി എന്ന് രൂപതാ ഡയറക്ടർ ഫാ. റോബിൻ പടിഞ്ഞാറയിൽ ആമുഖ പ്രഭാഷണത്തിൽ പറഞ്ഞു. വൈസ് പ്രസിഡണ്ട് കുമാരി റോസ് മേരി തേറുകാട്ടിൽ, ആനിമേറ്റർ സി. സ്മിത എസ്.എ.ബി.എസ്, സംസ്ഥാന സിൻഡിക്കേറ്റംഗം ബിബിൻ ചെമ്പക്കര, രൂപതാ സിൻഡിക്കേറ്റംഗങ്ങളായ റ്റിബിൻ, സി. വിനയ എ.എസ്.എം.ഐ. തുടങ്ങിയവർ ആശംസകൾ അറിയിച്ച് സംസാരിച്ചു. ബിജു ജോർജ്ജ് വട്ടക്കുഴിയിൽ (തലപ്പുഴ), രമേശ് തേക്കാനത്ത് (മാടക്കുന്ന്), ജോസ് റ്റി.എ. തുമ്പിയാംകുഴിയിൽ (കോട്ടത്തറ), ജേക്കബ് പുളിന്താനം (കുറുമണി), ചാക്കോ പടിഞ്ഞാറെക്കുടുപ്പിൽ (കുറുമണി) എന്നിവർക്ക് കോഴിക്കൂടുകൾ കൈമാറി. ഈ പദ്ധതിയിലേയ്ക്ക് സംഭാവന നൽകിയ അഖിൽ പള്ളത്ത്, ഗ്രാലിയ അലക്സ്, സി. ലിന്റ, ബബിത, അശ്വതി, മിസിസ് മോളി എന്നിവർക്ക് കെ.സി.വൈ.എം. കുടുംബത്തിന്റെ നന്ദി.

**വി.പൗലോസ് ശ്ലീഹ അനുസ്മരണം - ഉപന്യാസമത്സര വിജയികൾ**

'ക്രിസ്തു ദാർശനീക യുവത്വം - വി. പൗലോസിന്റെ ദൈവ ശാസ്ത്ര പ്രബോധനങ്ങളുടെ വെളിച്ചത്തിൽ' എന്ന വിഷയത്തിൽ ജൂലൈ മാസത്തിൽ സംഘടിപ്പിച്ച ഉപന്യാസമത്സര വിജയികൾ

ഒന്നാം സമ്മാനം: ലിറ്റി വിനീഷ് വണ്ടൂർ (സെന്റ് ജോസഫ്സ് കത്തീഡ്രൽ കണിയാരം)

രണ്ടാം സമ്മാനം: ഹൃദ്യ ജോൺ (സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് തോണിച്ചാൽ)

മൂന്നാംസമ്മാനം: ലിനറ്റ് ആനച്ചാലിൽ (ലിറ്റിൽഫ്ളവർ ചർച്ച് പുതിയിടം)

**യൂണിറ്റ് വാർത്തകൾ: പാലേമാട് യൂണിറ്റ്**

യുവജന ദിനത്തിനൊരുക്കമായി 7-7-18 ന് യുവജനങ്ങൾ ഒരു മണിക്കൂർ ആരാധന നടത്തി വിശുദ്ധ കുമ്പസാരത്തിനണഞ്ഞു. 8-ന് നടന്ന യുവജന ദിനാഘോഷിന്റെ ഭാഗമായി നടന്ന യൂത്ത് മാസ്സിൽ സജീവമായി പങ്കെടുക്കുകയും തുടർന്ന് യുവജനദിനത്തിന്റെ ഓർമ്മയ്ക്കായ് വൃക്ഷ തൈ നടുകയും ചെയ്തു. ബസ്സ് വെയ്റ്റിംഗ് ഷെഡ് വൃത്തിയാക്കി. അംഗത്വ നവീകരണവും അംഗത്വ സ്വീകരണവും നടത്തി.

**വലിയകൊല്ലി**

ഓരോ കുടുംബത്തിനും ആവശ്യമായ ചച്ചക്കറി അവരവരുടെ വീട്ടുവളപ്പിൽതന്നെ നട്ടുവളർത്തുക എന്ന ലക്ഷ്യത്തോടെ ഇടവകയിലെ എല്ലാ വീടുകളിലും പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു. ഫിഫ വേൾഡ് കപ്പ് പ്രവചനമത്സരം നടത്തി, വിജയിയെ തെരഞ്ഞെടുത്ത് സമ്മാനം നൽകി.

**കാട്ടിക്കുളം യൂണിറ്റ്**

വിളക്ക് എന്ന പേരിൽ യുവജനമാസാചരണം ആരംഭിച്ചു. സാന്ത്വനം പരിപാടിയുടെ ഭാഗമായി ക്യാൻസർ രോഗിക്കായി ചികിൽസാ സഹായം നൽകി. മാനന്തവാടി ഗവൺമെന്റ് ഹോസ്പ്പിറ്റലിൽ ഭക്ഷണം വിതരണം ചെയ്തു. യുവജന വർഷത്തോടനുബന്ധിച്ച് തയ്യാറാക്കിയ മാഗസിൻ 'ഇലുമിനാ' ഡയറക്ടർ പ്രകാശനം ചെയ്തു. സെപ്റ്റംബർ 2 ന് കെ.സി.വൈ.എം. ആന്തത്തിനുശേഷം പതാക താഴ്ത്തിയതോടു കൂടെ കെ.സി.വൈ.എം. മാസാചരണം സമാപിച്ചു.

**ചുങ്കക്കുന്ന് യൂണിറ്റ്**

ഓഗസ്റ്റ് 1 ന് യുവജന മാസാചരണം ആരംഭിച്ചു. 5 ന് ബഹുമാനപ്പെട്ട നോബിൾ പാറക്കലച്ചൻ മാധ്യമ പഠന ക്ലാസ്സ് നയിച്ചു. മാതൃവേദിയുടെ സഹകരണത്തോടെ 'ജൈവകൃഷിയുടെ ആവശ്യകതയും, ഭക്ഷണത്തിലെ മായവും' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.

**തരിയോട് യൂണിറ്റ്**

യുവജന മാസാചരണത്തോടനുബന്ധിച്ച് 15 ദിവസം ജപമാലയർപ്പിച്ച് പ്രാർത്ഥിച്ചു. ദുരിത മേഖലകളിലും ക്യാമ്പുകളിലും സഹായിച്ചു. വീട് നഷ്ടപ്പെട്ട 2 കുട്ടികളെ കെ.സി.വൈ.എം. തരിയോട് യൂണിറ്റ് ദത്തെടുത്തു.

**നരിവാലമുണ്ട യൂണിറ്റ്**

യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രായപരിധിയില്ലാതെ ബൈബിൾ വാക്യ മത്സരം നടത്തി. വിജയികൾക്കും പങ്കെടുത്തവർക്കും സമ്മാനം നൽകുകയും ചെയ്തു. വൃദ്ധമാതാപിതാക്കളെ സന്ദർശിച്ച് അവരോടൊപ്പം സമയം ചിലവഴിച്ചു. യുവജന മാസാചരണത്തിന്റെ ഭാഗമായി ഓഗസ്റ്റ് 1 മുതൽ തുടർ ബൈബിൾ വായനാ യഞ്ജം സംഘടിപ്പിച്ചു. നിലമ്പൂർ ഗവൺമെന്റ് ഹോസ്പ്പിറ്റലിൽ ഒരുനേരത്തെ ഭക്ഷണം വിതരണം ചെയ്തു.

**ബത്തേരി യൂണിറ്റ്**

യുവജനദിനത്തിൽ ബത്തേരിയിൽ വച്ച് ഫോക്ക് ലോർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ യുവജന സംഗമം സംഘടിപ്പിച്ചു. ഓഗസ്റ്റ് 26 ഞായറാഴ്ച്ച രാവിലെ കുർബാനയ്ക്ക് ശേഷം ദേവാലയാങ്കണത്തിൽ ഫ്ളാഷ് മോബ് സംഘടിപ്പിച്ച്, പ്രളയബാധിതരോട് ഐക്യദാർഢ്യം പ്രകടിപ്പിച്ച് കെ.സി.വൈ.എം. അംഗങ്ങൾ അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും സഹായം ചെയ്യുകയും ചെയ്തത് എല്ലാവർക്കും പ്രചോദനമായി.

**കല്ലുവയൽ യൂണിറ്റ്**

കുമ്പസാര കൂദാശയെ അധിക്ഷേപിച്ച കേന്ദ്ര വനിതാ കമ്മീഷന്റെ പ്രസ്താവനയെ നിരാകരിച്ച് കോലം കത്തിച്ച് പ്രതിഷേധിച്ചു.

**കല്ലോടി യൂണിറ്റ്**

കെ.സി.വൈ.എം. മാസാചരണത്തിന്റെ ഭാഗമായി പതാക ഉയർത്തി. രോഗീസന്ദർശനം, വിയാനിദിനാഘോഷം, വിശുദ്ധ കുർബാനയുടെ ആരാധന എന്നിവ സംഘടിപ്പിച്ചു. 5-ന് ശ്രീ. വിനു മൂലേപ്പറമ്പിൽ ലഹരിവിരുദ്ധ സെമിനാർ നയിച്ചു. 103 യുവജനങ്ങൾ പങ്കെടുത്തു. 12 ന് 'വെളിപാട് ഒരവലോകനം' എന്ന വിഷയത്തിൽ ഫാ. അഗസ്റ്റ്യൻ പുത്തൻപുര യുവജനങ്ങൾക്ക് ക്ലാസ്സുകളെടുത്തു. നീഹാരം എന്ന കൈയ്യെഴുത്തു മാസിക പ്രസിദ്ധീകരിച്ചു.

**കണിയാരം യൂണിറ്റ്**

യുവജന ധ്യാനത്തിനുള്ള ഒരുക്കമായി വീടുകൾ കയറി യുവജനങ്ങളുടെ വിവരശേഖരണം നടത്തി.

**സുബിൻ ജോസ് കൊഴുപ്പത്തടത്തിൽ** - ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ സെപ്റ്റംബർ 2 മുതൽ 5 വരെ നടന്ന MPC യിൽ 91 പേർ പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | | |
|---|---|---|---|
| ഒക്ടോബർ | 01 – 04 | : | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഒക്ടോബർ | 26 – 29 | : | പാസ്റ്ററൽ സെന്റർ ദ്വാരക |
| നവംബർ | 14 – 17 | : | പാസ്റ്ററൽ സെന്റർ ദ്വാരക |

മണിമൂളി പാസ്റ്ററൽ സെന്ററിൽ നവംബർ 23 മുതൽ 26 വരെ വിവാഹഒരുക്ക സെമിനാർ നടത്തുന്നതാണ്. ഇക്കാര്യം മണിമൂളി, നിലമ്പൂർ, നീലഗിരി പ്രദേശങ്ങളിലെ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇടവകകളിൽ അറിയിക്കുമല്ലോ.

**മരിയൻ സിംഗിൾസ്**

സെപ്റ്റംബർ 15–ന് മീറ്റിംഗ് ചേർന്നു. പതിവുപോലെ പ്രാർത്ഥനയും ക്ലാസും നടന്നു. അടുത്ത മീറ്റിംഗ് ഒക്ടോബർ 15 ന് ആയിരിക്കും.

**മാതൃവേദി**

സെപ്റ്റംബർ 15–ന് രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. മഴക്കെടുതിയുടെ സമയത്ത് രൂപതയിൽ മാതൃവേദി ചെയ്ത പ്രവർത്തനങ്ങൾ വിലയിരുത്തി. ദുരിതബാധിതരായ ആളുകൾക്ക് പല വിധത്തിലുള്ള സഹായങ്ങൾ എത്തിച്ചു നൽകാൻ മാതൃവേദി അംഗങ്ങൾക്കു സാധിച്ചു. രൂപതാ എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ വിവിധ ക്യാമ്പുകളിലേക്കായി 10000 രൂപയുടെ സാധനങ്ങൾ വാങ്ങിക്കൊടുത്തു. രൂപതാ ആനിമേറ്റർക്കും എക്സിക്യൂട്ടീവ് അംഗങ്ങൾക്കും ശാഖാ മേഖലാ ഭാരവാഹികൾക്കും അംഗങ്ങൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

**ശാഖാ സന്ദർശനം**

മേഖലയിലെ എല്ലാ ശാഖകളും മേഖലാ എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ സന്ദർശിക്കേണ്ട സമയമാണിത്. ഏറ്റവും മികച്ച ഒരു ശാഖ കണ്ടെത്തി റിപ്പോർട്ട് ഒക്ടോബർ 30–ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. മേഖലയുടെ പ്രവർത്തന റിപ്പോർട്ടും റെക്കോർഡുകളും നവംബർ 20–ന് മുമ്പായി എത്തിക്കണം.

**കൈയ്യെഴുത്തു മാസിക**

മേഖലയിലെ ഏറ്റവും മികച്ച ഒരു കൈയ്യെഴുത്തു മാസിക ഒക്ടോബർ 30-ന് മുമ്പായി രൂപതാ ഓഫീസിൽ ഏൽപിക്കുമല്ലോ.

**മാതൃവേദി അംഗത്വസ്വീകരണം-നവീകരണം**

മാതൃവേദി അംഗത്വ നവീകരണത്തിനും പുതുതായി അംഗത്വ മെടുക്കുന്നതിനുമുള്ള സമയമായി. 3 വർഷത്തിലൊരിക്കലാണ് നാം ഇത് ചെയ്യുന്നത്. അടുത്ത 3 വർഷത്തേക്കുള്ള അംഗത്വം പുതുക്കാനും പുതിയ ആളുകളെ ചേർക്കാനുമായി പുതിയ ലിസ്റ്റ് ഇടവകകളിൽ തയ്യാറാക്കേണ്ടതാണ്. അമ്മമാരുടെ പേര്, വീട്ടുപേര്, ജനന തീയതി എന്നിവ സഹിതം ലിസ്റ്റ് ഡിസംബർ 15-ന് രൂപതാ വാർഷികത്തിനു വരുമ്പോൾ കൊണ്ടുവരണം. അംഗത്വ ഫീസ് ഒരാൾക്ക് 10 രൂപയാണ്. രൂപതയിൽ നിന്നും കഴിഞ്ഞതവണ പ്രിന്റുചെയ്തു തന്ന ലിസ്റ്റ് പരിശോധിച്ച് നിലവിൽ അംഗങ്ങളല്ലാത്തവരുടെ പേരുകൾ നീക്കം ചെയ്യണം. പേരുകൾ അക്ഷരത്തെറ്റുകൂടാതെ മലയാളത്തിൽ എഴുതണം. പുതിയ അംഗത്വകാർഡും അംഗത്വനമ്പറും ജനുവരി മാസത്തിൽ വിതരണം ചെയ്യുന്നതാണ്.

**തിരഞ്ഞെടുപ്പ്**

2019-2021 വർഷത്തേക്കുള്ള മാതൃവേദി ഭാരവാഹികളെ തെരഞ്ഞെടുക്കാനുള്ള സമയമായി. ശാഖകളിൽ ഒക്ടോബർ മാസത്തിലും മേഖലയിൽ നവംബർ മാസത്തിലും, രൂപതയിൽ ഡിസംബർ 15-നുമാണ് തെരഞ്ഞെടുപ്പുകൾ നടക്കേണ്ടത്. ശാഖാ ഭാരവാഹികൾ: പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഖജാൻജി, 2 കൗൺസിൽ അംഗങ്ങൾ (വലിയ ഇടവകകളിൽ 4 കൗൺസിൽ അംഗങ്ങൾ) മേഖലാ ഭാരവാഹികൾ: പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഖജാൻജി, 2 കൗൺസിൽ അംഗങ്ങൾ. ഇവരെ മേഖലാ ജനറൽ ബോഡിയിൽ നിന്നും തിരഞ്ഞെടുക്കണം. മേഖലാ ഭാരവാഹികളിൽ നിന്നും ഒരാളെ രൂപതാ എക്സിക്യൂട്ടീവ് അംഗമായി തിരഞ്ഞെടുക്കണം. പ്രസ്തുത ആൾ എല്ലാ രൂപതാ എക്സിക്യൂട്ടീവിലും പങ്കെടുക്കണം. മേഖലാ രൂപതാ ഭരണസമിതികളിലേക്ക് 65 വയസ്സിൽ താഴെ പ്രായമുള്ളവരെ മാത്രമേ പരിഗണിക്കാവൂ. ഒരാളെ തുടർച്ചയായി 2 തവണയിൽ കൂടുതൽ ഭരണ സമിതിയിലേക്ക് തിരഞ്ഞെടുക്കാവുന്നതല്ല. തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള വിശദവിവരങ്ങൾ മാതൃവേദി രൂപതാ നിയമാവലിയുടെ 11-ാം പേജിൽ കൊടുത്തിട്ടുണ്ട്.

**ദുരിതാശ്വാസ സഹായം നല്കി**

മഴക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവർക്ക് സഹായം നൽകാനുള്ള രൂപതാ ദുരിതാശ്വാസ നിധിയിലേക്ക് മാനന്തവാടി രൂപതാ

മാതൃവേദി 75000 രൂപ സംഭാവന നൽകി. സെപ്റ്റംബർ 15-ന് ചേർന്ന രൂപതാ എക്സിക്യൂട്ടീവ് അതുസംബന്ധിച്ച് തീരുമാനമെടുത്തു. മുൻവർഷങ്ങളിൽ മാതൃവേദി നടത്തിയ സംഭാവന കൂപ്പൺവഴി സമാഹരിച്ച തുകയിൽനിന്നാണ് ഇത്രയും രൂപ നൽകുന്നത്.

**ശാഖാ വാർത്തകൾ**

**കല്പറ്റ**

സീറോ മലബാർ മാതൃവേദി കല്പറ്റ മേഖല വാർഷികവും മഹാസംഗമവും ഒക്ടോബർ 15-ാം തീയ്യതി വ്യാഴാഴ്ച തെനേരി ഫാത്തിമ മാതാ പള്ളിയിൽ വെച്ച് നടത്തപ്പെടുന്നു. അഭിവന്ദ്യ ജോസ് പിതാവിന്റെ കാർമ്മികത്വത്തിൽ വി. ബലിയും തുടർന്ന് പൊതുസമ്മേളനവും ഉണ്ടായിരിക്കും.

**വാഴവറ്റ**

വിയാനിഭവൻ സന്ദർശിച്ച് വിശ്രമ ജീവിതം നയിക്കുന്ന വൈദികർക്ക് വി. ജോൺ വിയാനിയുടെ തിരുനാൾ മംഗളങ്ങൾ ആശംസിച്ചു. വി.മോനിക്ക, വി, ക്ലാര, വി. എവുപ്രാസിയാമ്മ എന്നിവരുടെ തിരുനാൾ ആചരിച്ചു. ലോഗോസ് പഠനം, രോഗീ സന്ദർശനം എന്നിവ നടത്തി.

**കല്ലുവയൽ**

യുവജന കൺവെൻഷന്റെ വിജയത്തിനായി ചെയിൻ റോസറി നടത്തി. ബഹു. വികാരിയച്ചൻ അമ്മമാർക്ക് ജപമാല നൽകി ആദരിച്ചു. ബഹു. ഫാ. തോമസ് ചുവപ്പുങ്കലിന്റെ നേതൃത്വത്തിൽ ശിശുപരിപാലനത്തേക്കുറിച്ചും മാതാപിതാക്കളുടെ ഉത്തരവാദിത്വത്തെക്കുറിച്ചും ക്ലാസ് എടുത്തു.

**ചെന്നലോട്**

ബഹു. സെബാസ്റ്റ്യൻ പാലംപറമ്പിൽ സാറിന്റെ നേതൃത്വത്തിൽ പേരന്റിംഗ് എന്ന വിഷയത്തെ ആസ്പദമാക്കി 270 അമ്മമാർക്ക് ക്ലാസ് നയിച്ചു.

**പുതിയിടംകുന്ന്**

അമ്മമാർ ഹോസ്പിറ്റൽ ശുശ്രൂഷ നടത്തി. വി. മോനിക്കയുടെ തിരുനാളിൽ ക്വിസ് നടത്തി ഒന്നും രണ്ടും മൂന്നും സമ്മാനർഹരായവർക്ക് ഇടവകക്കാർ സ്പോൺസർ ചെയ്ത സമ്മാനങ്ങൾ നൽകി. യുവജന കൺവെൻഷന്റെ വിജയത്തിനായി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി.

**കയ്യൂന്നി**

കത്തോലിക്കാ സഭയ്ക്ക് നേരിട്ടുകൊണ്ടിരിക്കുന്ന പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്യാൻ അഖണ്ഡ ജപമാലയും ഉപവാസ പ്രാർത്ഥനയും നടത്തി. അൽഫോൻസ ടെലികിസ്, മരിയൻ ടെലികിസ്, എന്നീ പേരുകളിൽ ടെലികിസ്, നടത്തി. വിജയികൾക്ക് സമ്മാനങ്ങൾ നൽകി.

**പാലേമാട്**

വി. ജോൺ വിയാനിയുടെ തിരുനാളിന് ബഹു. വികാരിയച്ചന് ആശംസകൾ നേർന്നു. യുവജന കൺവെൻഷന്റെ വിജയത്തിനായി ആരാധയും ജാഗരണ പ്രാർത്ഥനയും നടത്തി. ബഹു. ഫാ. സജി പുഞ്ചയിൽ നയിച്ച ക്ലാസ്സിൽ 140 അമ്മമാർ പങ്കെടുത്തു. വി.മോനിക്ക യെക്കുറിച്ചുള്ള അനുസ്മരണം ശ്രീമതി ഗ്രേസി പാലിയത്ത് നടത്തി.

**വടക്കനാട്**

മെഴുകുതിരി നിർമ്മിച്ചുണ്ടാക്കിയ 3000 രൂപ ദുരിതാശ്വാസ ഫണ്ടിലേക്ക് നൽകി. അമ്മമാർ കുഞ്ഞു മിഷനറിമാർക്ക് മെഴുകുതിരി പരിശീലനം നൽകി. വിധവാ സംഗമത്തിൽ ഏതാനും പേർ പങ്കെടുത്തു. സി. നാൻസി കൗൺസിലിംഗിന് സഹായിച്ചു.

**പയ്യംമ്പള്ളി**

യുവജന കൺവെൻഷന്റെ വിജയത്തിനായി ആരാധനയും ജാഗരണ പ്രാർത്ഥനയും നടത്തി. നിർദ്ദനരായ കുട്ടികൾക്ക് പഠനസ ഹായമായി 10 കുടയും 1000 രൂപയും നൽകി. മൂലമറ്റത്തിൽ ശ്രീ.ജോർജ്ജിന് 5000 രൂപ ചികിത്സാ സഹായം നൽകി. ലാസലെറ്റ് സഭാംഗമായ ബഹു. ഫാ. വിപിൻ പേരന്റിംഗിനെക്കുറിച്ച് അമ്മമാർക്ക് ക്ലാസ്സെടുത്തു.

**കോട്ടത്തറ**

ഇടവകയിലും പരിസരത്തുമായുള്ള ക്യാൻസർ രോഗികളുടേയും വിധവകളുടേയും വിവരങ്ങൾ ശേഖരിച്ചു. ജൂലൈ 26 ന് പേരന്റ്സ് ഡേ പ്രമാണിച്ച് 80 വയസ്സിനുമുകളിലുള്ള വൃദ്ധദമ്പതികൾക്ക് കേക്ക് നൽകി ആദരിച്ചു.

**കളത്തുവയൽ**

ജാഗരണപ്രാർത്ഥന നടത്തി. യുവജനങ്ങൾ, വൈദിക വിദ്യാർത്ഥി കൾ എന്നിവർക്കായി ജപമാലയും കരുണകൊന്തയും ചൊല്ലി പ്രാർത്ഥിച്ചു. മേഖലാ ഫണ്ടിനായി സംഭാവന കൂപ്പൺ വിതരണം ചെയ്തു. യുവദമ്പതികൾക്കായി ചെയിൻ റോസറി നടത്തി.

**പറളിക്കുന്ന്**

കോമൺ വെൽത്ത് ഗെയിംസിൽ സ്വർണ്ണമെഡൽ നേടിയ അലോഷി കൂവക്കലിനെ ആദരിച്ചു. വൃക്ഷതൈ നട്ടുപിടിപ്പിച്ചു. വി. മരിയ വിയാനിയുടേയും പരി. അമ്മയുടേയും തിരുനാൾ സമുചിതമായി ആചരിച്ചു.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**ആദ്യവെള്ളി ശുശ്രൂഷകൾ (31-8-2018)**

പൊതുശുചിത്വ ജോലിക്കുശേഷം 1 മണിക്ക് കുരിശിന്റെ വഴിയോടെ ശുശ്രൂഷകൾ ആരംഭിച്ചു. ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ 3 മണിക്ക് ടീം മീറ്റിംഗ് നടത്തി. ഒരുക്കശുശ്രൂഷയ്ക്കുശേഷം 5 മണി മുതൽ രാത്രി 10 മണി വരെ ജാഗരണ പ്രാർത്ഥന നടത്തി.

**ആദ്യശനി ഏകദിന കൺവെൻഷൻ (1-9-2018)**

പ്രഭാത പ്രാർത്ഥനകൾ രാവിലെ 6 മണിക്ക് ആരംഭിച്ചു. ജപമാല പ്രദക്ഷിണം, വെഞ്ചരിപ്പ് എന്നിവയോടെ 9.00 ന് കൺവെൻഷൻ ആരംഭിച്ചു. ലാസലറ്റ് സന്യാസ സഭാംഗമായ റവ. ഫാ. ബിബിൻ വചന പ്രഘോഷണം നടത്തി. 12 മണിക്ക് കെ.സി.വൈ.എം. ഡയറക്ടർ റവ. ഫാ. റോബിൻ പടിഞ്ഞാറയിൽ വി.കുർബാന അർപ്പിച്ചു. കുമ്പസാരത്തിനും സ്പിരിചൽ ഷെയറിംഗിനും അവസരമൊരുക്കി. അനുഭവ സാക്ഷ്യം, ദിവ്യകാരുണ്യ ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം എന്നീ ശുശ്രൂഷകൾക്കുശേഷം 3.30 ന് കൺവെൻഷൻ സമാപിച്ചു.

**രണ്ടാംശനി - പൊതു സ്പിരിച്ച്വൽ ഷെയറിംഗ് (8-9-2018)**

രണ്ടാം വെള്ളി സ്പിരിച്ച്വൽ ഡിറക്ടേഴ്സ് സീയോനിൽ വന്ന് പ്രാർത്ഥിച്ചൊരുങ്ങി. ശനിയാഴ്ച 9.30 മുതൽ സ്പിരിചൽ ഷെയറിംഗ് നടത്തി. ധാരാളം വ്യക്തികൾ ശൂശ്രൂഷ സ്വീകരിക്കാനായി കടന്നു വന്നു.

**ആന്തരിക സൗഖ്യധ്യാനം**

സെപ്റ്റംബർ 9-13 തീയതികളിൽ സീയോനിൽ വച്ച് ആന്തരിക സൗഖ്യധ്യാനം നടത്തപ്പെട്ടു.

**തൂവാനീസ വിധവാ സംഗമം (14-9-2018)**

സെപ്റ്റംബർ 12 ന് തൂവാനീസ - വിധവാ കൂട്ടായ്മയിലുള്ളവർ ഒരുമിച്ച് കൂടി രാവിലെ 9.30 മുതൽ ഏകദിന പ്രാർത്ഥന ആരംഭിച്ചു. ബഹു. ഷിജു ഐക്കരക്കാനായിൽ അച്ചൻ വി. കുർബാന അർപ്പിച്ചു. ആരാധന, ഷെയറിംഗ് നടത്തി. സി. ജാൻസി SABS ക്ലാസ്സ് എടുത്തു.

**മൂന്നാം വെള്ളി - ജാഗരണപ്രാർത്ഥന (21-9-2018)**

സെപ്റ്റംബർ 21-ാം തീയതി വൈകുന്നേരം 6 മുതൽ രാവിലെ 5 വരെ സീയോൻ ടീമിന്റെ നേതൃത്വത്തിൽ ജാഗരണ പ്രാർത്ഥന നടന്നു. സമർപ്പിതരും അല്മായരുമുൾപ്പെടെ ധാരാളം പേർ പങ്കെടുത്തു.

**രോഗസൗഖ്യദിനം (22-9-2018)**

സൗഖ്യം സ്വീകരിക്കുവാനായി സീയോനിലേയ്ക്ക് കടന്നുവന്ന രോഗികൾക്കായി ആരാധന, കുരിശിന്റെ വഴി, ജപമാല, സ്തുതി ആരാധന എന്നീ ശുശ്രൂഷകൾ നടത്തി. ബഹു. സോണിയച്ചൻ വി. കുർബാന അർപ്പിച്ചു. സൗഖ്യ പ്രാർത്ഥനയ്ക്കും കൈവയ്പ്പ് ശുശ്രൂഷയ്ക്കും ശേഷം രോഗസൗഖ്യം ലഭിച്ചവർ സാക്ഷ്യം നൽകുകയും ചെയ്തു.

**ഒക്ടോബർ മാസത്തിലെ സീയോനിലെ ശുശ്രൂഷകൾ**

| | |
|---|---|
| ഒക്ടോബർ 5 വെള്ളി | - ടീം മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| ഒക്ടോബർ 6 ശനി | - ഏകദിന കൺവെൻഷൻ<br>റവ. ഫാ. മാത്യു ആശാരിപ്പറമ്പിൽ, തലശ്ശേരി |
| ഒക്ടോബർ 12 വെള്ളി | - തൂവാനീസ & വിധവാ പ്രാർത്ഥനാദിനം<br>കൗൺസിലേഴ്സ് പ്രാർത്ഥനാദിനം |
| ഒക്ടോബർ 13 ശനി | - പൊതു സ്പിരിച്ച്വൽ ഷെയറിംഗ് |
| ഒക്ടോബർ 19 | - ജാഗരണ പ്രാർത്ഥന |
| ഒക്ടോബർ 21-25 | - മരിയൻ ധ്യാനം |
| ഒക്ടോബർ 27 നാലാംശനി | - രോഗസൗഖ്യ ശുശ്രൂഷാദിനം |

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരീ സഹോദരന്മാരെ,

പ്രളയാനന്തര കേരളത്തെക്കുറിച്ചാണല്ലോ നാം ഇപ്പോൾ ചിന്തിക്കുന്നത്. ഈ നൂറ്റാണ്ടിലെ ഏററവും വലിയ ദുരന്തത്തിലൂടെയാണ് നാം കടന്നുപോകുന്നത്. പ്രളയം നമ്മുടെ സംസ്ഥാനത്തെ അക്ഷരാർത്ഥത്തിൽ തകർത്തുവെന്നതാണ് യാഥാർത്ഥ്യം. ഏതു കഷ്ടപ്പാടുകൾ വന്നാലും, കഷ്ടനഷ്ടങ്ങൾ വന്നാലും അതിനെയെല്ലാം മനുഷ്യർ അതിജീവിക്കുമെന്നതാണ് ചരിത്രം നമുക്ക് കാണിച്ചു തരുന്നത്. കഷ്ടപ്പെടുന്നവരെ സഹായിക്കുവാൻ വിൻസെൻഷ്യൻ സഹോദരർ സജീവമായി രംഗത്തുണ്ടായിരുന്നുവെന്നത് നമുക്ക് അഭിമാനകരമാണ്. അപരന്റെ വേദനയിൽ അവനെ ആശ്വസിപ്പിക്കുകയെന്നത് ദൈവീകഭാവമാണ്. ഇത്തരം അവസരങ്ങൾ നമ്മിലെ ദൈവീകാംശത്തെ വിവേചിച്ചറിയുന്നതിനുള്ള അവസരങ്ങളാണ്. നമ്മുടെ കാരുണ്യപ്രവർത്തികളിലൂടെ ദൈവം പ്രവർത്തിക്കുകയായിരുന്നു. പ്രതിസന്ധി ഘട്ടങ്ങളിൽ തളരാതെ പ്രവർത്തിക്കുമ്പോൾ നമ്മുടെ വാക്കുകളും ആശ്വാസപ്രദമാകണം. നാം എത്ര നല്ല പ്രവർത്തികൾ ചെയ്താലും നമ്മുടെ നാവ് ശരിയല്ലെങ്കിൽ അവ വ്യർത്ഥമാകും. ദൈവസ്നേഹം അനുഭവിച്ചറിഞ്ഞിട്ടുള്ളവരെ അവരുടെ വാക്കുകളിൽനിന്നുതന്നെ തിരിച്ചറിയുവാൻ സാധിക്കും. അവ ദൈവവചനത്തിലൂന്നിയവയായിരിക്കും. നാവിന് മുറിവേറ്റാൽ അത് വേഗം ഉണങ്ങും, എന്നാൽ നാവുകൊണ്ട് മുറിവേറ്റാൽ ആ മുറിവ് ചിലപ്പോൾ കാലങ്ങളോളം നിലനിന്നേയ്ക്കും. ഒരാളുടെ സ്നേഹം നാം അറിയുന്നത് അയാളുടെ നാവിലൂടെയാണ്. നീ നാവു നിയന്ത്രിച്ചാൽ നിന്റെ വാക്കുകൾ എന്റെ വാക്കുകളാവുമെന്നാണ് വിശുദ്ധ വചനം പറയുന്നത്. ഒരാളുടെ ശത്രു അവന്റെ നാവാണ്. നാക്കും വാക്കും നിയന്ത്രിക്കുന്നവന് ലോകം കീഴടക്കാൻ സാധിക്കും. നാവുകൊണ്ട് നന്മ മാത്രം പറയുവാനാവണം, അതിനുള്ള ശിക്ഷണം നല്കണം. നാവുകൊണ്ട് നാം ആരെയും തകർക്കരുത്. നമ്മുടെ വാക്കുകൾ ശ്രവിക്കുന്നവന് പോസിറ്റീവ് എനർജി പകർന്നു കിട്ടുന്നവയാകണം. നാവുകൊണ്ടു മററുള്ളവരെ വളർത്തുവാൻ നമുക്ക് കഴിയുമാറാകട്ടെ.

**സി.സി.യോഗം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിൽ യോഗം സെപ്തംബർ ഒന്നിന് നടവയൽ ഓസാനാംഭവനിൽ ചേർന്നു. സി.സി. പ്രസിഡന്റ് ബ്ര. ജോർജ്ജ് ആക്കാന്തിരിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം സി.സി. ആത്മീയ ഉപദേഷ്ടാവ് റവ.ഫാ.അഗസ്റ്റിൻ പുത്തൻപുര ഉദ്ഘാടനം ചെയ്തു. സി.സി.വൈ. പ്രസിഡന്റ് ബ്ര.തോമസ് മാങ്ങൻ സന്ദേശം നല്കി. സി.സി.ജനറൽ സെക്രട്ടറി ബ്ര.ബാബു നമ്പുടാകം സ്വാഗതം ആശംസിച്ചു.സി.സി.യുടെ വരവ്-ചിലവ് കണക്കുകൾ സി.സി.ട്രഷറർ ബ്ര.എൻ.യു.ജോൺ അവതരിപ്പിച്ചു. ഓസാനാംഭവൻ കണക്കുകൾ സെക്രട്ടറി ബ്ര. വിൻസെന്റ് ജോൺ വടക്കുംചേരി അവതരിപ്പിച്ചു. സി.സി. പ്രവർത്തന റിപ്പോർട്ട് സി.സി. ജനറൽ സെക്രട്ടറി അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം ഇവ യോഗം അംഗീകരിച്ചു. സെപ്തംബർ 29-ന് നടക്കുന്ന ഓസാനാംഭവൻ ബെനിഫാക്ടേഴ്സ് ഡേ സംബന്ധിച്ച് ചർച്ച ചെയ്തു. സി.സി. റിലീഫ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി എ.സി. പ്രസിഡന്റുമാരായ ബ്ര.എ.കെ. ഇമ്മാനുവേൽ, സി.റോസമ്മ അയ്യങ്കുഴയ്ക്കൽ, ബ്ര.ജോൺ അതിരക്കുളങ്കര, സണ്ണി തോമസ് ആലഞ്ചേരി, രാജു വലിയാറ എന്നിവർ അംഗങ്ങളായ സബ് കമ്മററി രൂപീകരിച്ചു. പ്രാർത്ഥനകൾക്ക് സി.റോസമ്മ അയ്യങ്കുഴയ്ക്കൽ, സി.വത്സമ്മ പീറ്റർ എളയച്ചാനി എന്നിവർ നേതൃത്വം നല്കി.

**വിൻസെൻഷ്യൻ കലണ്ടർ**

മാനന്തവാടി സി.സി.യുടെ നേതൃത്വത്തിൽ പ്രസിദ്ധികരിക്കുന്ന കലണ്ടറിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. മാനന്തവാടി രൂപതയിലെ എല്ല ക്രിസ്തീയ ഭവനങ്ങളിലും, സ്ഥാപനങ്ങളിലും ഇവയെത്തിക്കുകയെന്നത് ഓരോ വിൻസെൻഷ്യന്റെയും കടമയാണ്. കലണ്ടറിന് 20-രൂപയാണ് വില. വലിയ ഭാരിച്ച ചിലവുവരുന്ന പ്രവർത്തനമാണിത്. ആയതിനാൽ എ.സി. പ്രസിഡന്റുമാർ കോൺഫ്രൻസ് അംഗങ്ങളിൽ നിന്നും കഴിയുന്നത്ര തുക അഡ്വാൻസായി ശേഖരിച്ചു സി.സി.യിൽ ഏല്പ്പിച്ചാൽ അത് വലിയ സഹായമാകുമായിരുന്നു.

**ഓസാനാംഭവൻ സന്ദർശനം**

ഒക്ടോബർ മാസം മുതൽ ഓസാനാംഭവനിൽ സി.സി. അംഗങ്ങൾ ശുശ്രൂഷ ചെയ്യുന്നതിന് ചില ക്രമീകരണങ്ങൾ നടപ്പിൽ വരുത്തുകയാണ്. ഇതുപ്രകാരം എല്ലാ മാസവും താഴെ പറയുന്ന രീതിയിലായിരിക്കും സി.സി.ബോർഡ് അംഗങ്ങൾ എത്തേണ്ടത്. എല്ലാ മാസവും - 1. ബ്ര. അഗസ്റ്റിൻ കൊടിയംകുന്നേൽ, 2. ബ്ര. തോമസ് മാങ്ങൻ,

3. ബ്ര.ജോസ് തുരുത്തിപ്പാറ, 4. ബ്ര.ജെൻട്രി പോൾ, 5. ബ്ര.ഷാജൻ തലച്ചിറ, 6. സി.ബേബി മരിയ പുലിക്കോട്ടിൽ, 7. സി.പ്രിയ ഷൈജൻ തടങ്ങഴിയിൽ, 8. ബ്ര. മത്തായി പുളിയിലക്കാട്ട്, 9. ബ്ര.ഫ്രാൻസീസ് പുലിക്കോട്ടിൽ, 10. ബ്ര.ജോസ് മാത്യു മെഴുകനാൽ, 11. ബ്ര. തങ്കച്ചൻ മേപ്പാടത്ത്, 12. സി.വത്സമ്മ എളയച്ചാനി, 13. ബ്ര.ബേബി പര്യപ്പനാൽ, 14.സി.സിസിലി പഴേമടം,15. ബ്ര.സ്റ്റനിസ്ലാവോസ്, 6. ബ്ര.രാജു വലിയാറ, 17. ബ്ര. ജോൺ അതിരക്കുളങ്ങര, 18. ബ്ര. തോമസ് വടക്കെമുറി, 19. ബ്ര.ജോസ് കാരാക്കട, 20.സി.റോസമ്മ അയ്യങ്കുഴയ്ക്കൽ, 21. ബ്ര.രാജു ചൊവ്വാറ്റുകുന്നേൽ, 22. ബ്ര.മാത്യു കന്നുകെട്ടിയിൽ, 23. ബ്ര.ജോസഫ് കളരിക്കൽ, 24. ബ്ര.ബിജു പാലത്തിങ്കൽ, 25. ബ്ര.സണ്ണിതോമസ് ആലഞ്ചേരി, 26.ബ്ര. എൻ.യു.ജോൺ നെടുങ്കൊമ്പിൽ, 27. ബ്ര.എ.കെ. ഇമ്മാനുവേൽ, 28. ബ്ര.ജോൺ കണ്ണാട്ട്പറമ്പിൽ, 29. ബ്ര.ബാബു നമ്പുടാകം, 30. ബ്ര.ജോർജ്ജ് ആക്കാന്തിരി.

എല്ലാവർക്കും പ്രാർത്ഥനാശംസകൾ നേരുന്നു.

**റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര**
സി.സി. ആത്മീയ ഉപദേഷ്ടാവ്

**ബ്ര. ജോർജ്ജ് ആക്കാന്തിരി**
സി.സി. പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

പ്രളയ ദുരന്തത്തിൽ ദുരിതമനുഭവിക്കുന്ന നമ്മുടെ നാടിന് ആശ്വാസത്തിന്റെയും പ്രതീക്ഷയുടെയും ജീവൻ പകരുവാൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്കു കഴിഞ്ഞു എന്ന് നന്ദിയോടെ അനുസ്മരിക്കുന്നു. അഭിവന്ദ്യ പിതാവിന്റെ ആഹ്വാനം ഹൃദയത്തിൽ സ്വീകരിച്ച് ഡയറക്ടർ ബഹുമാനപ്പെട്ട പോൾ കൂട്ടാല അച്ചന്റെയും അസി. ഡയറക്ടർ ബഹുമാനപ്പെട്ട ജിനോജ് പാലത്തടത്തിൽ അച്ചന്റെയും പ്രോഗ്രാം ഓഫീസർ ശ്രീ. ജോസ്. പി.എ. യുടെയും നേതൃത്വത്തിൽ WSSS ന്റെ എല്ലാ സ്റ്റാഫ് അംഗങ്ങളും തങ്ങളുടെ ആരോഗ്യവും സമയവും പൂർണ്ണമായും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു. കാരിത്താസ്, HCL, SIMENS, ARATHI, FOUNDATION, CRS, UNICEF, GOONJ, CNEWA INDIA എന്നീ സംഘടനകളുമായി കൈകോർത്ത് 20000 കുടുംബങ്ങൾക്ക് ആശ്വാസമേകുവാൻ ഏകദേശം 6 കോടിയോളം രൂപയുടെ സഹായം എത്തിച്ചു കൊടുക്കുവാൻ സാധിച്ചു. വിവിധ രൂപതകളിൽ നിന്നും എത്തിച്ചേർന്ന ഭക്ഷണ സാധനങ്ങളും മറ്റ് അവശ്യവസ്തുക്കളും പങ്കുവെക്കുന്നതിനും ആവശ്യക്കാരിൽ എത്തിക്കുന്നതിനും എല്ലാവരും ഒരുമയോടെ പ്രവർത്തിച്ചു. തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും ഫാ. മുള്ളേഴ്സ് മെഡിക്കൽ കോളേജിന്റെയും സഹകരണത്തോടെ ബാവലി, പുൽപ്പള്ളി, ഇടയൂർക്കുന്ന് എന്നീ സ്ഥലങ്ങളിൽ മെഡിക്കൽ ക്യാമ്പ് നടത്തുവാനും അങ്ങനെ അനേകം കുടുംബങ്ങൾക്ക് സ്നേഹസേവനം ചെയ്യുവാനും WSSS ന്റെ കൂട്ടായ പ്രവർത്തനത്തിലൂടെ സാധിച്ചു.

**DDU-GKY**

കേന്ദ്രഗ്രാമ വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥവിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വേണ്ടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ വിവിധ കോഴ്സുകൾ നടത്തിവരുന്നു. കേരളത്തിൽ കുടുംബശ്രീ മിഷൻ

പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഈ കോഴ്സ് പൂർണ്ണമായും സൗജന്യമാണ്. പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT/SSC സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. DDU-GKY, NULM എന്നീ പ്രോജെക്റ്റ് ആണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലൂടെ നടപ്പിൽ ആക്കുന്നത്.

കേരളം മുഴുവൻ വിറങ്ങലിച്ചുപോയ വെള്ളപ്പൊക്കത്തിലും ഉരുൾപൊട്ടലിലും DDU-GKY കുട്ടികൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി. ദുരിതം അനുഭവിക്കുന്നവരുടെ താത്കാലിക ആശ്വാസമായ കിറ്റ് വിതരണവും മറ്റും നടത്താൻ DDU-GKY കുട്ടികൾ മുൻനിരയിൽ ഉണ്ടായിരുന്നു.

ഫാഷൻ ഡിസൈനിംങ്, ഫുഡ് പ്രോസസ്സിംഗ്, തയ്യൽ പരിശീലനം തുടങ്ങിയ കോഴ്സുകളുടെ ക്ലാസ്സുകൾ ആരംഭിച്ചു കഴിഞ്ഞു. കഴിഞ്ഞ ബാച്ചുകളുടെ പരീക്ഷയും അതുപോലെ ജോലിയും നൽകി.

തികച്ചും സൗജന്യമായ ഈ കോഴ്സിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രത്യേകതയാണ് പഠന സമയങ്ങളിൽ ഉള്ള സ്റ്റൈഫണ്ട്. ഓരോ കുട്ടിക്കും ഹാജറിന് അനുസരിച്ച് ദിവസം 125 രൂപയോളം ലഭിക്കുന്നതാണ്.

DDU-GKY കോഴ്സുകളുടെ പുതിയ ബാച്ചിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു. ഫാഷൻ ഡിസൈൻ കോഴ്സിന് +2 ഉം മറ്റ് കോഴ്സുകൾക്ക് 10–ാം ക്ലാസ്സുമാണ് അടിസ്ഥാന പ്രവേശന യോഗ്യത. വിജയകരമായി പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും ജോലി വാഗ്ദാനം ചെയ്യുന്നു. ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ക്ലാസ്സ് റൂമുകൾ വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ്, കമ്പ്യൂട്ടർ, പേഴ്സണാലിറ്റി ഡെവലപ്മെന്റ് എന്നിവയിൽ പ്രത്യേക പരിശീലനം നൽകുന്നു. കൂടാതെ ഓരോ വിദ്യാർത്ഥികൾക്കും പഠനസമയങ്ങളിൽ കമ്പ്യൂട്ടർ/ ടാബ്ലെറ്റ്സ് എന്നിവയും കൊടുക്കുന്നതാണ്.

**വികാസ് പീഡിയ**

**വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വീണ്ടും വികാസ് പീഡിയ നോഡൽ ഏജൻസി**

കേന്ദ്ര സർക്കാരിന്റെ ഇലക്ട്രോണിക്സ് ആന്റ് ഐ.ടി. മന്ത്രാലയത്തിന്റെ കീഴിൽ സി–ഡാക് മുഖേന നടപ്പിലാക്കുന്ന വിജ്ഞാന വികസന പോർട്ടലായ വികാസ് പീഡിയയുടെ നോഡൽ ഏജൻസിയായി വീണ്ടും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തെരഞ്ഞെ

ടുക്കപ്പെട്ടു. 2014 മുതൽ WSSS വികാസ് പീഡിയ നോഡൽ ഏജൻസിയായി പ്രവർത്തിക്കുകയാണ്. കേരളം കൂടാതെ സിക്കിം, മിസോറാം, യു.പി., കർണ്ണാടകയുടെ അഞ്ച് ജില്ലകൾ, ലക്ഷദ്വീപ് എന്നിവിടങ്ങളുടെയും ചുമതല വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിക്ക് ഉണ്ട്. വിവിധ ബോധവൽക്കരണ പരിപാടികൾ, ഡിജിറ്റൽ ഏകോപനം, വിവര ദാതാക്കൾക്കുള്ള പരിശീലനം എന്നിവ നടത്തി വരുന്നു. കൂടാതെ മറ്റ് സർക്കാർ വകുപ്പുകളും സന്നദ്ധ സംഘടനകളും നടത്തുന്ന പരിപാടികളിൽ സഹകരിക്കുന്നുമുണ്ട്. ആറ് കോടി ഹിറ്റ് റേറ്റുള്ള പോർട്ടലാണ് വികാസ് പീഡിയ മലയാളം. 23 ഭാഷകളിലെ വിജ്ഞാന ഉറവിടമാണ് വികാസ്പീഡിയ.

**കേരള ലേബർ മൂവ്മെന്റ്**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നേറുന്നു.

നിർമ്മാണ തൊഴിലാളി, തയ്യൽ തൊഴിലാളി, ചെറുകിട തോട്ടം തൊഴിലാളി, കാർഷിക തൊഴിലാളി എന്നീ ക്ഷേമനിധികളിൽ രജിസ്ട്രേഷൻ തുടരുന്നു. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്തവർക്ക് 15 കിലോ അരി വീതം ബോർഡ് കൊടുക്കുന്നുണ്ട്. അതിനായുള്ള ക്രമീകരണങ്ങൾ പൂർത്തിയായി.

**'ജീവസ്'– ജീവകാരുണ്യ മെഡിക്കൽ പദ്ധതി**

മാനന്തവാടി രൂപതയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കിവരുന്ന ജീവസ് ജീവകാരുണ്യ മെഡിക്കൽ പദ്ധതിയിൽ ഏകദേശം 110 ഓളം ആളുകൾക്ക് സഹായം എത്തിക്കുവാൻ സാധിച്ചു. ഇതുവരെ 135 പേരാണ് റീ ഇംപേഴ്സ് മെന്റിന് വേണ്ടി അപേക്ഷിച്ചിരിക്കുന്നത്. ഈ കഴിഞ്ഞ മാസം ഏറ്റവും കൂടിയ തുക 54550/– രൂപ പാസ്സായി.

റീ ഇംപേഴ്സ്മെന്റ് നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അറിയുവാൻ WSSS ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

മനുഷ്യന്റെയും മണ്ണിന്റെയും ആവാസവ്യവസ്ഥയുടെയും ആരോഗ്യം നിലനിർത്തുന്നതിനായി ജൈവ കീടനാശിനികൾ, കംപോസ്റ്റ്, പച്ചിലവളങ്ങൾ, ഇടവിള കൃഷി, യാന്ത്രിക നടീൽ തുടങ്ങിയവയെ ആശ്രയിച്ച് രാസവളങ്ങളും, കൃത്രിമ രാസകീടനാശിനികളും തീർത്തും ഒഴിവാക്കി ചെടിവളർച്ചാ നിയന്ത്രണ വസ്തുക്കൾ, കന്നുകാലി/കോഴി തീറ്റകളിൽ ചേർക്കുന്ന രാസപദാർത്ഥങ്ങൾ, ജൈവമാറ്റം വരുത്തിയ വിത്തുകൾ എന്നീ രീതികൾ ഉപയോഗിക്കാതെയും നടത്തപ്പെടുന്ന കൃഷിരീതിയെ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട ജീവിത നിലവാരം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുന്നതിനുമായി നടപ്പിലാക്കുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയിൽ ആഗസ്റ്റ് മാസം വിവിധ പ്രവർത്തനങ്ങൾ നടത്തുവാനും കർഷകരുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാനും സാധിച്ചു.

**കർഷകഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർട്രേഡ് സംവിധാനം എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ വില്ലേജ് ഫാം ക്ലബ്ബുകളിൽ നടക്കുകയും, മീറ്റിങ്ങുകളിൽ റീജിണൽ കോർഡിനേറ്റർമാർ പങ്കെടുക്കുകയും കർഷകരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, പുതുതായി രൂപീകരിച്ച ഗ്രൂപ്പുകളിൽ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു.

**ജൈവസാക്ഷ്യപത്രം പുതുക്കൽ**

ജൈവകർഷകരുടെ ഉത്പന്നങ്ങൾ ആഭ്യന്തര-വിദേശ വിപണികളിൽ വിപണനം നടത്തുന്നതിനും ആവശ്യമായ സാക്ഷ്യപത്രം പുതുക്കുന്നതിനും നടപടികൾ ശ്രീ. റോണി ജോർജ്ജിന്റെ നേതൃത്വത്തിൽ കൃഷിയിടങ്ങളിലും, ആവശ്യമായ രേഖകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ ശ്രീമതി രമ്യയുടെ നേതൃത്വത്തിലും നടന്നുവരുന്നു.

ലാക്കോൺ ഇൻസ്പെക്ഷൻ ഏജൻസിയിൽ നിന്നും ഓഡിറ്റർ ശ്രീ. പ്രതീക് ജെയിൻ കൃഷിയിടങ്ങളിൽ പരിശോധന ആരംഭിച്ചു.

**സെമിനാറുകൾ നടത്തി**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, ജൈവകൃഷി, ഫെയർട്രേഡ്, റയിൻഫോറെസ്റ്റ് അലയൻസ് മാനദണ്ഡങ്ങൾ എന്നീ വിഷയങ്ങളെ ആസ്പദമാക്കി വയനാട് ജില്ലയിൽ ഉടനീളം വിവിധ വില്ലേജുകൾ കേന്ദ്രീകരിച്ച് 8 സെമിനാറുകൾ നടത്തി. ഫീൽഡ് കോർഡിനേറ്റർമാരായ ശ്രീമതി സുജ ജോയ്, ശ്രീ. എൽദോ, ശ്രീ. അനു ജോൺ, ശ്രീമതി ഷീല, ശ്രീമതി റോസ ബെന്നി, ഐസിഎസ് കോർഡിനേറ്റർ ശ്രീ. റോണി ജോർജ്, പ്രൊക്യൂർമെന്റ് മാനേജർ ശ്രീ. ഷാജി ജോസ് എന്നിവർ വിവിധയിടങ്ങളിലായി ക്ലാസുകൾ നയിക്കുകയും കർഷകരുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. കർഷകരുടെ മികച്ച പങ്കാളിത്തം എല്ലാ സെമിനാറുകളിലും ഫീൽഡ് കോർഡിനേറ്റർമാർ ഉറപ്പുവരുത്തി.

**കൃഷിയിട സന്ദർശനം**

മികവുറ്റ രീതിയിൽ ജൈവകൃഷി ചെയ്യുന്ന തോട്ടങ്ങൾ കണ്ടെത്തുകയും അവ മോഡൽ ഫാമുകളാക്കി മാറ്റുന്നതിന്റെയും ഭാഗമായി ഫീൽഡ് കോർഡിനേറ്റർമാർ കൃഷിയിടങ്ങൾ സന്ദർശിക്കുകയും കർഷകരുടെ പ്രശ്നങ്ങളും നിർദ്ദേശങ്ങളും അറിയുകയും ഗ്രൂപ്പു മീറ്റിങ്ങുകളിൽ പങ്കെടുക്കേണ്ടതിന്റെ ആവശ്യകത, സംഭരണ രീതി, ഉത്പന്നങ്ങൾ ശേഖരിക്കുന്നത് എവിടെയൊക്കെയാണ് തുടങ്ങിയ കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കുകയും ചെയ്തു.

**വൊഫ**

**ചികിത്സാ സഹായം**

വൊഫെയുടെ സാമൂഹിക ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി കാൻസർ, കിഡ്നി സംബന്ധമായ രോഗങ്ങൾ ഉള്ള നിർദ്ധനരായ രോഗികൾക്ക് ചികിത്സാ ആവശ്യത്തിനായി സാമ്പത്തിക സഹായം നൽകാൻ തീരുമാനിക്കുകയും 218 രോഗികൾക്കായി 5500 രൂപ വീതം സാമ്പത്തിക സഹായം നൽകുന്നതിന് 12 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തു. അപേക്ഷകൾ പ്രകാരം ചികിത്സാ സഹായം 2018 സെപ്റ്റംബർ 30 നു മുൻപായി വിതരണം ചെയ്യുന്നതിനും തീരുമാനിച്ചു.

**ഭവന പുന:രുദ്ധാരണ സഹായം**

നിർദ്ധനരായ കുടുംബങ്ങൾക്ക് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനും നിലവിലുള്ള ഭവനത്തിന്റെ അറ്റകുറ്റ പണികൾ നടത്തു

ന്നതിനുമായി സാമ്പത്തിക സഹായം നൽകാൻ തീരുമാനിക്കുകയും 16 അപേക്ഷകളിലേക്കായി 10 ലക്ഷം രൂപ സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്തു.

**വൊഫെ എക്സിക്യൂട്ടീവ് യോഗം**

ആഗസ്റ്റ്മാസം 24 -ാം തീയതി ബയോവിൻ ഓഡിറ്റോറിയത്തിൽ ചേർന്ന വൊഫെ എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ വൊഫെ ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ അധ്യക്ഷനായി. യോഗത്തിൽ 7/8 അംഗങ്ങൾ പങ്കെടുക്കുകയും സംഘടനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

മഴക്കെടുതിയിൽ കൃഷിനാശം സംഭവിച്ച കർഷകർക്കായി കഴിയുംവിധം സഹായം ലഭ്യമാക്കുന്നതിന് NAPP സന്ദർശന വേളയിൽ അഭ്യർത്ഥിക്കുന്നതിന് തീരുമാനിച്ചു. തായ്‌ലൻഡിൽ വെച്ച് സെപ്റ്റംബർ 21, 22 തീയതികളിൽ നടക്കുന്ന NAPP വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കുന്നതിന് ചെയർമാനെ ചുമതലപ്പെടുത്തി.

**സംഭരണം**

വൊഫെയിൽ അംഗങ്ങളായ കർഷകരിൽ നിന്നും ആഗസ്റ്റ് മാസം 1,45,700 കിലോ കാപ്പി 80-85 രൂപ നിരക്കിലും, ഏലം 30.6 കിലോ 2000 രൂപ നിരക്കിലും, ഞാലിപ്പൂവൻ വാഴക്കുല 1800 കിലോ 45 രൂപ നിരക്കിലും, കറുവപ്പട്ട ഇല 2250 കിലോ 20 രൂപ നിരക്കിലും സംഭരിച്ചു.

**കഫേ**

**കഫേ എക്സിക്യൂട്ടീവ് മീറ്റിങ്ങ്**

കഫെയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വാർഷിക പൊതുയോഗ തീരുമാനപ്രകാരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 2018 ആഗസ്റ്റ് മാസം 24 -ാം തീയതി ബയോവിൻ അഗ്രോ റിസേർച്ചിൽ വച്ച് കഫേ എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു. യോഗത്തിൽ പങ്കെടുക്കാനെത്തിയ അംഗങ്ങളെ ജോ.സെക്രട്ടറി ശ്രീ. രാധാകൃഷ്ണൻ മാസ്റ്റർ സ്വാഗതം ചെയ്തു. കഫേ ചെയർമാൻ റവ.ഫാ. ബിജു കോയിക്കാട്ടിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ പ്രധാന തീരുമാനങ്ങൾ.

1. കാൻസർ, കിഡ്നി രോഗബാധിതരിൽ നിന്നും സ്വീകരിച്ച അപേക്ഷകൾ പരിഗണിച്ച് സംഘടനവഴി നൽകുന്ന ചികിത്സാ സഹായം നൽകുവാൻ തീരുമാനിച്ചു. ആയതുപ്രകാരം ലഭ്യമായ 181 അപേ

ക്ഷകൾ പരിഗണിക്കുകയും എല്ലാ അപേക്ഷകൾക്കും 5500 രൂപ വീതം നൽകുവാൻ തീരുമാനിക്കുകയും ചുമതല കോഡിനേറ്ററെ ഏൽപ്പിക്കുകയും ചെയ്തു.

2. സംഘടനയിൽ അംഗങ്ങളായ എല്ലാ കർഷകർക്കും തുല്യ പ്രാധാന്യം ഉറപ്പു വരുത്തിക്കൊണ്ട് ടാർപോളിൻ ഷീറ്റ് വിതരണം ചെയ്യുവാൻ തീരുമാനിക്കുകയും സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കോർഡിനേറ്ററെ ചുമതലപ്പെടുത്തുകയും ചെയ്തു.
3. ഫെയർട്രേഡ് മാനദണ്ഡപ്രകാരം അനുവർത്തിക്കേണ്ട മൈനോറിറ്റി ഗ്രൂപ്പ് ആക്റ്റിവിറ്റി, സംഘടനയിൽ അംഗങ്ങളായവരും മൈനോറിറ്റി വിഭാഗത്തിൽ പെട്ടവരുമായ ജനവിഭാഗങ്ങളിൽ ഭൂരിഭാഗവും പ്രളയ ബാധിതരായതിനാൽ ഇവരെ പൂർണ്ണമായും ഉൾക്കൊള്ളിച്ച്കൊണ്ട് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുവാൻ തീരുമാനിക്കുകയും തുടർക്രമീകരണങ്ങൾക്കായി എക്സി.മെമ്പർ ശ്രീ. വിനീഷ് മാത്യു, കോർഡിനേറ്റർ ശ്രീ. ബിബിൻ ജോയ് എന്നിവരെ ചുമതലപ്പെടുത്തുകയും ചെയ്തു.
4. സംഘടനയുടെ സാമൂഹിക പ്രതിബദ്ധത ഉറപ്പു വരുത്തുന്നതിനായി സംഘടനയിൽ അംഗങ്ങളായവരോ അല്ലാത്തവരോ ആയ വ്യക്തികളിൽ നിന്നും അപേക്ഷ സ്വീകരിച്ച് ഭവന പുന:രുദ്ധാരണത്തിന് സാമ്പത്തിക സഹായം നൽകുവാൻ തീരുമാനിക്കുകയും ആയതു പ്രകാരം ലഭ്യമായ 32 അപേക്ഷകളിൽ 17 അപേക്ഷകൾ പരിഗണിക്കുകയും നിലവിലുള്ള ഭവനം സന്ദർശിച്ച് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണോ എന്ന് ഉറപ്പുവരുത്തുകയും ശേഷം ആവശ്യമായ തുക വിലയിരുത്തുന്നതിനായി എക്സിക്യൂട്ടീവ് മെമ്പർമാരെ ചുമതലപ്പെടുത്തുകയും, ഭവനസന്ദർശനത്തിന് ശേഷം എക്സിക്യൂട്ടീവ് മീറ്റിങ്ങ് ചേർന്ന് തുടർ ക്രമീകരണങ്ങൾ കൈക്കൊള്ളേണ്ടതാണെന്നും യോഗം നിർദ്ദേശിച്ചു.
5. സെപ്റ്റംബർ 21, 22 തീയതികളിലായി തായ്‌ലൻഡിൻ വെച്ച് നടക്കുന്ന NAPP ജനറൽ അസംബ്ലി മീറ്റിങ്ങിൽ പങ്കെടുക്കുവാൻ ചെയർമാൻ ഫാ. ബിജു കോയിക്കാട്ടിലിനെ യോഗം ചുമതലപ്പെടുത്തി. കാർഷിക മേഖലയിൽ സംഘടന അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അവതരിപ്പിക്കേണ്ടതാണെന്നും യോഗം നിർദ്ദേശിച്ചു.

**സംഭരണം**

കഫെയിൽ അംഗങ്ങളായ കർഷകരിൽ നിന്നും ആഗസ്റ്റ് മാസം 1,34,115.8 കിലോ കാപ്പി 71-74 രൂപ നിരക്കിൽ സംഭരിച്ചു.

**ബോണസ് വിതരണം**

സംഘടനയിൽ അംഗങ്ങളായ കർഷകരിൽ നിന്നും ആഗസ്റ്റ് മാസം ഉത്പന്നം സംഭരിച്ചതുവഴിയായി 5,36,463 രൂപ അധിക വിലയായി നൽകുകയുണ്ടായി. സംഭരിക്കപ്പെട്ട ഓരോ കിലോഗ്രാം കാപ്പിക്കും 4 രൂപ വീതമാണ് അധിക വില നൽകിയത്.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പന്നങ്ങൾ മൂല്യവർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യ മാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ ആഗസ്റ്റ് മാസത്തിലും കാപ്പി, കുരുമുളക്, പൈനാപ്പിൾ, വാഴപ്പഴം, മഞ്ഞൾ തുടങ്ങിയവ സംസ്കരിക്കുകയും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻവഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

## പ്രോ-ലൈഫ്

കുടുംബങ്ങളിൽ ജനനത്തെ നിയന്ത്രിച്ചത് ദൈവിക പദ്ധതിക്കെതിരാണെന്ന തിരിച്ചറിവിലേക്ക് സമൂഹം കടന്നുവരുന്ന കാലഘട്ടമാണിത്. പല കുടുംബങ്ങളും വലിയ കുടുംബങ്ങൾ വേണമെന്ന് ആഗ്രഹിച്ചു തുടങ്ങിയിരിക്കുന്നു. വലിയകൊല്ലി ഇടവകയിൽ ആറാമത്തെയും കാട്ടിമൂല ഇടവകയിൽ അഞ്ചാമത്തെയും കുട്ടികളുടെ മാമ്മോദീസകൾ സമുചിതമായി ആഘോഷിച്ചു. രൂപതാ മെത്രാൻ മാർ ജോസ് പൊരുന്നേടം രണ്ട് കുട്ടികളുടെയും മാമ്മോദീസകൾക്ക് കാർമ്മികത്വം വഹിച്ചു. പ്രോ-ലൈഫ് ടീം അംഗങ്ങൾ മാമ്മോദീസയിൽ പങ്കെടുക്കുകയും പ്രസ്തുത കുടുംബങ്ങൾക്ക് ഉപഹാരം നൽകി ആദരിക്കുകയും ചെയ്തു.

കയ്യൂന്നി ഇടവകയിലെ സൺഡേസ്കൂൾ കുട്ടികൾക്ക് ജീവന്റെ മാഹാത്മ്യത്തെപ്പറ്റിയും ജീവിതവിശുദ്ധിയുടെ പ്രാധാന്യത്തെപ്പറ്റിയുമുള്ള ബോദ്ധ്യം നൽകുന്ന പ്രോ-ലൈഫ് ക്ലാസ് നൽകി. സാലു മേച്ചേരി, അഡ്വ. ജോസ് കുറുമ്പാലക്കാട്ട്, ജോസഫ് എന്നിവർ ക്ലാസുകൾ നയിച്ചു. ഒരുവർഷം നീണ്ടുനിൽക്കുന്ന പ്രോ-ലൈഫ് ദിവ്യകാരുണ്യ ആരാധന മാനന്തവാടിയിലുള്ള എഫ്.സി.സി. സന്യാസിനി സമൂഹത്തിന്റെ പ്രൊവിൻഷ്യൽഹൗസിൽ നടന്നു വരുന്നു.

ബത്തേരി അസംപ്ഷൻ നേഴ്സിംഗ് സ്കൂളിലും കൽപ്പറ്റ ഫാത്തിമ മാതാ നേഴ്സിംഗ് സ്കൂളിലും നേഴ്സിംഗ് വിദ്യാർത്ഥികളുടെ പ്രോ-ലൈഫ് കൂട്ടായ്മകൾ ആരംഭിച്ചു. രണ്ട് സ്ഥാപനങ്ങളിലും എല്ലാ ആഴ്ചയിലും ഒരുദിവസം പ്രോ-ലൈഫ് പ്രാർത്ഥനകൾ നടന്നു വരുന്നു.

അമ്പലവയൽ സെന്റ് മാർട്ടിൻസ് ആശുപത്രിയിലും മറീന ആശുപത്രിയിലും ആശുപത്രി ജീവനക്കാരുടെയിടയിൽ പ്രോ-ലൈഫ് ഗ്രൂപ്പ് ആരംഭിച്ചു. അവർ ആഴ്ചയിലൊരിക്കൽ പ്രോ-ലൈഫ് പ്രാർത്ഥന നടത്തിവരുന്നു.

കൽപ്പറ്റ ഫാത്തിമ മാതാ നേഴ്സിംഗ് സ്കൂളിൽ നേഴ്സിംഗ് വിദ്യാർത്ഥികളുടെ പ്രോ-ലൈഫ് കൂട്ടായ്മ ആരംഭിച്ചിട്ടുള്ളതും എല്ലാ ശനിയാഴ്ചകളിലും അവർ പ്രോ-ലൈഫ് പ്രാർത്ഥന നടത്തിവരുന്നതുമാണ്. കൂടാതെ കൽപ്പറ്റ സി.എം.ഐ. ആശ്രമം ചാപ്പലിലെ ദിവ്യകാരുണ്യ ആരാധനയുടെ നേതൃത്വം വഹിക്കുന്നു.

എല്ലാ ബുധനാഴ്ചകളിലും പ്രോ-ലൈഫ് സെൻട്രൽ ടീമിന്റെ നേതൃത്വത്തിൽ പ്രോ-ലൈഫ് പ്രാർത്ഥന നടത്തുന്നു. ആഗസ്റ്റ് 8-ന് കൽപ്പറ്റ സി.എം.ഐ. ആശ്രമം ചാപ്പലിൽ വെച്ച് എല്ലാ മാസത്തിലെയും രണ്ടാം ബുധനാഴ്ച നടന്നുവരുന്ന പ്രോ-ലൈഫ് ആരാധനയ്ക്ക് ഫാ. ജോസ് ഞാവള്ളി, അഡ്വ. ജോസ് കുറുമ്പാലക്കാട്ട്, പോൾ കരിമ്പനാക്കുഴി എന്നിവർ നേതൃത്വം നൽകുന്നു.

മാനന്തവാടി കേന്ദ്രീകരിച്ച് ഒരു പ്രോലൈഫ് കൂട്ടായ്മ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രസ്തുത കൂട്ടായ്മയുമായി സഹകരിക്കുവാൻ ആഗ്രഹിക്കുന്നവരും പ്രോ-ലൈഫ് ക്ലാസുകൾ ആവശ്യമുള്ളവരും 9446647614 എന്ന നമ്പറിൽ ബന്ധപ്പെടുവാൻ താല്പര്യപ്പെടുന്നു.

എടപ്പെട്ടി സെന്റ് സെബാസ്റ്റ്യൻസ് ഇടവക കേന്ദ്രീകരിച്ച് പ്രോ-ലൈഫ് ഗ്രൂപ്പ് ആരംഭിച്ചു. പ്രോ-ലൈഫ് രൂപതാ ഡയറക്ടർ ഫാ. മനോജ് കവലക്കാടൻ, പ്രോ-ലൈഫ് രൂപതാ പ്രസിഡണ്ട് അഡ്വ. ജോസ് കുറുമ്പാലക്കാട്ട്, എടപ്പെട്ടി ഇടവക വികാരി ഫാ. തോമസ് ജോസഫ് തേരകം, മാതൃവേദി രൂപതാ ആനിമേറ്റർ സി. കൃപ, എന്നിവരുടെ നേതൃത്വത്തിൽ ഗ്രൂപ്പിന്റെ പ്രഥമ യോഗവും ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടന്നു. ഗ്രൂപ്പിന്റെ പ്രസിഡണ്ടായി സോജൻ പൊൻവേലി, വൈസ് പ്രസിഡണ്ടായി പ്രിയ നെല്ലിക്കുന്നേൽ, സെക്രട്ടറിയായി സെബാസ്റ്റ്യൻ കണ്ണാട്ടുപറമ്പിൽ, ഓർഗനൈസർമാരായി ജോസഫ് ചീരക്കുളങ്ങര, ആനി പ്ലാക്കൽ എന്നിവരെ തെരഞ്ഞെടുത്തു. എല്ലാ മൂന്നാം തിങ്കളാഴ്ചയും ജീവന്റെ സമൃദ്ധിക്കായി പ്രാർത്ഥനായോഗം സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

സഹകരണങ്ങൾ നൽകിയ എല്ലാവർക്കും നന്ദി.

**അഡ്വ. ജോസ് കുറുമ്പാലക്കാട്ട്**
പ്രസിഡണ്ട്, മാനന്തവാടി പ്രോ-ലൈഫ് സമിതി

**അനുമോദനങ്ങൾ**

ഫാം ഇൻഫർമേഷൻ ബ്യൂറോ സംസ്ഥാനതലത്തിൽ സംഘടിപ്പിച്ച വീഡിയോ കോണ്ടസ്റ്റിൽ ഒന്നാം സമ്മാനാർഹമായ 'പ്ലാ' എന്ന ഹ്രസ്വ ചിത്രത്തിന്റെ അണിയറ പ്രവർത്തകരെ റേഡിയോമാറ്റൊലി ടീമിന്റെ നേതൃത്വത്തിൽ അനുമോദിച്ചു. അഭിനേതാക്കളായ അലൻ ടോം ജോസ്, പൂജാ ബാബു, ക്യാമറാമാൻ നിഖിൽ ഡേവിസ്, എഡിറ്റർ അതുൽ രാജ്, രചനയും സംവിധാനവും നിർവ്വഹിച്ച ശ്രീകാന്ത് കെ, നിർമ്മാതാവ് ഷാജു പി. ജെയിംസ് എന്നിവരെ മോൺസിഞ്ഞോർ അബ്രാഹം നെല്ലിക്കൽ മൊമെന്റോയും ഉപഹാരവും നൽകി ആദരിച്ചു.

ഇന്ത്യൻ ബാസ്ക്കറ്റ് ബോൾ ടീം ക്യാപ്റ്റൻ പന്തിപ്പൊയിൽ സ്വദേശി ജീന സ്കറിയയ്ക്ക് മാറ്റൊലിയിൽ സ്വീകരണം നല്കി. WSSS ഡയറക്ടർ ഫാ. പോൾ കൂട്ടാല ജീനയ്ക്ക് മാറ്റൊലിയുടെ ഉപഹാരം സമർപ്പിക്കുകയും ആദരിക്കുകയും ചെയ്തു.

**പങ്കാളിത്തം**

യൂണിസെഫിന്റെ ആഭിമുഖ്യത്തിൽ ഡൽഹിയിൽ വെച്ച് ആഗസ്റ്റ് 23 മുതൽ 25 വരെ നടന്ന പോഷൺ അഭിയാൻ വർക്ക്ഷോപ്പിൽ ഫാ.മനോജ് കാക്കോനാൽ പങ്കെടുത്തു.

വീ ഫോർ വയനാട് ക്ലീൻ വയനാട് പ്രോഗ്രാമിന്റെ എടവക പഞ്ചായത്ത് 12-ാം വാർഡ് തല ആലോചന യോഗത്തിൽ ഷാജു പി ജെയിംസ് പങ്കെടുത്തു.

മാനന്തവാടി ഗവ. കോളേജിൽ വെച്ച് ആഗസ്റ്റ് 20 ന് നടന്ന പ്രളയ ബാധിത പ്രദേശങ്ങളിലെ ശുചീകരണ പ്രവർത്തനത്തിന് നേതൃത്വം നല്കുന്നതിന്റെ പരിശീലന പരിപാടിയിൽ അതുല്യ, ആൽബിൻ എന്നിവർ പങ്കെടുത്തു.

**വീ ഫോർ വയനാട് ക്ലീൻ വയനാട്:** വീ ഫോർ വയനാട് ക്ലീൻ വയനാട് ശുചീകരണയജ്ഞത്തിൽ മാറ്റൊലി ടീം പങ്കാളികളായി. ദ്വാരക ടൗൺ ശുചീകരിച്ചു.

**കരംപിടിച്ച് കരുതലോടെ:** പ്രളയാനന്തര വയനാടിനെ

വീണ്ടെടുക്കാനുള്ള ലക്ഷ്യത്തിനായി റേഡിയോ മാറ്റൊലി ആരംഭിച്ച കരം പിടിച്ച് കരുതലോടെ എന്ന പ്രക്ഷേപണ പരമ്പര ജില്ലാ കളക്ടർ എ.ആർ അജയകുമാർ ഉദ്ഘാടനം ചെയ്തു. അതിജീവന പാഠങ്ങൾ, ദുരിതബാധിതരുടെ മാനസിക പരിപോഷണം ലക്ഷ്യമിട്ട് കൗൺസിലിംഗ്, ചെറിയ മുതൽമുടക്കിൽ തുടങ്ങാവുന്ന ചെറുകിട സംരംഭങ്ങളെ പരിചയപ്പെടുത്തൽ, ആരോഗ്യബോധവത്കരണ പരിപാടികൾ ഉൾപ്പെടെ വ്യത്യസ്തമായ പരിപാടികൾ ഇതിൽ ഉൾപ്പെടുന്നു.

**അതിജീവനം:** UNICEF ന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള പ്രളയാനന്തര ബോധവത്കരണ പരിപാടി അതിജീവനം എന്ന പേരിൽ ആരംഭിച്ചു. തിങ്കൾ മുതൽ വെള്ളിവരെ വൈകിട്ട് 8.45 നും രാവിലെ 7 മണിക്കും പ്രോഗ്രാം പ്രക്ഷേപണം ചെയ്യും. അലീന ജോയിയാണ് നിർവ്വഹണം. ശുചിത്വം, മാനസികാരോഗ്യം, പുനരധിവാസം എന്നിവയുമായി ബന്ധപ്പെട്ട പരിപാടികൾ പ്രക്ഷേപണം ചെയ്യും. UNICEF ന്റെ പ്രതിനിധികളായ വിശാൽ വാസ്വാനി, ടിതാൽ പാർമാർ, നാഗേന്ദ്ര പ്രസാദ് സിംഗ് എന്നിവർ പ്രോജക്ടിനെക്കുറിച്ച് ചർച്ച ചെയ്യുകയും വേണ്ട നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

**പോഷൻ മാ:** കേന്ദ്ര സർക്കാരിന്റെ പോഷൻ അഭിയാൻ പദ്ധതിയുടെ ഭാഗമായി സെപ്റ്റംബർ മാസം റേഡിയോ മാറ്റൊലി പോഷകാഹാര പ്രചരണമാസമായി ആചരിച്ചു. ഇതിന്റെ ഭാഗമായി പോഷൻ മാ എന്ന പേരിൽ പ്രത്യേക പരിപാടികൾ പ്രക്ഷേപണം ചെയ്തു.

### പഠനശിബിരം

കൊട്ടിയൂർ IJMHSS ലെ വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിക്കുകയും അവർക്ക് ഫാ. മനോജ് കാക്കോനാലിന്റെ നേതൃത്വത്തിൽ ക്ലാസ്സും ട്രെയിനിംഗും നൽകുകയും ചെയ്തു.

സർഗൂർ ജനധ്വനി റേഡിയോയിൽ സെപ്റ്റംബർ 8 ന് ഫാ.മനോജ് കാക്കോനാൽ ടെക്നിക്കൽ ട്രെയിനിംഗ് നല്കി.

### റേഡിയോ പ്രക്ഷേപണങ്ങളിലൂടെ

**കളക്ടറുടെ ശബ്ദം:** സെപ്റ്റംബർ 7 ന് വൈകിട്ട് 7.15 മുതൽ 8.05 വരെ കളക്ടറുടെ ശബ്ദം തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. പ്രളയാനന്തര വയനാടിനെ വീണ്ടെടുക്കാനുള്ള ശ്രോതാക്കളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും സ്വീകരിക്കുന്നതിന് വേണ്ടിയാണ് ജില്ലാ കളക്ടർ എ.ആർ അജയകുമാറുമായുള്ള തത്സമയ പരിപാടി സംഘടിപ്പിച്ചത്. 18 ശ്രോതാക്കളാണ് പരിപാടിയിൽ പങ്കെടുത്തത്.

ശ്രോതാക്കൾ തങ്ങളുടെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും നിർദ്ദേശങ്ങളും പരിപാടിയിൽ പങ്കുവെച്ചു.

**തത്സമയ ഫോൺ ഇൻ:** കുട്ടികളിലെ ദന്തസംരക്ഷണം എന്ന വിഷയത്തിൽ ഓഗസ്റ്റ് 31 വെള്ളിയാഴ്ച ഒരു മണിക്കൂർ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. കുഞ്ഞുങ്ങളുടെ ദന്താരോഗ്യം എങ്ങനെ സംരക്ഷിക്കാം, ദന്തരോഗങ്ങൾ എങ്ങനെ തിരിച്ചറിയാം, അവയുടെ പരിഹാരമാർഗ്ഗങ്ങൾ ഇവയെകുറിച്ചെല്ലാമാണ് തത്സമയ പരിപാടിയിലൂടെ ഡോ.സനോജ് പി.ബി. മറുപടി നൽകിയത്.10 ശ്രോതാക്കൾ പരിപാടിയിൽ പങ്കെടുത്തു.

**ജനങ്ങൾക്കൊപ്പം:** തൊഴിൽ വകുപ്പിന്റെ വിവിധ നിയമങ്ങളേയും സഹായങ്ങളേയും പെൻഷനുകളേയും കുറിച്ചും തൊഴിൽ വകുപ്പിന്റെ വിവിധ നിയമങ്ങളും അത് എപ്രകാരമാണ് തൊഴിലാളികൾക്ക് പരിരക്ഷ ഉറപ്പാക്കുന്നത് എന്നതിനെകുറിച്ചും പരിപാടിയിൽ ഉൾപ്പെടുത്തി.

**നേരും പൊരുളും:** പ്രളയത്തിന് ശേഷം സ്വീകരിക്കേണ്ട കരുതലുകൾ, ദുരിതം കൂട്ടി സർഫാസി നിയമം, ആവർത്തിക്കുന്ന ഉരുൾപ്പൊട്ടലുകൾക്ക് പിന്നിലെന്ത്, നവകേരള സൃഷ്ടിയിൽ മുഖ്യമന്ത്രിയുടെ കാഴ്ചപ്പാടും കേരളത്തിലെ സാധ്യതകളും, രൂപയുടെ മൂല്യം ഇടിയുമ്പോൾ, വയനാടൻ ഭൂപ്രകൃതിയിലെ മാറ്റം എന്നീ വിഷയങ്ങളാണ് നേരും പൊരുളും പരിപാടിയിൽ അവലോകനം ചെയ്തത്.

**പ്രകാശം പരത്തുന്നവർ :** അധ്യാപകദിന വാരാചരണത്തോടനുബന്ധിച്ച് സെപ്റ്റംബർ 5 മുതൽ 11 വരെ ഒരാഴ്ച വിവിധ അധ്യാപകരെ പരിചയപ്പെടുത്തിക്കൊണ്ടുള്ള പരിപാടി പ്രക്ഷേപണം ചെയ്തു. ദേശീയ അധ്യാപക അവാർഡ് ജേതാവ് മൂലങ്കാവ് ഗവ.ഹയർസെക്കണ്ടറി സ്കൂൾ അധ്യാപകൻ സി.കെ ഹൈദ്രോസ്, സംസ്ഥാന അധ്യാപക അവാർഡ് ജേതാവ് മാനന്തവാടി വി.എച്ച്.എസ്.എസിലെ പ്രിൻസിപ്പാൾ അബ്ദുൾ അസീസ്, കല്ലോടി സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറിയിലെ എച്ച്.എം അന്നമ്മ മേഴ്സി ആന്റണി, ബത്തേരി അസംപ്ഷൻ സ്കൂൾ അധ്യാപകൻ ഷാജൻ സെബാസ്റ്റ്യൻ, ദ്വാരക എ.യു.പി.സ്കൂളിലെ റിട്ടയർഡ് അധ്യാപകൻ ഷാജി വർഗ്ഗീസ് എന്നിവർ പ്രോഗ്രാമിൽ പങ്കെടുത്തു.

**പാനൽ ചർച്ച:** വയനാട് അതിജീവനത്തിന്റെ പാതയിൽ എന്ന വിഷയത്തിൽ പാനൽചർച്ച സംഘടിപ്പിച്ചു. ഡെപ്യൂട്ടി കളക്ടർ മേഴ്സി ഇ. പി, മാനന്തവാടി തഹസിൽദാർ ഷാജു എൻ. ഐ, എടവക

പഞ്ചായത്ത് പ്രസിഡന്റ് ഉഷാ വിജയൻ, തൃശ്ശിലേരിയിലെ കർഷകൻ രാജേഷ് കൃഷ്ണ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. ഗുരുകുലം കോളേജ് പ്രിൻസിപ്പാൾ ഷാജൻ ജോസ് മോഡറേറ്റർ ആയിരുന്നു.

**മനസൗഖ്യ:** ടിക്സ് എന്ന രോഗാവസ്ഥയെകുറിച്ചും വെറ്റ് വെറ്റിംഗ്, എന്യൂറിസിസ് എന്നീ രോഗങ്ങളെക്കുറിച്ചും ചെന്ദലോട് ലൂയിസ് മൗണ്ട് മാനസികാരോഗ്യ കേന്ദ്രത്തിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റായ ഡോ.ലിൻജോ സി.ജെ. മനസൗഖ്യയിലൂടെ പങ്കുവെച്ചു.

**അരങ്ങ്:** ഡോണ റെജി, മാളവിക ഷാജി എന്നിവർ ആലപിച്ച ഗാനങ്ങളും യു.സി. മുഹമ്മദ്കുട്ടി പടിഞ്ഞാറത്തറ ആലപിച്ച ഓണപ്പാട്ടുകളുമാണ് അരങ്ങിൽ ഉൾപ്പെടുത്തിയത്

**ധന്യമീ ജീവിതം:** മേരി ഐമനച്ചിറ, ജോസഫ് പിലാപ്പിള്ളിൽ എന്നിവർ ധന്യമീ ജീവിതത്തിൽ അനുഭവങ്ങൾ പങ്കുവെച്ചു.

**പ്രത്യേക പരിപാടികൾ:** അതിജീവനത്തിന് കരുത്ത് പകർന്ന്, പുണ്യഭൂമിയിലേക്കൊരു തീർത്ഥയാത്ര, കനത്ത മഴയിൽ തകർന്ന തോണിച്ചാൽ റോഡിന്റെ ദുരവസ്ഥയും അധികൃതരുടെ ഇടപെടൽ ഉടൻ വേണമെന്ന നാട്ടുകാരുടെ ആവശ്യവും ഉൾപ്പെടുത്തിയ 'വൈകരുത് ഇനി ഒട്ടും' എന്ന പ്രത്യേക പരിപാടിയും വീ ഫോർ വയനാട്- മിഷൻ ക്ലീൻ വയനാട് എന്ന പേരിൽ നടന്ന ശുചീകരണ മഹായജ്ഞത്തെകുറിച്ചുള്ള പ്രത്യേക പരിപാടിയായ എന്റെ നാടിനായി കാപ്പി കർഷകർക്കായി കോഫി ബോർഡ് ആവിഷ്കരിച്ചിരിക്കുന്ന നാല് പുതിയ സബ്സിഡി സ്കീമുകളെകുറിച്ച് എക്സ്റ്റൻസ്ഷൻസ് ഡെപ്യൂട്ടി ഡയറക്ടർ ഡോ.എം.കറുത്തമണി വിശദീകരിക്കുന്ന കാപ്പി കർഷകർ അറിയേണ്ടത് എന്ന പ്രത്യേക പരിപാടി ഡോക്സി ഡേയെക്കുറിച്ച് എൻ.എച്ച്.എം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.അഭിലാഷുമായി നടത്തിയ അഭിമുഖം, മാനന്തവാടി നളന്ദ കോളേജ് പ്രിൻസിപ്പാൾ ജോമാസ്റ്ററുമായുള്ള അഭിമുഖം, ബത്തേരി ഡോൺ ബോസ്കോ കോളേജ് നടപ്പിലാക്കിയ പുനർജനി പദ്ധതിയെക്കുറിച്ചുള്ള പരിപാടി, നൂൽപ്പുഴ കുടുംബാരോഗ്യകേന്ദ്രത്തേക്കുറിച്ചുള്ള പരിപാടി സമർപ്പണത്തിനുള്ള അംഗീകാരം, സൗത്തിന്ത്യൻ കരാട്ടെ ചാമ്പ്യൻഷിപ്പിൽ സ്വർണമെഡൽ നേടിയ വിസ്മയ രവീന്ദ്രനുമായുള്ള അഭിമുഖം, കാലവർഷക്കെടുതികളെ അതിജീവിക്കുന്നതിനായി നല്ല നാളേയ്ക്കായി എന്ന പരിപാടി എന്നിവ പ്രക്ഷേപണം ചെയ്തു.

**ജീവിതവളയം:** ടാക്സി സർവ്വീസ് നടത്തുന്ന പ്രദോഷ്, മാനന്തവാടിയിൽ ജീപ്പ് രംഗത്ത് പ്രവർത്തിക്കുന്ന ജേക്കബ് എം.എ. എന്നിവരാണ് ജീവിതവളയത്തിന്റെ അതിഥിയായത്.

**ഓവർഡ്രൈവ്:** മാരുതി സുസുക്കിയുടെ മിഡ് സൈസ് ഡെസാൻ സിയാസിന്റെ പുതിയ പതിപ്പിനെക്കുറിച്ചും എസ്‌യുവി വാഹനങ്ങളുടേയും ക്രോസ് ഓവറുകളുടേയും ഘടനയിലും സവിശേഷതയിലും ഉള്ള വ്യത്യാസങ്ങളെകുറിച്ചും ഓവർഡ്രൈവ് ചർച്ച ചെയ്തു.

**പൊൻപുലരി:** മാനന്തവാടി മക്കിക്കൊല്ലിയിലുള്ള മരിയ സ്വാശ്രയ സംഘത്തെയാണ് പൊൻപുലരി പരിചയപ്പെടുത്തിയത്.

**ജാലകം:** ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് കളക്ടറേറ്റിൽ ചേർന്ന യോഗത്തിലെ വിവരങ്ങളാണ് സെപ്തംബർ ഒന്നിലെ ജാലകത്തിൽ ഉൾപ്പെടുത്തിയത്.

**ക്ഷീരവാണി:** പ്രളയാനന്തരം ക്ഷീരകർഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ക്ഷീരവകുപ്പ് നൽകുന്ന സേവനങ്ങൾ ഇവയെകുറിച്ച് കൽപ്പറ്റ ക്ഷീരവികസന ഓഫീസർ ഹർഷ വി.എസ്, പാലിന്റെ ഗുണമേന്മ നിർണ്ണയിക്കുന്ന വിവിധ കാര്യങ്ങളെകുറിച്ച് വയനാട് പ്രൊക്യൂർമെന്റ് ആന്റ് ഇൻപുട്ട് യൂണിറ്റ് തലവൻ കെ.ആർ. വാസുദേവൻ എന്നിവർ നൽകിയ വിവരങ്ങളാണ് ക്ഷീരവാണി പ്രക്ഷേപണം ചെയ്തത്.

**വയൽനാട്:** കീടനാശിനി തളിക്കാതെതന്നെ എങ്ങനെ പച്ചക്കറി കൃഷി ചെയ്യാം എന്നതിനെകുറിച്ച് വയൽനാട് പരിപാടിയിൽ അമ്പലവയൽ കെ.വി.കെ.യിലെ ഹോർട്ടികൾച്ചർ അസി.പ്രൊഫസർ ഡോ. സിമിയും കുരുമുളക് കർഷകർ ഇന്ന് നേരിടുന്ന വലിയ പ്രതിസന്ധിയായ ദ്രുതവാട്ടം എന്ന രോഗത്തെകുറിച്ചും നിയന്ത്രണ മാർഗ്ഗങ്ങളെകുറിച്ചും കുറ്റികുരുമുളക് കൃഷിയുടെ സാധ്യതകളും കൃഷി ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും സി.എസ്. അമ്പലവയൽ സീനിയർ അഗ്രികൾച്ചർ ഓഫീസർ കെ.മമ്മൂട്ടിയും പങ്കുവെച്ചു. കൂടാതെ കൃഷി ചെയ്യുമ്പോൾ മണ്ണ് പരിശോധിക്കേണ്ടതിന്റെ ആവശ്യകത, സെപ്തംബർ മാസം കുരുമുളക് കൃഷിയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളും വയൽനാട് പരിപാടിയിലൂടെ പങ്കുവെച്ചു.

**എഴുത്തരങ്ങ്:** ബോധിയുടെ ഡിസംബർ എന്ന ചെറുകഥയും ജിത്തു തമ്പുരാന്റെ ഇടവപ്പാതി, അപർണ്ണയുടെ നിഷേധി എന്നീ കവിതകളുമാണ് എഴുത്തരങ്ങ് പ്രക്ഷേപണം ചെയ്തത്.

**ഹോമിയോകെയർ:** ലഹരി വിമുക്ത ചികിത്സയെ കുറിച്ച് ഡോ.മുഹമ്മദ് തസ്നീം, പ്രളയബാധിത പ്രദേശങ്ങളിൽ ഹോമിയോ ഡിപ്പാർട്ട്മെന്റ്

നടത്തുന്ന സേവനങ്ങളെക്കുറിച്ച് തിരുനെല്ലി ഹോമിയോ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസർ ഡോ. ബീന ജോസ് എന്നിവർ പങ്കുവെച്ചു.

**ആയുർകെയർ:** ഡെങ്കിപ്പനിയുടെ ലക്ഷണങ്ങൾ, ചികിത്സ, പ്രളയത്തിന് ശേഷമുള്ള ആരോഗ്യപരിപാലനം ആയുർവേദത്തിലൂടെ എന്ന വിഷയം തിരുനെല്ലി ഗവ.ആയുർവേദ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസർ ഡോ.ഷിദ തോമസും നടുവേദനയ്ക്ക് ആയൂർവേദത്തിലൂടെയുള്ള ആരോഗ്യ പരിപാലനത്തെകുറിച്ച് മാനന്തവാടി പ്രാണ ആയുർവേദിക് ക്ലിനിക്കിലെ ഫിസിഷ്യൻ ഡോ.ലിഷിത സുജിത്തും പങ്കുവെച്ചു.

**പ്രകാശഗോപുരങ്ങൾ:** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നല്കുന്നതിനായി വയനാട് കാരുണ്യയാത്ര എന്ന പേരിൽ ജില്ലയിലെ സ്വകാര്യബസ്സ് സർവ്വീസ് നടത്തിയതിനെക്കുറിച്ചാണ് പ്രകാശ ഗോപുരങ്ങൾ എന്ന പരിപാടിയിൽ ഉൾപ്പെടുത്തിയത്.

**കുടുംബവേദി:** പ്രകൃതി എന്ന ഗുരുനാഥൻ എന്ന വിഷയമാണ് കുടുംബവേദി പങ്കുവെച്ചത്.

**മാറ്റൊലി ടാക്കീസ്:** ഭൂമിയിലെ മാലാഖ, സ്ഥാനാർഥി സാറാമ്മ, വധു ഡോക്ടറാണ് എന്നീ ചലചിത്രങ്ങളുടെ ശബ്ദരേഖ പ്രക്ഷേപണം ചെയ്തു.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

**ഇവാലുവേഷൻ, സെമിനാർ**

14-09-2018 ന് ഡയറക്ടർ ബഹു.ഫാ. ബിനോയി കാശാംകുറ്റിയുടെ അദ്ധ്യക്ഷതയിൽ NDS ഇവാലുവേഷൻ മീറ്റിംഗ് നടന്നു. NDS കാനറാബാങ്ക് റൂറൽ ഡവലപ്പ്മെന്റ് പ്രോഗ്രാം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. കാനറാബാങ്കിന്റെ നേതൃത്വത്തിലുള്ള വിവിധ തൊഴിൽ മേഖലകളെകുറിച്ചുള്ള ട്രെയിനിംഗ് അരുൾനിലയം പള്ളിയിൽ വെച്ച് നടത്തി. ഈ മീറ്റിംഗിൽ 40 അംഗങ്ങൾ പങ്കെടുത്തു. വിവിധ യൂണിറ്റുകളിൽ നിന്നും, NDS ന്റെ നേതൃത്വത്തിലും, പൊതുവായും ദുരിതാശ്വാസഫണ്ട് ശേഖരിച്ച് കേരളത്തിലെ പ്രളയബാധിത മേഖലകളെ സഹായിക്കുവാനായി തീരുമാനിച്ചു.

05-09-2018 ന് കൽപ്ര യൂണിറ്റിൽ നടന്ന ഇവാലുവേഷന് NDS കോർഡിനേറ്റർ ശ്രീ. അനിൽ പങ്കെടുക്കുകയും സുഗമമായ നടത്തിപ്പിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**സംസ്ഥാന കൃഷിവകുപ്പുമായി കൈകോർത്ത്**

കഫേ അംഗങ്ങളായ ജൈവകർഷകർക്കായി കഫെ കോഡിനേറ്ററിന്റെ നേതൃത്വത്തിൽ നടത്തിയ സെമിനാറിൽ പഞ്ചായത്ത് ലീഡർ ശ്രീ. രാജൻ മൂഞ്ഞേലിൽ സ്വാഗതം ആശംസിക്കുകയും കഫെ ചെയർമാൻ ഫാ.ബിജു കോയിക്കാട്ടിൽ സെമിനാർ ഉദ്ഘാടനം നടത്തുകയും ചെയ്തു. യോഗത്തിൽ കയ്യൂന്നി ഇടവക അസി. വികാരി ഫാ. ജിബിൻ അദ്ധ്യക്ഷത വഹിച്ചു. ബയോവിൻ ICS കോർഡിനേറ്റർ ശ്രീ. റോണി, ഓർഗാനിക്, ഫെയർട്രേഡ് മാനദണ്ഡം എന്നീ വിഷയങ്ങളിൽ ക്ലാസുകൾ എടുത്തു. കഫേ കോഡിനേറ്റർ നന്ദിപറയുകയും ചെയ്തു. പ്രസ്തുത മീറ്റിംഗിൽ 104 കർഷകർ പങ്കെടുത്തു.

**പുതിയ ജൈവകർഷകർ**

ശ്രീമധുര പഞ്ചായത്തിൽനിന്നും 150 ഓളം പുതിയ അംഗങ്ങൾ ജൈവകർഷകരായി NDS ബയോവിൻ ജൈവകൃഷി പ്രോഗ്രാമിൽ രജിസ്റ്റർ ചെയ്തു.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS Gudalur

## MARY MATHA ARTS & SCIENCE COLLEGE

After the unprecedented floods and disruption of academic activities, the college reopened in the last week of August 2018. Despite the busy academic schedule, it was also necessary to carry on with the relief and rehabilitation work. As directed by the Government, a collection drive was held to raise fund for the Chief Minister's Distress Relief Fund. In addition, all our resources were diverted to the Flood Relief and Rehabilitation work started already by our NCC Cadets, NSS Volunteers and the AICUF Unit.

The Commanding Officer of the NCC, Colonel Eldy P Elias, visited the college to encourage and support the activities of the NCC cadets. He conducted a class on Disaster Management on the occasion. The College Union Election was conducted in the first week of September 2018. In the Kannur University Intercollegiate Table Tennis competitions, our Women's Team became the champions and the Men's Team became the Runners-up.

**Dr Savio James**
Principal

**കുട്ടികളെ ആദരിച്ചു**

തരിയോട് സെന്റ് മേരീസ് റീജിയണിലെ ദീപിക വരിക്കാരുടെ മക്കളിൽ കഴിഞ്ഞ എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും A+ നേടിയ വിദ്യാർത്ഥികളെ ഡി.എഫ്.സിയുടെ നേതൃത്വത്തിൽ ആദരിച്ചു. ഡി.എഫ്.സി. മാനന്തവാടി സോൺ ഡയറക്ടർ ഫാ. സുനിൽ വട്ടുകുന്നേൽ കുട്ടികൾക്ക് മെമന്റോ നൽകി ആദരിച്ചു. ഡി.എഫ്.സി. റീജണൽ പ്രസിഡണ്ട് സണ്ണി മുത്തങ്ങാപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. എബ്രഹാം കറുത്തേടത്ത് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. റീജിയണൽ സെക്രട്ടറി ജോസ് മലയിൽ സ്വാഗതവും തോമസ് കിഴക്കേടത്ത് നന്ദിയും പറഞ്ഞു.

**ദുരിതാശ്വാസം അവശ്യവസ്തുക്കൾ വിതരണം ചെയ്തു**

പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഡി.എഫ്.സിയുടെ നേതൃത്വത്തിൽ അവശ്യവസ്തുക്കളടങ്ങിയ കിറ്റുകൾ വിതരണം ചെയ്തു. സോൺതല ഉദ്ഘാടനം പയ്യംപള്ളി സെന്റ് കാതറൈൻസ് ചർച്ച് ഹാളിൽ വൈസ് പ്രസിഡണ്ട് ഇ.എം. ജോസഫിന് കിറ്റ് കൈമാറി ഡയറക്ടർ ഫാ. സുനിൽ വട്ടുകുന്നേൽ നിർവഹിച്ചു. സെന്റ് കാതറൈൻസ് ഫൊറോനപള്ളി അസിസ്റ്റന്റ് വികാരി ഫാ. ഷിജോ വേനക്കുഴിയിൽ, ജോസ് കുടക്കച്ചിറ, സാലു മൂലമറ്റം, ജോൺ ഇളയിടത്ത്, ജോണി മേമടത്തിൽ എന്നിവർ പങ്കെടുത്തു.

**ടെലിക്വിസ്**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ ആഭിമുഖ്യത്തിൽ ദീപിക ഫ്രണ്ട്സ് ക്ലബ്ബുമായി സഹകരിച്ച് വിജ്ഞാന ദീപിക ടെലിക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ദീപിക പത്രത്തിലെ വാർത്തകൾ, ലേഖനങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ് ക്വിസ് മത്സരം. ഓരോ മാസവും അവസാനത്തെ ഞായറാഴ്ച ഉച്ചകഴിഞ്ഞ് മൂന്ന് മണി മുതൽ നാല് മണി വരെയാണ് മത്സര സമയം. ഒന്നാം തീയതി മുതൽ മത്സര തലേന്നു വരെയുള്ള ദീപിക പത്രങ്ങളിൽ നിന്നുള്ള ചോദ്യങ്ങളാണ് ക്വിസിൽ ഉൾപ്പെടുത്തുക. അഞ്ചു ചോദ്യങ്ങൾക്ക് ശരിയുത്തരം നൽകുന്നവർക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതാണ്. 2019

ജനുവരി മാസം വരെയുള്ള മത്സരങ്ങളിൽ പങ്കെടുത്ത് കൂടുതൽ പോയിന്റ് ലഭിക്കുന്നവരെ ഉൾപ്പെടുത്തി മെഗാക്വിസ് മത്സരവും നടത്തും. വിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ 04935-241017. മത്സരത്തിൽ പങ്കെടുക്കുന്നവർ മാനന്തവാടി രൂപതയിൽ ഉള്ളവരായിരിക്കണം.

**താമരശ്ശേരി, കോഴിക്കോട്, മാനന്തവാടി സോൺ സംഗമം**

ദീപിക ഫ്രണ്ട്സ് ക്ലബ്ബ് കോഴിക്കോട്, താമരശ്ശേരി, മാനന്തവാടി സോൺ സംയുക്ത നേതൃസംഗമം കോഴിക്കോട് പി.എം.ഒ.സി യിൽ നടന്നു. കോഴിക്കോട് ബിഷപ്പ് ഡോ. വർഗ്ഗീസ് ചക്കാലയ്ക്കൽ ഉദ്ഘാടനം ചെയ്തു. മോൺ. ഡോ. ആന്റണി കൊഴുവനാൽ അദ്ധ്യക്ഷത വഹിച്ചു. ദീപിക കോഴിക്കോട് റസിഡന്റ് മാനേജർ റവ. ഫാ. സായി പാറൻകുളങ്ങര സ്വാഗതം പറഞ്ഞു.

കോഴിക്കോട് സോൺ ഡയറക്ടർ റവ. ഫാ. അലോഷ്യസ് കുളങ്ങര, താമരശ്ശേരി സോൺ ഡയറക്ടർ റവ. ഫാ. അരുൺ വടക്കേൽ, മാനന്തവാടി സോൺ ഡയറക്ടർ റവ. ഫാ. സുനിൽ വട്ടുകുന്നേൽ, സണ്ണി മുത്തങ്ങാപറമ്പിൽ എന്നിവർ പ്രസംഗിച്ചു. ക്ലാസ്സുകൾക്ക് ഡി.എഫ്.സി. സംസ്ഥാന ജോയിന്റ് ഡയറക്ടർ റവ. ഫാ. ജിനോ പുന്നമറ്റം നേതൃത്വം നൽകി.

മാനന്തവാടി രൂപതയിൽ നിന്ന് നടവയൽ, പയ്യമ്പള്ളി, തരിയോട്, മാനന്തവാടി, കല്ലോടി, മണിമൂളി റീജിയണുകളിൽ നിന്നും 25 അംഗങ്ങൾ പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും നന്ദി.

**ഫ്രാൻസീസ് പള്ളിയ്ക്കമ്യാലിൽ**
ഡി.എഫ്.സി. രൂപത സെക്രട്ടറി

**ക്രിസ്തുദാസി സമൂഹത്തിന്റെ ജനറലേറ്റ് മാനന്തവാടി രൂപതയിലെ തോണിച്ചാൽ ഇടവകയിൽ നിന്നും താമരശ്ശേരി രൂപതയിലേക്ക് മാറ്റിസ്ഥാപിച്ചുകൊണ്ടുള്ള ഡിക്രി**


SOCIETY OF KRISTU DASIS (S.K.D.)

*Kristu Dasi Generalate, Thonichal,*
*Nalloornad P. O., Mananthavady - 670 645*
*Wayanad Dt., Kerala, India, Ph : 04935 - 240491, 244345*
*E-mail : skdgeneralatemdy@gmail.com*


Prot. No.GEN/ 2018/134 October 1, 2018

**ക്രിസ്തുദാസി സമൂഹത്തിന്റെ ജനറലേറ്റ് മാനന്തവാടി രൂപതയിൽ നിന്നും താമരശ്ശേരി രൂപതയിലേക്ക് മാറ്റിസ്ഥാപിച്ചുകൊണ്ടുള്ള ഡിക്രി**

ക്രിസ്തുദാസി സമൂഹത്തിന്റെ സിസ്റ്റർ ജനറൽ, സി. ആലീസ് എസ്.കെ.ഡി. ക്രിസ്തുദാസി സമൂഹത്തിന്റെ ജനറലേറ്റ് മാനന്തവാടി രൂപതയിൽ നിന്നും താമരശ്ശേരി രൂപതയിലേക്ക് മാറ്റി സ്ഥാപിച്ചുകൊണ്ടുള്ള ഡിക്രി.

1973 മാർച്ച് 1 ന് സ്ഥാപിതമായ മാനന്തവാടി രൂപതയുടെ പ്രഥമ മെത്രാനായ അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ് തന്റെ അജപാലന സംരക്ഷണത്തിനായി ഭരമേൽപ്പിക്കപ്പെട്ട അജഗണങ്ങളിൽ 'ക്രിസ്തു രൂപപ്പെടുന്നതിന്' (Gal.4:9) ഈ പ്രദേശത്തുള്ള കുടിയേറ്റ ജനതയ്ക്ക് സമർപ്പണബോധത്തോടെ എളിയ സേവനം ചെയ്യുന്ന ഒരു സന്യാസിനി സമൂഹം അനിവാര്യമാണെന്ന് മനസ്സിലാക്കി ഒരു ഭക്ത കൂട്ടായ്മയായി ക്രിസ്തുദാസി സമൂഹം 1977 മെയ് 19- ന് സ്ഥാപിച്ചു. 1977 നവംബർ 1- ന് ഈ ഭക്തകൂട്ടായ്മയെ ക്രിസ്തുദാസി സമൂഹം എന്ന് നാമകരണം ചെയ്യുകയും 'ഇതാ കർത്താവിന്റെ ദാസി' എന്ന പരിശുദ്ധ മറിയത്തിന്റെ പ്രത്യഭിവാദനം സമൂഹത്തിന്റെ ആപ്തവാക്യമായും ക്രിസ്തുവിനോടുള്ള ദാസ്യം സിദ്ധിയായും സ്വീകരിച്ചു. ഈ സമൂഹത്തെ 1986 സെപ്റ്റംബർ 8- ാം തീയതി പൗരസ്ത്യ സഭകൾക്കായുള്ള വത്തിക്കാൻ കാര്യാലയം (Prot.No.55/86, ഓഗസ്റ്റ് 6, 1986) രൂപതാ പദവിയിലുള്ള സന്യാസസമൂഹമായി അംഗീകരിച്ചു. വളർച്ചയുടെ പാതകൾ പിന്നിട്ട ഈ സമൂഹത്തെ അന്നത്തെ സിസ്റ്റർ ജനറൽ തന്റെ കൗൺസിലിന്റെ സമ്മതത്തോടെ ആവശ്യപ്പെട്ട പ്രകാരം (Prot.No.186/2006, മാർച്ച് 25, 2006) 2006 മാർച്ച് 25 ന് സീറോ- മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ ശ്രേഷ്ഠമെത്രാപ്പോലീത്തൻ പദവി നൽകി അംഗീകരിച്ചു.

1977 മെയ് 19- ന് മാനന്തവാടി രൂപതയിലെ നെടുമ്പോയിലുള്ള സെമിനാരി വില്ലയിലെ ഭവനത്തിൽ 18 അർത്ഥിനികളുമായി ആരംഭം കുറിച്ച ഈ സമൂഹത്തിന് ഇന്ന് 74 ഭവനങ്ങളും 318 അംഗങ്ങളും, 20 അർത്ഥിനികളും ഉണ്ട്. ഇന്ത്യയിലും വിദേശ ത്തുമായി 14 രൂപതകളിൽ ഈ സമൂഹത്തിലെ അംഗങ്ങൾ അജപാലന ശുശ്രൂഷ കൾ ചെയ്തു വരുന്നു.

1986 ഒക്ടോബർ 29 ന് ക്രിസ്തുദാസി സമൂഹത്തിന്റെ ജനറലേറ്റ് മാനന്ത വാടി രൂപതയിലെ തോണിച്ചാൽ ഇടവകയിൽ സ്ഥാപിതമായി. അംഗങ്ങളുടെ യാത്രാ സൗകര്യങ്ങൾ, ആരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയ പ്രായോഗിക ബുദ്ധിമുട്ടുകളും ഭരണ പരമായ സൗകര്യങ്ങളും പരിഗണിച്ച് ജനറലേറ്റ് ഭവനം കോഴിക്കോടേക്ക് മാറ്റുന്നതു മായി ബന്ധപ്പെട്ട ചിന്തകളും, ചർച്ചകളും 2012-ൽ ആരംഭിച്ചു. 2015 ഏപ്രിൽ 22 മുതൽ 28 വരെ തോണിച്ചാൽ ക്രിസ്തുദാസി ജനറലേറ്റിൽ നടന്ന ജനറൽ സിനാക്സി സിൽ ഈ വിഷയം ചർച്ച ചെയ്തെങ്കിലും കൂടുതൽ പഠനത്തിനും, പ്രാർത്ഥനാ പൂർവ്വ മായ വിചിന്തനത്തിനുമായി തുടർന്നു വരുന്ന സിനാക്സിസിലേക്ക് മാറ്റിവെക്കുകയും 2018 ഏപ്രിൽ 18 മുതൽ 27 വരെ ക്രിസ്തുദാസി ജനറലേറ്റിൽ നടന്ന ജനറൽ സിനാക്സി സിൽ ഈ വിഷയം ചർച്ച ചെയ്യുകയും ചെയ്തു.

താമരശ്ശേരി രൂപതയുടെ കീഴിൽ കോഴിക്കോട് നേതാജി നഗറിലെ ക്രിസ്തു ദാസി ഭവനത്തിലേക്ക് ജനറലേറ്റ് മാറ്റുവാൻ പ്രസ്തുത ജനറൽ സിനാക്സിസ് ഐക്യ കണ്ഠേന തീരുമാനിച്ചു. ഇപ്പോൾ ജനറലേറ്റ് സ്ഥിതി ചെയ്യുന്ന രൂപതയുടെ അദ്ധ്യ ക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവിന്റെയും (Prot.No.21103/2018, June 22, 2018) ജനറലേറ്റ് മാറ്റി സ്ഥാപിക്കപ്പെടേണ്ട രൂപതയുടെ അദ്ധ്യക്ഷൻ മാർ റെമീജി യൂസ് ഇഞ്ചനാനിയിൽ പിതാവിന്റെയും (B47/01/137/18, May 12, 2018), അംഗീ കാരം ലഭിച്ച ഈ തീരുമാനത്തിന് സീറോ-മലബാർ മേജർ ആർച്ച് ബിഷപ്പ് കർദ്ദി നാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് ജനറലേറ്റ് മാറ്റി സ്ഥാപിക്കുന്നതിനുള്ള അംഗീകാരവും അനുവാദവും നൽകി (Prot.No.0693/2018, July 4, 2018).

ക്രിസ്തുദാസി സമൂഹത്തിന്റെ സിസ്റ്റർ ജനറൽ എന്ന നിലയിൽ എനിക്കുള്ള അധികാരം ഉപയോഗിച്ച് കോഴിക്കോട് നേതാജി നഗറിൽ ഹോം ഓഫ് ലൗവ് എന്ന സ്ഥാപനം പ്രവർത്തിക്കുന്ന ക്രിസ്തുദാസി ഭവനത്തിലേക്ക് 2018 ഒക്ടോബർ 23-ാം തീയതി മുതൽ ജനറലേറ്റ് മാറ്റി സ്ഥാപിക്കുന്നു. അന്നുമുതൽ നിയമപ്രകാരമുള്ള എല്ലാ അവകാശങ്ങളും, അധികാരങ്ങളും, കടമകളും ഈ ജനറലേറ്റിന് ഉണ്ടായിരിക്കുന്ന താണ്. ക്രിസ്തുദാസി ജനറലേറ്റ്, കോഴിക്കോട് എന്നതായിരിക്കും ഔദ്യോഗിക നാമം. ഇനി മുതൽ ക്രിസ്തുദാസി സമൂഹത്തിന്റെ ജനറൽ തലത്തിലുള്ള ഭരണപരമായ എല്ലാ കാര്യങ്ങളുടെയും കേന്ദ്രം ഈ ഭവനമായിരിക്കും. ജനറലേറ്റ് സ്ഥാപിക്കപ്പെടുന്ന കെട്ടിട ത്തിന്റെ അവകാശ അധികാരങ്ങളും മറ്റ് വ്യവസ്ഥകളും ഈ ഡിക്രിയുടെ അനുബന്ധ മായി ചേർത്തിരിക്കുന്നു.

സീറോമലബാർ സഭയുടെ പിതാവും തലവനുമായ ശ്രേഷ്ഠമെത്രാപ്പോലീത്ത മാർ ജോർജ്ജ് ആലഞ്ചേരി പിതാവിനോടുള്ള കടപ്പാട് ഇവിടെ രേഖപ്പെടുത്തുന്നു. ക്രിസ്തുദാസി സമൂഹത്തിന്റെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ച എല്ലാവരേയും

വളരെ പ്രത്യേകമായി സമൂഹത്തിന്റെ സ്ഥാപകൻ മാർ ജോക്കബ് തൂങ്കുഴി പിതാവിനെയും, മാനന്തവാടി രൂപതയുടെ ദ്വിതീയ മെത്രാൻ മാർ ഇമ്മാനുവൽ പോത്തനാമുഴി പിതാവിനെയും, മാർ ജോസ് പൊരുന്നേടം പിതാവിനെയും, ജനറലേറ്റ് മാറ്റി സ്ഥാപിക്കപ്പെടുന്ന രൂപതയിലെ മെത്രാൻ മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ പിതാവിനെയും ക്രിസ്തുദാസി സഹോദരിമാർ സേവനം ചെയ്തുകൊണ്ടിരിക്കുന്ന രൂപതകളിലെ മെത്രാന്മാരെയും, ക്രിസ്തുദാസി സമൂഹത്തിന്റെ ജനറൽമാരായിരുന്ന എല്ലാ സഹോദരിമാരെയും, എല്ലാ ഡയറക്ടർ അച്ചന്മാരെയും ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു. അതുപോലെതന്നെ ക്രിസ്തുദാസി സമൂഹത്തിന്റെ സ്ഥാപനം മുതൽ ഇതിന്റെ വളർച്ചയിൽ സഹായിക്കുകയും സഹകരിക്കുകയും ചെയ്ത മാനന്തവാടി രൂപതയുടെ ബഹുമാനപ്പെട്ട ജനറാളച്ചന്മാരെയും, മാനന്തവാടി രൂപതയിലെയും മറ്റ് രൂപതകളിലെയും എല്ലാ വിശ്വാസിഗണത്തെയും, ഉപകാരികളെയും തോണിച്ചാൽ ഇടവകാ സമൂഹത്തെയും നന്ദിയോടെ അനുസ്മരിക്കുന്നു.

ജനറലേറ്റ് മാറ്റി സ്ഥാപിക്കപ്പെടുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കുവാൻ സർവ്വശക്തനായ ദൈവം പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം വഴി ക്രിസ്തുദാസി സമൂഹത്തെ അനുഗ്രിക്കട്ടെ.

ഈ ഡിക്രിക്ക് രണ്ട് അസലും ഏഴ് പകർപ്പുകളും ഉണ്ട്. അസൽ കോഴിക്കോട് ക്രിസ്തുദാസി ജനറലേറ്റിന്റെ രേഖാലയത്തിലും, തോണിച്ചാൽ റീജനൽ ഹൗസിലും, പകർപ്പുകൾ യഥാക്രമം കാക്കനാട് മേജർ ആർക്കി എപ്പിസ്കോപ്പൽ രേഖാലയം, മാനന്തവാടി രൂപതാ രേഖാലയം, താമരശ്ശേരി രൂപതാ രേഖാലയം, ക്രിസ്തുദാസി സമൂഹസ്ഥാപകൻ ആർച്ച് ബിഷപ്പ് ജേക്കബ് തൂങ്കുഴി പിതാവിന്റെ രേഖാലയം, ക്രിസ്തുദാസി ഭവനങ്ങളുള്ള രൂപതകളിലെ രേഖാലയങ്ങൾ, തോണിച്ചാൽ സെന്റ് സെബാസ്റ്റ്യൻസ് ഇടവക രേഖാലയം, ചേവായൂർ നിത്യസഹായ മാതാ ഇടവക രേഖാലയം എന്നിവിടങ്ങളിൽ സൂക്ഷിച്ചിരിക്കുന്നു.
ഈ ഡിക്രിക്ക് വിരുദ്ധമായ യാതൊന്നും നിലനിൽക്കുന്നതല്ല.

ക്രിസ്തുദാസി സമൂഹത്തിന്റെ തോണിച്ചാലിലുള്ള ജനറലേറ്റിൽ നിന്നും 2018 ഒക്ടോബർ മാസം 1-ാം തീയതി നൽകപ്പെട്ടത്.

SOCIETY OF KRISTUDASIS
SISTER GENERAL
THONICHAL, NALLOORNAD P.O, MANANTHAVADY - 670645

Sr. Alice SKD
സി. ആലീസ് എസ്.കെ.ഡി.
സിസ്റ്റർ ജനറൽ

# Pastoral Centre Programme



**October 2018**

| | | |
|---|---|---|
| 1-4 | - | Marriage Preparation course |
| 6 | - | Zion CRC |
| 12 | - | Department of Youth Ministry |
| 13 | - | Department of Youth Ministry |
| | - | Counseling |
| | - | CML |
| 15 | - | Marian Singles |
| 18-21 | - | Youth Convention (St. Patrick's School) |
| 21 -25 | - | Zion Retreat |
| 26- 29 | - | Marriage Preparation Course |

**Fr. Paul Vazhappilly**
Director, Pastoral Centre

## Bishop's Programme



***October 2018***

| | | |
|---|---|---|
| *01 Mon* | *..................* | *Malom* |
| *02 Tue* | *..................* | *Engaged* |
| *03 Wed* | *..................* | *Valavayal : Meeting of Marthoma Priests* |
| *04 Thu* | *..................* | *Mary Matha College : Excellence Day and Blessing of the New Building* |
| *05 Fri* | *..................* | *Out of Station* |
| *06 Sat* | *..................* | *Engaged* |
| *07 Sun* | *Morning.....* | *Bospara: Louis memorial Day* |
| | *Afternoon.......* | *Gudallur: Foundation Stone laying for the Regional Centre of NDS* |
| *08 Mon* | *..................* | *Visitor's Day* |
| *09 Tue 10 Wed* | *.........* | *Out of Station* |
| *11 Thu* | *..................* | *Kottagiri: Blessing of Holy Spirit Convent* |
| *12 Fri* | *..................* | *Out of Station* |
| *13 Sat* | *..................* | *Dwaraka: Angel's Meet* |
| *15 Mon* | *..................* | *Mahe: Holy Mass* |
| *16 Tue* | *..................* | *Thonichal: SKD Generalate* |
| *17 Wed* | *..................* | *Visitor's Day* |
| *18 Thu 21 Sun* | *.........* | *Youth Convention* |
| *22 Mon* | *..................* | *Chevarambalam: Blessing of SKD Generalate* |
| *24 Wed* | *..................* | *Kartikulam: Divine Providence Seminary* |
| *25 Thu* | *..................* | *Thenery: Kalpetta Mekhala Mothers Association Anniversary* |

26 Fri ..................... *Kakkanad*
27 Sat .................... *Kenichira: Seminar on Safe Environment Programme for Minors and Vulnerable adults*
28 Sun .................. *Pastoral Visit: Puthiyidomkunnu*
29 Mon ................. *Bathery: Vestition MSMI Sisters*
30 Tue .................... *Ruby Nagar: Blessing of CMC Convent*
31 Wed ................. *Vestition: FCC Sisters*

***November 2018***

01 Thu .................. *Engaged*
02 Fri ..................... *Out of Station*
03 Sat ..................... *Engaged*
04 Sun ................... *Mount Mary College: Benefactor's Day*
05 Mon 06 Tue ........ *Kannur: North Kerala Bishop's Meeting*
07 Wed ................. *Engaged*
09 Fri .................... *Out of Station*
10 Sat .................... *Dwaraka: Pastoral Council*
11 Sun ................... *Pulpally: Pastoral Visit*
12 Mon ................. *Visitor's Day*
13 Tue .................. *Deacon's Parents Meet*
14 Wed ................. *Bishop's House: Presbyteral Council*
15 Thu ................. *Engaged*
16 Fri .................... *Out of Station*
17 Sat .................... *Chungakkunnu: Jubilee of Camillus Sisters*
18 Sun .................... *Pastoral Visit*
20 Tue 24 Sat .......... *Out of Station*
26 Mon ................. *Divine Providence seminary: Parent's Meet*
28 Wed ................. *Deepthi Bhavan: FCC Sisters Synaxis*
30 Fri .................... *Out of Station*